015-011

കേരള സർക്കാർ

# ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സിൻെറ ഭരണറിപ്പോർട്ട്

## 1977—78

എറണാകുളം ഗവൺമെൻറ് പ്രസ്സിൽനിന്നും ഗവൺമെൻറ്
പ്രസ്സുകളുടെ സൂപ്രണ്ടിനാൽ അച്ചടിപ്പിക്കപ്പെട്ടത്
1981

015-011

# ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സിൻെറ ഭരണ റിപ്പോർട്ട്
# 1977-78

68/161—1

©
കേരള സർക്കാർ
1981

## പ്ലാനിംഗ് ആൻറ് എക്കണോമിക് അഫയേഴ്സ് (ബി) ഡിപ്പാർട്ട്മെൻറ്

ജി. ഒ. (ആർ. റ്റി.) 348/79/പ്ലാനിംഗ് — തീയതി 28-7-1979.

സംഗ്രഹം.—ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്—1977-78-ലെ ഭരണ റിപ്പോർട്ട്—പ്രത്യവലോകനം ചെയ്തു.

പരാമർശം.—28-4-1979-ലെ പി. എ. 5/18000/78/ഇ. എസ്.ഡി. എന്ന നമ്പരിൽ ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ അയച്ച കത്ത്.

### ഉത്തരവ്

1. രേഖപ്പെടുത്തി.

2. റിപ്പോർട്ടു വർഷത്തിൽ 30-6-1977-ൽ ശ്രീ. എൻ. ഗോപാലകൃഷ്ണൻ നായർ സർവ്വീസിൽനിന്ന് പെൻഷൻപറ്റി പിരിയുന്നതുവരെ ഡയറക്ടറായി തുടർന്നു. അതിനുശേഷം റിപ്പോർട്ടു വർഷാവസാനംവരെ അഡീഷണൽ ഡയറക്ടർ ഡോ. പി. എ. നായർ ഡയറക്ടരുടെ പരിപൂർണ്ണ ചുമതല വഹിച്ചുപോന്നു.

3. ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് സാമ്പത്തികസ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ചിടത്തോളം അവയുടെ സ്വരൂപിക്കൽ, ക്രമീകരിക്കൽ, അപഗ്രഥനം എന്നീ മേഖലകളിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന മുഖ്യ ഘടകമായി പ്രവർത്തിക്കുന്നു. കൂടാതെ സാമ്പത്തികസ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ചുള്ള പരാമർശങ്ങൾക്ക് തികച്ചും ഒരു ഉപദേശഘടകമായി പ്രവർത്തിച്ചു വരുന്നു.

4. കേരളത്തിലെ കാർഷികസ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിന് ഒരു ഏജൻസി സ്ഥാപിക്കൽ എന്ന പദ്ധതി റിപ്പോർട്ടു വർഷവും തുടർന്നു. വിവിധ വിളവുകൾ കൃഷി ചെയ്യുന്ന സ്ഥലത്തിൻെറ വിസ്തീർണ്ണം തിട്ടപ്പെടുത്തുക, ജലസേചനം ലഭിക്കുന്ന സ്ഥലത്തിൻെറ വിസ്തീർണ്ണം നിർണ്ണയിക്കുക, പ്രധാന കാർഷിക വിളവുകളുടെ ഉൽപാദനം അത്യുൽപാദനശേഷിയുള്ള നെൽകൃഷി ചെയ്യുന്ന സ്ഥലത്തിൻെറ വിസ്തീർണ്ണം എന്നിവയുടെ മതിപ്പു തയ്യാറാക്കുക, ഇവയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. 1976-77-ൽ ഈ സർവ്വേ നടത്തുന്നതിനുവേണ്ടി തിരഞ്ഞെടുത്ത 200 വില്ലേജുകളിലെ ഫീൽഡ്‌വർക്ക് പൂർത്തിയാക്കുകയും അതിൽനിന്നും ലഭിച്ച വിവരങ്ങളെ അപഗ്രഥിക്കുകയും ചെയ്തു. 1977-78-ൽ തിരഞ്ഞെടുക്കപ്പെട്ട 265 ഗ്രാമങ്ങളിലെ ഫീൽഡ്‌വർക്ക് പുരോഗമിച്ചു വരുന്നു. ഭൂവിനിയോഗത്തിൻെറയും

ദീർഘകാലവിളവുകളുടെയും വിവരങ്ങൾ വർഷത്തിൽ ഒരിക്കലും ഹ്രസ്വകാല വിളവുകളുടേത് ഓരോ സീസണിലും ശേഖരിച്ചിരുന്നു. 1977–78-ൽ തിരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ നെല്ല്, മരച്ചീനി, തെങ്ങ്, കമുക്, കശുമാവ്, കുരുമുളക്, പ്ലാവ്, എള്ള്, ഏത്തവാഴ, മറ്റു വാഴകൾ എന്നിവയുടെ വിളവെടുപ്പു പരീക്ഷണങ്ങൾ നടത്തിവരുന്നു. വിരിപ്പു കൃഷിയുടേയും വിളവെടുപ്പു വിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞു. പുഞ്ചകൃഷിയുടേത് നടന്നുകൊണ്ടിരിക്കുന്നു.

5. കഴിഞ്ഞ വർഷങ്ങളിലെപോലെ സംസ്ഥാനത്തെ വിവിധ കാർഷിക ഗവേഷണ കേന്ദ്രങ്ങളിൽനിന്നും നാഷണൽ ഇൻഡക്സ് തയ്യാറാക്കുന്നതിനുവേണ്ടി വിവരങ്ങൾ ശേഖരിച്ചു. സ്റ്റേറ്റിന്റെ വിവിധ ഭാഗങ്ങളിൽ നടത്തുന്ന പരീക്ഷണങ്ങളുടെ ഫലങ്ങൾ ഒന്നിച്ചു ചേർത്തൊരു റിപ്പോർട്ടുണ്ടാക്കാനാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. സംസ്ഥാനത്തെ കൃഷിവകുപ്പ്, കേന്ദ്ര ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്, മറ്റു സ്ഥാപനങ്ങൾ എന്നിവ നടത്തിയ പരീക്ഷണങ്ങളുടെ ഫലങ്ങൾ അപഗ്രഥനം ചെയ്യുകയുണ്ടായി. ഐക്യരൂപ്യമുള്ള ഒരടിസ്ഥാനത്തിലും പ്രാമാണികമായ രീതിയിലും ഈ എല്ലാ വിവരങ്ങളുടേയും അനുക്രമണിക ഈ രാജ്യത്തെ എല്ലാ കാർഷിക ഗവേഷകർക്കും ലഭ്യമാകത്തക്കവിധത്തിൽ തയ്യാറാക്കുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. കൃഷിരീതിയിൽ പല പരിഷ്ക്കാരങ്ങളും വരുത്തുന്നതിന്റെ ഫലമായി വിളവുൽപ്പാദനത്തിൽ ഉണ്ടാകുന്ന ഫലം നിർണ്ണയിക്കുന്നതും പുതിയ അറിവുകൾ ആർജ്ജിക്കുന്നതിനും ഫീൽഡ് പരീക്ഷണങ്ങൾ അനിർവാര്യമാണ്. സംസ്ഥാനത്തിൽ വിവിധ ഗവേഷണകേന്ദ്രങ്ങൾ നടത്തുന്ന പരീക്ഷണങ്ങൾമൂലം ലഭിക്കുന്ന വിവരങ്ങൾ ശേഖരിക്കുകയും അപഗ്രഥിക്കുകയും ചെയ്യുന്നു. ഈ അപഗ്രഥനം മൂലം ലഭിക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ട ഗവേഷണ കേന്ദ്രങ്ങളേയും, കൃഷിവകുപ്പു ഡയറക്ടറേയും കാർഷിക ഗവേഷണ സ്ഥിതിവിവര ഇൻസ്റ്റിറ്റ്യൂട്ടിനേയും അറിയിക്കുന്നു.

6. കാർഷിക സ്ഥിതിവിവര കണക്കു ഡിവിഷൻ താഴെ പറയുന്ന ജോലികളും റിപ്പോർട്ടു വർഷത്തിൽ ചെയ്യുകയുണ്ടായി:

(എ) 1. സംസ്ഥാനത്തെ കാർഷിക സ്ഥിതിവിവരം തയ്യാറാക്കുക.
2. സംസ്ഥാനത്തെ വാഴകളുടെ കണക്കു തയ്യാറാക്കുക.

(ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട വിളവുകൾ കൃഷിചെയ്യുന്ന സ്ഥലത്തിന്റെയും ഉൽപാദനത്തിന്റെയും മുൻകൂർ കണക്കുകൾ തയ്യാറാക്കുക.

(സി) 1964–ലെ കെ. എൽ. ആർ. ആക്ടിൽ പറഞ്ഞിട്ടുള്ള ചില വിളവുകളുടെ ഉൽപ്പാദനത്തിന്റെ സ്ഥിതിവിവരം തയ്യാറാക്കുക.

(ഡി) കാലാവസ്ഥയേയും വിളകളേയും പറ്റിയുള്ള റിപ്പോർട്ടു തയ്യാറാക്കുക.

7. സാമ്പിൾ പരിശോധനാ പദ്ധതിയനുസരിച്ച് റ്റി. ആർ. എസ്സിനു തിരഞ്ഞെടുക്കപ്പെട്ട 5 ശതമാനം വില്ലേജുകളിലെ മേൽനോട്ടം ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാരിലും ബാക്കിയുള്ളത് എൻ. എസ്. എസ്. ഒ–യിലും നിക്ഷിപ്തമായിരുന്നു. തിരഞ്ഞെടുക്കപ്പെട്ട പ്ലോട്ടുകളിൽ

ഈ ജോലി പുരോഗമിക്കുന്നു. 1978–79–ൽ 20 ശതമാനം വില്ലേജുകളിൽ റ്റി. ആർ. എസ്. നടത്തുന്നതിനുള്ള പദ്ധതി ഇൻഡ്യാ ഗവൺമെൻറിൻെറ ഭരണാനുമതിക്കും സാങ്കേതികാനുമതിക്കുമായി അയച്ചു കൊടുത്തിട്ടുണ്ട്.

8. ഭാരതത്തിലാകമാനം നടത്തുന്ന കാർഷിക സെൻസസിൻെറ ഭാഗമായി കേരളത്തിലും 1976–77-ൽ സംസ്ഥാന വ്യാപകമായി കാർഷിക സെൻസസ് നടത്തുന്നതിന് കേന്ദ്രത്തിൽനിന്നും അനുമതി ലഭിച്ചു. ഭൂപരിഷ്കരണനിയമം നടപ്പാക്കിയതിനുശേഷം ഭൂമിയുടെ കൈവശാവകാശത്തിൽ വന്നുചേർന്നിട്ടുള്ള വ്യത്യാസങ്ങളും അതുകൊണ്ടുണ്ടായിട്ടുള്ള ഗുണങ്ങളും അപഗ്രഥിക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുക, ഭൂവിനിയോഗം, കാർഷികവിളകളുടെ വിസ്തീർണ്ണം, ജലസേചനസൗകര്യം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക, വിത്ത്, വളം, കീടനാശിനികൾ തുടങ്ങി കാർഷികാവശ്യത്തിനുള്ള നിവേശങ്ങളെ (ഇൻപുട്ട്സ്) പറ്റി സമഗ്രമായി വിവരങ്ങൾ ശേഖരിക്കുക, കാർഷികാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന ഉപകരണങ്ങൾ, കന്നുകാലികൾ തുടങ്ങിയവയെപ്പറ്റി ചില പ്രധാന വിവരങ്ങൾ ശേഖരിക്കുക എന്നിവയാണ് ഈ സെൻസസിൻെറ പ്രധാന ലക്ഷ്യങ്ങൾ. കേരളത്തിലെ 57 താലൂക്കുകളിൽ ഓരോന്നിൽനിന്നും 15 ശതമാനം വില്ലേജുകൾ സെൻസസിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇപ്രകാരം എല്ലാ ജില്ലകളിലുംകൂടി 200 വില്ലേജുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ട വില്ലേജുകളിലെ എല്ലാ വീടുകളിലും സന്ദർശിച്ച് കൃഷിഭൂമി കൈവശക്കാരുടെയും ഗാർഹിക കൈവശക്കാരുടെയും സ്ഥാപനകൈവശക്കാരുടേയും പട്ടിക പ്രത്യേകം പ്രത്യേകം തയ്യാറാക്കുന്ന ജോലി 1977 ജൂണിൽ തീർന്നു. പ്രധാന സെൻസസിൻെറ പൂരിപ്പിച്ച ഫാറങ്ങളുടെ പുനഃപരിശോധനയും ടാബുലേഷൻ പണികളും നടന്നുകൊണ്ടിരിക്കുന്നു. നിവേശ പര്യവേഷണ ജോലിയും അതിൻെറ ടാബുലേഷൻ പണികളും ഈ കാലയളവിൽതന്നെ തീരുകയുണ്ടായി.

9. ബ്യൂറോയിലെ പ്രൈസസ് ഡിവിഷൻ റിപ്പോർട്ടു വർഷത്തിലും പ്രൈസസ് (ജനറൽ) ഇൻഡക്സ് സീരിസ് എന്നീ വിഭാഗങ്ങളോടുകൂടി തുടർന്നു പ്രവർത്തിച്ചു. 40 അവശ്യസാധനങ്ങളുടെ വില ഇടുക്കി ഒഴിച്ചുള്ള ജില്ലാ തലസ്ഥാനങ്ങളിൽനിന്ന് ടെലക്സ് മുഖേന ശേഖരിച്ച് ക്രോഡീകരിച്ച് അടുത്തദിവസംതന്നെ ഗവൺമെൻറിലേക്ക് അയയ്ക്കുന്നു. ഓരോ ആഴ്ചയുടെ അവസാനത്തിലും 10 പ്രധാനപ്പെട്ട ഉപഭോക്തൃ സാധനങ്ങളുടെ വിലനിലവാരത്തെപ്പറ്റിയുള്ള ഒരവലോകനം തയ്യാറാക്കി ഗവൺമെൻറിലേക്ക് അയയ്ക്കുന്നു. കാർഷിക വ്യാവസായിക തൊഴിലാളികൾക്കുവേണ്ടി 92 ഇനം ഉപഭോക്തൃ സാധനങ്ങളുടെ പ്രതിവാര ചില്ലറ വില ശേഖരിച്ച് സൂചിക തയ്യാറാക്കി. 15 തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ ഉപഭോക്തൃ വില സൂചിക തയ്യാറാക്കി ഗസറ്റിൽ വിജ്ഞാപനം ചെയ്തു. ആശുപത്രികൾക്കാവശ്യമുള്ള ആഹാരസാധനങ്ങളുടേയും മറ്റു പദാർത്ഥങ്ങളുടെയും കമ്പോളവില ത്രൈമാസികാടിസ്ഥാനത്തിൽ ശേഖരിച്ചു. ആരോഗ്യവകുപ്പിൻെറയും നാട്ടുചികിൽസാ വകുപ്പിൻെറയും കീഴിലുള്ള ആശുപത്രികളിലും മറ്റു സ്ഥാപനങ്ങളിലും സാധനങ്ങൾ വാങ്ങുന്നതിനുള്ള കരാർ അംഗീകരിക്കുന്നതിന് ഈ വിലകൾ ആവശ്യമാണ്. കൂടാതെ ആഹാരസാധനങ്ങളുടെ വിലവിവരങ്ങൾ ആവശ്യപ്പെടുന്ന എല്ലാ സ്ഥാപനങ്ങൾക്കും അവയുടെ ആവശ്യാനുസരണം നൽകപ്പെട്ടു.

10. കമ്പോള നിലവാരം, കമ്പോളത്തിൽ സാധനങ്ങളുടെ വരവിൻെറ ഏറ്റക്കുറച്ചിൽ തുടങ്ങിയവയെപ്പറ്റിയുള്ള വിവരങ്ങൾ പ്രാഥമികോൽപ്പാദ

കർക്ക് കൃത്യസമയത്ത് നൽകുകയെന്നതാണ് മാർക്കറ്റ് ഇൻറലിജൻസ് വിംഗിൻെറ ഉദ്ദേശം. സംസ്ഥാനത്തെ പ്രധാനപ്പെട്ട 36 കേന്ദ്രങ്ങളിൽ ഈ പദ്ധതി നടപ്പിലുണ്ട്. തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ പ്രധാനപ്പെട്ട കാർഷികവിഭവങ്ങളുടെ കമ്പോളനിലവാരാവലോകനം എല്ലാ ഞായറാഴ്ചയും വൈകുന്നേരം മലയാളത്തിൽ പ്രക്ഷേപണം ചെയ്തുവരുന്നു. എല്ലാ ജില്ലാതലസ്ഥാനങ്ങളിലും നിലവിലുള്ള അരിയുടെ തുറന്ന കമ്പോള വിലയെക്കുറിക്കുന്ന പ്രതിദിന റിപ്പോർട്ടു തയ്യാറാക്കി കേന്ദ്രസർക്കാരിനും റവന്യൂബോർഡിലെ സിവിൽ സപ്ലൈസ് അധികൃതർക്കും അയച്ചുകൊടുത്തു. ഇതുകൂടാതെ പാലക്കാട് കേന്ദ്രത്തിലെ തുറന്ന കമ്പോള വിലയെക്കുറിച്ചുള്ള പ്രതിവാര റിപ്പോർട്ടു തയ്യാറാക്കി റിസർവ്വ്ബാങ്കിന് അയച്ചുകൊടുത്തു. സർവ്വോപരി ഉപഭോക്തൃവില സൂചികകളുടെ സംവിധാനത്തെക്കുറിച്ച് പഠിക്കാൻ നിയുക്തമായ കമ്മിറ്റിക്ക് ആവശ്യമായ എല്ലാ ജോലികളും അവരുടെ നിർദ്ദേശാനുസരണം ചെയ്തുകൊടുത്തു,

11. ഇൻറക്സ് സീരീസ് വിഭാഗം താഴെപ്പറയുന്ന സൂചികകൾ തയ്യാറാക്കുന്നു:

(1) കാർഷികോൽപ്പന്നങ്ങളുടെ മൊത്തവില സൂചിക.

(2) കർഷകരുടെ കാർഷിക വിഭവങ്ങളിൽനിന്നുള്ള വരുമാനവും അവയ്ക്കുവേണ്ടിവരുന്ന ചിലവുകളും തമ്മിലുള്ള താരതമ്യപഠന സൂചിക.

(3) കാർഷിക വേതന സൂചിക.

12. സംസ്ഥാന വരുമാന നിർണ്ണയവിഭാഗം മൂന്നു വർഷത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ച കേരള സംസ്ഥാനത്തിൻെറ വരുമാനം 1970–71 മുതൽ 1974–75 വരെ പുനർനിർണ്ണയം ചെയ്യുകയും 1975-76-ലേത് താൽക്കാലികമായി തിട്ടപ്പെടുത്തുകയും ചെയ്തു. നിലവിലുള്ള സംസ്ഥാന വരുമാന വിവരം ജില്ല തിരിച്ചുള്ള ഒരു സമഗ്രമായ റിപ്പോർട്ട് പട്ടിക സഹിതം 3–11–1977-ൽ കേരളത്തിലെ ജില്ലാ വരുമാനം എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ചു. പ്രതിശീർഷ വരുമാനം 1974–75-ലെ 884 രൂപയിൽനിന്നും 1975–76-ൽ 908·6 രൂപയായി വർദ്ധിച്ചിരിക്കുന്നു. 1970–71-ലെ 584·2 രൂപയിൽനിന്നുള്ള 1975–76-ലെ വളർച്ച ശ്രദ്ധേയമാണ്. 1960–61-ലെ സ്ഥിരവില നിലവാരത്തിൽ 1974–75 സാമ്പത്തിക വർഷം കേരളത്തിലെ വരുമാനം 68,677 ലക്ഷം രൂപയായിരുന്നു. 1975–76-ലാകട്ടെ ഇത് 69,767 ലക്ഷമായി തിട്ടപ്പെടുത്തിയിരിക്കുന്നു. 1970–71-ൽ 62,340 ലക്ഷമായിരുന്നു. പ്രതിശീർഷ വരുമാനം 1970–71-ൽ 297 രൂപയായിരുന്നത് 1974–75-ൽ 299 രൂപയായും 1975–76-ൽ 297 രൂപയായും കാണുന്നു. 1970-71-ലും 1975–76-ലും ഒരേ തുകതന്നെ കാണുന്നു. ഇതിനുകാരണം ജനസംഖ്യയിലുള്ള വർദ്ധനവാണ്.

13. റിപ്പോർട്ടു വർഷത്തിലും കേരളത്തിലെ തുറമുഖങ്ങൾവഴി നടത്തുന്ന കയറ്റുമതി ഇറക്കുമതി സ്ഥിതിവിവരക്കണക്കുകൾ സംഗ്രഹിക്കുകയും സമാഹരിക്കുകയും ചെയ്തു. 1–4–1975-ൽ ആരംഭിച്ച കേരളത്തിലെ 154 റെയിൽവേ സ്റ്റേഷനുകളിൽനിന്നും മറ്റു സംസ്ഥാനങ്ങളിലേയ്ക്കുള്ള ചരക്കു ഗതാഗതത്തെപ്പറ്റിയുള്ള സ്ഥിതിവിവരക്കണക്ക് ശേഖരണം 1977–78-ലും തുടർന്നു നടത്തി.

14. ഭവനനിർമ്മാണവും കെട്ടിടനിർമ്മാണ ജോലിക്കാരുടെ വേതന ഘടനയും സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുകയും അവ വിശകലനം ചെയ്ത് ആവശ്യാനുസരണമുള്ള റിപ്പോർട്ടുകൾ തയ്യാറാക്കുകയുണ്ടായി. വേതനഘടനാ സർവ്വേ ഈ വർഷവും മുൻരീതിയനുസരിച്ച് തുടർന്നു നടത്തപ്പെട്ടു. 1977–78 വർഷം നാലു ത്രൈമാസിക ഘട്ടങ്ങളായി ഈ സർവ്വേ നടത്തപ്പെട്ടു. 1976–77-ലെ ഒടുവിലത്തെ ഘട്ടത്തിലേയും 1977–78-ലെ ആദ്യത്തെ മൂന്നു ഘട്ടങ്ങളിലേയും വിവരങ്ങൾ സഞ്ചിതപ്പെടുത്തലും സൂക്ഷ്മപരിശോധനയും പൂർത്തിയാക്കിയിട്ടുണ്ട്. 1974–75 മുതൽ 1976–77 വരെയുള്ള വേതനഘടനാ സർവ്വേയുടെ റിപ്പോർട്ടും തയ്യാറാക്കി കൊണ്ടിരിക്കുന്നു.

15. തൊഴിൽ സ്ഥിതിവിവരക്കണക്കുവിഭാഗം 1948-ലെ ഫാക്ടറീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഫാക്ടറികൾ 1976-ലേക്ക് സമർപ്പിച്ചതായ സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചതിനുശേഷം സമാഹരിച്ച വാർഷിക റിപ്പോർട്ടും തയ്യാറാക്കി ലേബർ ബ്യൂറോയ്ക്ക് അയയ്ക്കുകയുണ്ടായി. കേന്ദ്രഗവൺമെൻറിൻെറ പ്രത്യേക നിർദ്ദേശ പ്രകാരം 1936-ലെ പേയ്മെൻറ് ഓഫ് വേജസ് ആക്ടനുസരിച്ച് പ്രതിമാസം 400 രൂപയിൽ കൂടുതലും എന്നാൽ 1000 രൂപയിൽ കവിയാതെയുമുള്ള വേതനം വാങ്ങുന്ന ഫാക്ടറി ജോലിക്കാരെ സംബന്ധിച്ച് 1975-ലേക്കുള്ളസ്ഥിതിവിവരക്കണക്കുകൾ പുനഃശേഖരണം നടത്തി പട്ടികകൾ തയ്യാറാക്കുകയും അതോടൊപ്പം ആയിരം രൂപയ്ക്കകം പ്രതിമാസ വേതനക്കാരായ ഫാക്ടറി ജോലിക്കാരെ സംബന്ധിച്ച് 1976-ലേക്കുള്ള വാർഷിക സ്റ്റേറ്റുമെൻറുകൾ തയ്യാറാക്കി കേന്ദ്രഗവൺമെൻറിനയച്ചു കൊടുക്കുകയും ചെയ്തു. കേരളത്തിലെ ഫാക്ടറി വിഭാഗത്തിൽപ്പെട്ട വ്യാവസായിക സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് അവയെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയും അപഗ്രഥിച്ചും റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുകയാണ്. ബ്യൂറോയിലെ വ്യാവസായിക സ്ഥിതി വിവര വിഭാഗത്തിൻെറ പ്രധാന ജോലി. റിപ്പോർട്ടു വർഷത്തിൽ 1974–75-ലെ വാർഷിക വ്യാവസായിക സർവേ റിപ്പോർട്ടു തയ്യാറാക്കുകയും 1975–76-ലെ റിപ്പോർട്ടു തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയും ചെയ്തു.

16. 1–9–1975-ൽ സ്ഥാപിതമായ വ്യാവസായിക ഉൽപ്പന്നസൂചിക തയ്യാറാക്കുവാനുള്ള പദ്ധതിയുടെ ഉദ്ദേശം ഒരു ത്രൈമാസിക ഉൽപ്പന്ന സൂചിക തയ്യാറാക്കി പ്രസിദ്ധീകരിക്കുകയാണ്, 592 വ്യാവസായിക യൂണിറ്റുകളിൽനിന്നും അവയുടെ ഉൽപാദനസ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് അവയുടെ അടിസ്ഥാനത്തിൽ സൂചിക തയ്യാറാക്കുന്നതാണ്. 1970-ലെ ഉൽപ്പാദനം അടിസ്ഥാനമാക്കിക്കൊണ്ട് ഈ തെരഞ്ഞെടുത്ത വ്യവസായ യൂണിറ്റുകളുടെ ഉൽപ്പാദനത്തിൻെറ ശരാശരി വിവരം ഉൽപ്പന്നത്തിൻെറ മൂല്യത്തിൻെറ അടിസ്ഥാനമായിട്ടു കണക്കാക്കപ്പെടുന്നു.

17. ബ്യൂറോയിലെ മാനുഷിക ശക്തി വിഭാഗം താഴെപ്പറയുന്ന പഠനങ്ങളെ സംബന്ധിച്ച് വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുകയുണ്ടായി:

1. കേരളത്തിലെ കാർഷിക മേഖലയിലെ സാങ്കേതിക ജീവനക്കാരുടെ ഔദ്യോഗിക സ്വഭാവങ്ങളും സേവന വിനിയോഗവും.

2. കാർഷിക വകുപ്പിലെ ജീവനക്കാരുടെ ഇടയിൽ ഉണ്ടാകാവുന്ന ഒഴിവുകൾ

3. വൈദ്യസേവന വിഭാഗത്തിൽ ഉള്ള മാനവശക്ˇതി.

4. രജിസ്ˇറ്റർ ചെയ്ˇത തൊഴിൽശാലകളിലെ തൊഴിലവസരങ്ങളുടെ വളർച്ച.

5. നഴ്ˇസിംഗ്ˇ തൊഴിലിലേർപ്പെട്ടിരിക്കുന്നവരെപ്പറ്റിയുള്ള മാനവശക്ˇതി.

6. എഞ്ചിനീയറൻമാരുടെ തൊഴിലിനു വേണ്ടിയുള്ള അന്യദേശഗമനം.

7. കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്തുൾക്കൊള്ളുന്ന മാനവശക്ˇതി.

8. അഞ്ചാം പഞ്ചവൽസരപദ്ˇധതിയിലെ തൊഴിലവസരങ്ങൾ.

9. കേരളത്തിലെ മൃഗസംരക്ഷണ വകുപ്പിലെ സാങ്കേതിക ജീവനക്കാരുടെ തൊഴിലവസരങ്ങൾ.

10. കേരളത്തിലെ തൊഴിൽ പരിശീലനം.

11. ഫിഷറീസ്ˇ വകുപ്പിലെ സാങ്കേതികജ്ˇഞാനം ഉള്ളവർ.

12. പൊതുമരാമത്തു വകുപ്പിൽ 1976–77-ൽ ഉപയോഗപ്പെടുത്തിയ മാനവശക്ˇതി.

18. ബ്യൂറോ ഓഫ്ˇ എക്കണോമിക്ˇസ്ˇ ആൻറ്ˇ സ്ˇറ്റാറ്റിസ്ˇറ്റിക്ˇസ്ˇ വകുപ്പിലെ ഒരു ഭാഗമായ ജനസംഖ്യാശാസ്ˇത്ര ഗവേഷണകേന്ദ്രം സന്താനോൽപാദനശേഷി, മരണനിലവാരം, ജനസംഖ്യാവർദ്ˇധനവ്ˇ, കുടുംബാസൂത്രണം തുടങ്ങിയവയിൽ പഠനങ്ങൾ നടത്തുന്നു. റിപ്പോർട്ടുവർഷത്തിൽ താഴെപ്പറയുന്ന പഠനങ്ങൾ ഈ കേന്ദ്രം ഏറ്റെടുത്ത്ˇ നടത്തുകയുണ്ടായി:

1. ലൂപ്പ്ˇ സ്വീകരണത്തിൽ കേരളത്തിലെ സമീപകാല മാറ്റങ്ങൾ.

2. കേരളത്തിൽ വന്ˇധീകരണ ശസ്ˇത്രക്രിയയ്ˇക്ക്ˇ വിധേയമായവർ.

3. മലപ്പുറം ജില്ലയിൽ നടത്തിയ പ്രസവശേഷിയെക്കുറിച്ചുള്ള പഠനം.

19. ബ്യൂറോയിലെ സ്ˇഥിതിവിവരക്കണക്കു വിഭാഗം സ്ˇറ്റേറ്റ്ˇ ഒട്ടാകെയുള്ള ജനനമരണ സ്ˇഥിതിവിവരങ്ങൾ ശേഖരിച്ച്ˇ, ജനനമരണ നിയമപ്രകാരം ആവശ്യമുള്ള പട്ടികകൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട്ˇ തയ്യാറാക്കി പ്രസിദ്ˇധീകരിക്കുന്ന പതിവ്ˇ റിപ്പോർട്ടു വർഷവും തുടർന്നു. ഗ്രാമതലത്തിൽ ജനനമരണ നിരക്കുകൾ തിട്ടപ്പെടുന്നതിലേക്കായി 1965 ജൂലൈമാസത്തിൽ 150 സാമ്പിൾ ഗ്രാമങ്ങൾ (യൂണിറ്റുകൾ) തിരഞ്ഞെടുത്തുകൊണ്ടാരംഭിച്ച സാമ്പിൾ രജിസ്ˇട്രേഷൻ പദ്ˇധതി റിപ്പോർട്ടു വർഷത്തിലും തുടരുകയുണ്ടായി.

20. അഡ്ˇമിനിസ്ˇട്രേറ്റീവ്ˇ ഇൻറലിജൻസ്ˇ യൂണിറ്റ്ˇ സാമൂഹ്യവികസന കേന്ദ്രങ്ങളിലുള്ള പ്രവർത്തന പുരോഗതിയെക്കുറിച്ച് വിവിധ റിപ്പോർട്ടുകൾ തയ്യാറാക്കുന്ന ജോലി തുടർന്നു നടത്തിവന്നു. ത്രൈമാസിക സാമൂഹിക വികസന റിപ്പോർട്ട്ˇ, പ്രാദേശിക വികസന പ്രവർത്തന ത്രൈമാസിക പുരോഗതി റിപ്പോർട്ട്ˇ, ഗ്രാമീണ പ്രവർത്തന പരിപാടി

(ത്രൈമാസിക പുരോഗതി റിപ്പോർട്ട്) പോഷകാഹാര പ്രായോഗിക പരിപാടി ത്രൈമാസിക പുരോഗതി റിപ്പോർട്ട്, സാമൂഹിക വികസന പരിപാടിയെക്കുറിച്ചുള്ള വാർഷിക പുരോഗതി റിപ്പോർട്ട്, ഗോത്രപ്രദേശ വികസന കേന്ദ്രത്തിന്റെ വാർഷിക റിപ്പോർട്ട്, പ്രയുക്ത പോഷകാഹാര പരിപാടി വാർഷിക റിപ്പോർട്ട് എന്നിവ തയ്യാറാക്കി കേന്ദ്രസർക്കാരിലേക്കും സംസ്ഥാന സർക്കാരിലേക്കും സമർപ്പിച്ചു.

21. 1950-ൽ നിലവിൽവന്ന ഇൻഡ്യാ ഗവൺമെന്റിന്റെ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ, ആസൂത്രണത്തിനും മറ്റു ഭരണപരമായ ആവശ്യങ്ങൾക്കുമായി രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ വിവിധ വശങ്ങളെ സംബന്ധിക്കുന്ന സാമൂഹ്യ സാമ്പത്തിക വിവരങ്ങൾ രാജ്യവ്യാപകമായ അടിസ്ഥാനത്തിൽ ശേഖരിക്കുന്നതിന് ഓരോ വർഷവും സാമ്പിൾ സർവ്വേകൾ നടത്തിക്കൊണ്ടിരിക്കുന്നു. ആനുകാലിക പ്രാധാന്യമുള്ള ഓരോ വിഷയം ഉൾക്കൊള്ളിച്ചുകൊണ്ട് ഒന്നിനു പുറകെ ഒന്നായി നടത്തപ്പെടുന്ന വിവിധോദ്ദേശ സംയോജിത സർവ്വേ ആണ് നാഷണൽ സാമ്പിൾ സർവ്വേ കേന്ദ്ര ഗവൺമെന്റുമായി തുല്യ അടിസ്ഥാനത്തിൽ സർവ്വേയുടെ സാമൂഹിക സാമ്പത്തിക ഭാഗത്തിൽ കേരളവും പങ്കെടുത്തു കൊണ്ടിരിക്കുന്നു. റിപ്പോർട്ടു വർഷത്തിൽ 31-ാമത്തെ റൗണ്ട് പൂർത്തിയാക്കുകയും 32-ാമത്തെ റൗണ്ട് ആരംഭിക്കുകയും ചെയ്തു.

22. ഇൻഡ്യയിൽ രാജ്യ വ്യാപകമായി 1977 നവംബർ-ഡിസമ്പർ മാസങ്ങളിൽ നടത്തിയ സാമ്പത്തിക സെൻസസിൽ കേരളവും പങ്കുകൊണ്ടു. കാർഷികേതര മേഖലകളിലെ ഉൽപാദന സംരംഭങ്ങളെ സംബന്ധിച്ചുള്ള അടിസ്ഥാനവിവരങ്ങൾ ശേഖരിക്കുകയായിരുന്നു ഈ സെൻസസിന്റെ മുഖ്യ ലക്ഷ്യം. കാർഷികേതര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയും ഒരാളെയെങ്കിലും ശമ്പളത്തിനോ കൂലിക്കോ ഏർപ്പെടുത്തുകയും ചെയ്തിട്ടുള്ള സംരംഭങ്ങളാണ് ഈ സെൻസസിന്റെ പരിധിയിൽപ്പെടുന്നത്. ഇപ്രകാരമുള്ള സംരംഭങ്ങൾക്ക് സെൻസസിൽ സ്ഥാപനങ്ങൾ എന്നാണ് പേർ കൊടുത്തത്. വിവിധ മേഖലകളിലെ സ്ഥാപനങ്ങളുടെ സംഖ്യയ്ക്കുപുറമെ അവയുടെ പ്രവർത്തന സ്വഭാവം, തൊഴിൽ സാദ്ധ്യത, ഉൽപാദനങ്ങളുടെ വില, വരുമാനം തുടങ്ങിയ മറ്റു പ്രസക്തഘടകങ്ങളും സെൻസസിന്റെ പരിധിയിൽപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓരോ പഞ്ചായത്തിലും പഞ്ചായത്തു വാർഡിലുള്ള സുഖസൗകര്യങ്ങളെപ്പറ്റിയും വേണ്ട വിവരങ്ങൾ ശേഖരിക്കാനും ഈ സെൻസസ് ഉപകരിച്ചിട്ടുണ്ട്. ഈ സെൻസസിലും തുടർന്നുള്ള പഠനങ്ങളിലുംകൂടി ലഭിക്കുന്ന വിവരങ്ങൾ ജില്ലാതലത്തിലുള്ള ആസൂത്രണത്തിനും പിന്നോക്ക പ്രദേശങ്ങൾ നിർണ്ണയിക്കുന്നതിനും കൂടാതെ കൃത്യമായി പ്രാദേശിക വരുമാനം കണക്കാക്കുന്നതിനും മറ്റും പ്രയോജനപ്പെടുന്നതാണ്.

23. റിപ്പോർട്ടു വർഷത്തിലും വിലയിരുത്തൽ ഘടകത്തിന്റെ പ്രവർത്തനം തുടരുകയുണ്ടായി. ഈ വിഭാഗം താഴെപ്പറയുന്ന പഠനങ്ങൾ ഏറ്റെടുത്തു നടത്തി:

1. കുടുംബസമ്പാദ്യ നിക്ഷേപ സർവേയുടെ രണ്ടാം ആവർത്തി കേരളശാസ്ത്ര സാഹിത്യപരിഷത്തുകാർ തിരഞ്ഞെടുത്ത വിദ്യാർത്ഥികളെ കൊണ്ടു നടത്തിക്കുകയുണ്ടായി.

2. കശുമാവുകൃഷിയെ സംബന്ധിച്ചുള്ള ഒരു പഠനം ഈ കാലയളവിൽ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ അഞ്ചു ജില്ലകളിൽ നടത്തി.

3. തെരഞ്ഞെടുക്കപ്പെട്ട ചില മണ്ണൊലിപ്പു നിവാരണപദ്ധതികളെപ്പറ്റിയുള്ള പഠനം.

24. മുൻകൊല്ലങ്ങളിലെ പോലെതന്നെ ബ്യൂറോയിലെ പബ്ലിക്കേഷൻ ആൻറ് കോ-ഓർഡിനേഷൻ വിഭാഗം ബ്യൂറോയിലെ പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുന്ന പ്രവർത്തി തുടർന്നു. പ്രോഗ്രസ് ഇൻ ടു ഡെക്കേഡ്സ് (1956-57 മുതൽ 1976-77 വരെ) സ്റ്റാറ്റിസ്റ്റിക്സ് ഫോർ പ്ലാനിംഗ് സ്റ്റാറ്റിസ്റ്റിക്കൽ ഹാൻറ് ബുക്ക് ഓഫ് കേരള, മുനിസിപ്പൽ ഇയർ ബുക്ക് റീസൻറ് സ്റ്റഡീസ് ബൈ ദി ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ്, കേരള എന്നീ ബുക്കുകൾ പ്രസിദ്ധീകരിച്ചു. കൂടാതെ സ്റ്റാറ്റിസ്റ്റിക്കൽ അബ്സ്ട്രാക്ട്, കേരള ഇൻ മാപ്സ്, കേരള എക്കണോമിക് പ്രോഗ്രസ് ഇൻഡിക്കേഴ്സ് എന്നീ പുസ്തകങ്ങൾ അച്ചടിക്കുന്നതിലേക്കായി പ്രസ്സിൽ കൊടുത്തു. കൂടാതെ കേന്ദ്ര ഗവൺമെൻറിൻേറയും സംസ്ഥാന ഗവൺമെൻറിൻേറയും പല വകുപ്പുകൾക്കും സ്ഥിതിവിവരക്കണക്കുകൾ അയച്ചുകൊടുക്കുകയുണ്ടായി.

25. ബ്യൂറോയിൽ റിപ്പോർട്ടു വർഷത്തിൽ വിവിധ പദ്ധതികൾക്കായി 1,22,65,833 രൂപ ചിലവായി. കഴിഞ്ഞ വർഷത്തിൽ ചിലവായത് 96,56,169 രൂപയാണ്.

റിപ്പോർട്ടുവർഷം ഈ വകുപ്പിൻെറ പ്രവർത്തനം പൊതുവെ തൃപ്തികരമായിരുന്നു.

(ഉത്തരവിൻ പ്രകാരം)

കെ. നരസിംഹ അയ്യർ,

ജോയിൻറ് സെക്രട്ടറി.

# ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സിന്റെ 1977-78-ലെ ഭരണ റിപ്പോർട്ട്

## ഭരണ നിർവഹണം

I. അവതരണം.—ബ്യൂറോ ഓഫ് എക്കണോമിക് സ്റ്റഡീസും സ്റ്റാറ്റിസ്റ്റിക്സ് വകുപ്പും സംയോജിപ്പിച്ചുകൊണ്ടുള്ള ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് 1963-ലാണ് രൂപംകൊണ്ടത്. ഈ വകുപ്പ് സാമ്പത്തികസ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ചിടത്തോളം അവയുടെ സ്വരൂപിക്കൽ, ക്രമീകരിക്കൽ, അപഗ്രഥനം എന്നീ മേഖലകളിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന മുഖ്യ ഘടകമായി പ്രവർത്തിക്കുന്നു. കൂടാതെ സാമ്പത്തിക സ്ഥിതിവിവരക്കണക്കുകളെക്കുറിച്ചുള്ള പരാമർശങ്ങൾക്ക് തികച്ചും ഒരു ഉപദേശകഘടകമായി പ്രവർത്തിച്ചുപോരുന്നു. പദ്ധതികൾ ആസൂത്രണംചെയ്യുന്നതിലേക്കു വേണ്ടിയുള്ള സ്ഥിതിവിവരക്കണക്കുകൾ നൽകുന്നതിനും സംസ്ഥാനത്തെ ബാധിക്കുന്ന സാമ്പത്തികപ്രശ്നങ്ങൾ വ്യാഖ്യാനിച്ച് സംയോജിപ്പിച്ച് പരിഹാരം കാണുന്നതിനും പരമപ്രധാനമായ ഒരു പങ്കാണ് ഈ വകുപ്പ് നിർവഹിച്ചുപോരുന്നത്.

II. ഉദ്യോഗസ്ഥൻമാർ—1. ഡയറക്ടർ:— റിപ്പോർട്ടുവർഷത്തിൽ 30-6-1977-ൽ ശ്രീ. എൻ. ഗോപാലകൃഷ്ണൻ നായർ സർവീസിൽനിന്ന് പെൻഷൻപറ്റി പിരിയുന്നതുവരെ ഡയറക്ടറായി തുടർന്നു. അതിനുശേഷം റിപ്പോർട്ടുവർഷാവസാനംവരെ അഡീഷണൽ ഡയറക്ടർ ഡോ. പി. എ. നായർ ഡയറക്ടറുടെ പരിപൂർണ്ണ ചുമതലകൾ വഹിച്ചുപോന്നു.

2. അഡീഷണൽ ഡയറക്ടർ.—റിപ്പോർട്ടുവർഷത്തിൽ ഡോ. പി. എ. നായർ അഡീഷണൽ ഡയറക്ടറായി തുടർന്നു. അദ്ദേഹം 30-6-1977 എ. എൻ. മുതൽ ഡയറക്ടറുടെ പരിപൂർണ്ണ ചുമതലകൾകൂടി റിപ്പോർട്ടുവർഷത്തിൽ വഹിച്ചുപോന്നു.

3. അഡ്മിനിസ്ട്രേറ്റീവ് ആഫീസർ.—ഗവൺമെൻറ് ഡെപ്യൂട്ടി സെക്രട്ടറി എസ്. പെരുമാൾപിള്ള 19-5-1977 വരെ അഡ്മിനിസ്ട്രേറ്റീവ് ആഫീസറായി തുടർന്നു. അതിനുശേഷം 19-5-1977 മുതൽ 1-3-1978 വരെ പി. വി. രാമചന്ദ്രൻ നായരും 1-3-1978 മുതൽ റിപ്പോർട്ടുവർഷാവസാനംവരെ വി. ലക്ഷ്മീനാരായണ അയ്യരും അഡ്മിനിസ്ട്രേറ്റീവ് ആഫീസറായി തുടർന്നു:—

4. ജോയിൻറ് ഡയറക്ടർ.—റിപ്പോർട്ടുവർഷത്തിൽ താഴെ പറയുന്നവർ ജോയിൻറ് ഡയറക്ടറായി തുടർന്നു:—

(1) ഡോ. ആർ. ശിവശങ്കരക്കുറുപ്പ് (അഗ്രിക്കൾച്ചറൽ സെൻസസ്).

(2) ശ്രീ. ജി. കുട്ടപ്പൻപിള്ള (ഫൈമിലി റിപ്പോർട്ടിംഗ് സർവേ) 28-2-1978-ൽ പെൻഷൻപറ്റി പിരിയുന്നതുവരെ.

(3) ശ്രീ. ടി. കുരുവിള മാത്തൻ.

(4) ശ്രീ. കെ. ബാലകുമാരൻ നായർ.

ജി. ഒ. എം. എസ്. 41/77/പി. എൽ. ജി., തീയതി 3–9–1977 പ്രകാരം മാൻപവർ പ്ലാനിംഗ് യൂണിറ്റിൽ പുതുതായി സൃഷ്ടിച്ച ജോയിൻറ് ഡയറക്ടർ തസ്തികയിൽ ശ്രീ. പി. സി. കുര്യനെ താൽക്കാലികമായി ഉദ്യോഗക്കയറ്റം നൽകി നിയമിക്കുകയും അദ്ദേഹം പുതിയ തസ്തികയിൽ 28–9–1977-ൽ ചാർജെടുക്കുകയും ചെയ്തു. 28–2–1978-ൽ ജോയിൻറ് ഡയറക്ടർ ശ്രീ. ജി. കുട്ടപ്പൻപിള്ള സർവീസിൽനിന്ന് പെൻഷൻപറ്റി പിരിയുന്ന ഒഴിവിൽ ശ്രീ. കെ. എ. ജോർജിനെ ജോയിൻറ് ഡയറക്ടരായി താൽക്കാലികമായി നിയമിക്കുകയും അദ്ദേഹം 14–3–1978-ൽ പുതിയ തസ്തികയിൽ ചാർജെടുക്കുകയും ചെയ്തു.

5. ഡെപ്യൂട്ടി ഡയറക്ടർ.—ശ്രീമാൻ പി. സി. കുര്യൻ, കെ. എ. ജോർജ് എന്നിവർ ജോയിൻറ് ഡയറക്ടരായി ഉദ്യോഗക്കയറ്റം കിട്ടുന്നതുവരെ ഡെപ്യൂട്ടി ഡയറക്ടറായി തുടർന്നു.

റിപ്പോർട്ടുവർഷത്തിൽ താഴെ പറയുന്നവർ ഡെപ്യൂട്ടി ഡയറക്ടറായി തുടർന്നു:—

(1) ശ്രീ. വി. ശങ്കരനാരായണൻ പോറ്റി
(2) ,, കെ. രാമവർമ്മ
(3) ,, കെ. എൻ. ഗോപാലപ്പണിക്കർ
(4) ,, ആർ. ഗോപാലകൃഷ്ണൻ നായർ
(5) ,, എൻ. ജോർജ് ജോൺ
(6) ,, കെ. ഈശ്വരൻകുട്ടി
(7) ,, കെ. ബാലകൃഷ്ണൻ നായർ
(8) ,, പി. എസ്. ഗോപിനാഥൻ നായർ
(9) ,, പി. റ്റി. ജോസഫ്
(10) ,, സി. തോമസ് വറുഗീസ്
(11) ,, എൻ. ഗോപാലകൃഷ്ണൻ
(12) ,, ജി. രാജചന്ദ്രൻ നായർ

റിപ്പോർട്ടുവർഷത്തിൽ താഴെ പറയുന്ന അസിസ്റ്റൻറ് ഡയറക്ടർമാരെ ഡെപ്യൂട്ടി ഡയറക്ടർമാരായി താൽക്കാലികമായി ഉദ്യോഗക്കയറ്റം നൽകുകയും അവർ പുതിയ തസ്തികയിൽ അവരുടെ പേരിനെതിരെ കൊടുത്തിരിക്കുന്ന തീയതി മുതൽ റിപ്പോർട്ടുവർഷാവസാനംവരെ തുടരുകയും ചെയ്തു:—

| | | |
|---|---|---|
| (1) ഡോ. ടി. എഡ്വിൻ (താൽക്കാലികം) | .. | 1–8–1977 |
| (2) ശ്രീമതി പി. എൽ. ശ്രീദേവിയമ്മ (താൽക്കാലികം) | .. | 19–8–1977 |
| (3) ശ്രീ. കെ. ഭാസ്ക്കരമേനോൻ (താൽക്കാലികം) | .. | 22–9–1977 |
| (4) ശ്രീ. ജി. സോമശേഖരൻ നായർ ,, | .. | 6–3–1978 |

1–8–1977 മുതൽ കോഴിക്കോട്, എറണാകുളം, കൊല്ലം എന്നീ മൂന്നു റീജിയണൽ ടാബുലേഷൻ സെൻററുകൾ തുടങ്ങുകയും തൽസ്ഥാനങ്ങളിൽ യഥാക്രമം ഡോ. ടി. എഡ്വിൻ, ശ്രീമതി പി. എൽ. ശ്രീദേവിയമ്മ, ശ്രീ. കെ. എ. ജോർജ് എന്നീ ഡെപ്യൂട്ടി ഡയറക്ടർമാർ നിയമിതരാവുകയും ചെയ്തു.

ശ്രീമതി ശ്രീദേവിയമ്മ മൃഗസംരക്ഷണവകുപ്പിലേക്ക് മാറിപ്പോയതിനെത്തുടർന്ന് ശ്രീ. ഭാസ്ക്കരമേനോൻ തൽസ്ഥാനത്ത് നിയമിതനാകുകയും ശ്രീ. കെ. എ. ജോർജ് ഉദ്യോഗക്കയറ്റം കിട്ടിയതോടെ ശ്രീ. സോമശേഖരൻ നായർ തൽസ്ഥാനത്ത് നിയമിതനാകുകയും ചെയ്തു.

ശ്രീ. പി. സി. കുര്യൻ ജോയിൻറ് ഡയറക്ടറായി ഉദ്യോഗക്കയറ്റം കിട്ടുന്നതുവരെ മൃഗസംരക്ഷണവകുപ്പിലെ സ്റ്റാററിസ്റ്റിക്കൽ യൂണിററിൽ തുടരുകയായിരുന്നു. 28–9–1977 മുതൽ ശ്രീമതി പി. എൽ. ശ്രീദേവിയമ്മ തൽസ്ഥാനത്ത് നിയമിതയായി. (ജി. ഒ. ആർ. റ്റി. 405/77/പി.എൽ.ജി., തീയതി 27–9–1977).

ശ്രീ. സി. തോമസ് വർഗ്ഗീസ് ചീഫ് ടൗൺ പ്ലാനർ ഓഫീസിൽ റിപ്പോർട്ടുവർഷത്തിൽ തുടർന്നു.

ശ്രീ. കെ. രാമവർമ്മ ഡെപ്യൂട്ടി ഡയറക്ടറായി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷനിൽ ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ തുടർന്നുപോന്നു. ശ്രീ. കെ. എൻ. ഗോപാലപ്പണിക്കർ ഇൻഡസ്ട്രീസ് ഡെവലപ്പ്മെൻറ് കമ്മീഷണറേററിലെ സ്റ്റാററിസ്റ്റിക്കൽ സെല്ലിൽ ഡെപ്യൂട്ടി ഡയറക്ടറായി തുടർന്നു. ശ്രീമാൻമാർ കെ. ഈശ്വരൻകുട്ടിയും കെ. ബാലകൃഷ്ണൻ നായരും ഡെപ്യൂട്ടി ഡയറക്ടർമാരായി യഥാക്രമം തൃശ്ശൂരുള്ള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലും തിരുവനന്തപുരത്ത് ലാൻറ് യൂസ് ബോർഡിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ റിപ്പോർട്ടുവർഷം തുടർന്നുപോന്നു. (ജി. ഒ. ആർ. റ്റി. 523/76/പി. എൽ. ജി., 1–12–1976).

6. അസിസ്റ്റൻറ് ഡയറക്ടർ:—ഡോ. ടി. എഡ്വിൻ, ശ്രീമതി പി. എൽ. ശ്രീദേവിയമ്മ, ശ്രീ. കെ. ഭാസ്ക്കരമേനോൻ, ശ്രീ. സോമശേഖരൻ നായർ എന്നിവർ ഡെപ്യൂട്ടി ഡയറക്ടറായി പ്രമോഷൻ കിട്ടുന്നതുവരെ അസിസ്റ്റൻറ് ഡയറക്ടറായി തുടർന്നു.

റിപ്പോർട്ടുവർഷത്തിൽ താഴെ പറയുന്നവർ അസിസ്റ്റൻറ് ഡയറക്ടർമാരായി തുടർന്നുപോന്നു:—

(1) ശ്രീമതി എസ്. രത്നാഭായ് അമ്മാൾ

(2) ,, റ്റി. സരസ്വതിയമ്മ

താഴെ പറയുന്നവർ റിപ്പോർട്ടുവർഷത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ അസിസ്റ്റൻറ് ഡയറക്ടർമാരായി തുടർന്നുപോന്നു:—

(1) ശ്രീ. കെ. കെ. കരുണാകരൻ

(2) ,, വി. കെ. പാറൻ ഉണ്ണി

(3) ,, ടി. ജനാർദ്ദന മേനോൻ

(4) ,, എ. ബാലകൃഷ്ണൻ

(5) ,, പി. ഗോപിനാഥൻ പിള്ള

(6) ശ്രീ. എൻ. വി. ജോർജ്
(7) ,, വി. എൻ. സുകുമാരപിള്ള
(8) ,, പി. വാസുദേവൻ നമ്പൂതിരി
(9) ,, ഡി. ഗോപിനാഥൻ
(10) ,, ടി. പി. രാജഗോപാലൻ
(11) ,, എസ്. നടരാജൻ
(12) ,, സി. ആർ. പരമേശ്വരൻ
(13) ,, എം. കെ. ഭാസ്കരപിള്ള
(14) ശ്രീമതി കെ. ലീലാകുമാരി
(15) ശ്രീ. പി. കെ. രാമകൃഷ്ണൻ നായർ
(16) ,, ജി. സുരേന്ദ്രനാഥൻ നായർ
(17) ,, പി. ബി. ലക്ഷ്മണൻ
(18) ,, കെ. ഈശ്വരൻ നമ്പൂതിരി
(19) ,, എൻ. എം. സെയ്ദ് മുഹമ്മദ്

റിസർച്ച് ഓഫീസർ തസ്തികയിൽ വിദ്യാഭ്യാസയോഗ്യതയുള്ള താഴെ പറയുന്നവരെ റിപ്പോർട്ടുവർഷത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഡയറക്ടർമാരായി എതിരെ പറയുന്ന തീയതി മുതൽ ഉദ്യോഗക്കയറ്റം നൽകി നിയമിച്ചു:—

| | | | |
|---|---|---|---|
| (1) ശ്രീ. പി. ഗോപാലൻ | .. | 1–8–1977 | |
| (2) ,, ഒ. അയ്യപ്പൻ | .. | 1–8–1977 | (അവധിയിൽ) |
| (3) ,, ആർ. പരമേശ്വരൻ നായർ | .. | 17–8–1977 | |
| (4) ,, അബ്ദുൾ ഗഫൂർ | .. | 20–9–1977 | |
| (5) ,, സി. കുമാരസ്വാമി | .. | 14–3–1978 | |
| (6) ,, എൻ. വിക്രമൻ നായർ | .. | 17–3–1978 | |

ശ്രീ. എസ്. നടരാജൻ കേരള യൂണിവേഴ്സിറ്റിയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ റിപ്പോർട്ടുവർഷവും തുടർന്നുപോന്നു:—

മറ്റു വകുപ്പുകളിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികകൾ ബ്യൂറോയുടെ ടെമ്പററി അഡീഷൻ ആയി പ്രഖ്യാപനം ചെയ്തവയിൽ റിപ്പോർട്ടുവർഷത്തിൽ താഴെ പറയുന്നവർ പ്രവർത്തിച്ചിരുന്നു.

| | പേര് | ഉദ്യോഗപ്പേര് | കാലാവധി |
|---|---|---|---|
| (1) | ശ്രീ. പി. ബി. ലക്ഷ്മണൻ | എക്കണോമിക്സ് കം പബ്ലിസിറ്റി അസിസ്റ്റന്റ്, ചീഫ് ടൗൺ പ്ലാനർ ഓഫീസ്, തിരുവനന്തപുരം | മുഴുവൻ വർഷം |
| (2) | ,, ടി. ജനാർദ്ദനമേനോൻ | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ജോയിന്റ് ഡയറക്ടർ ആഫീസ്, പാലക്കാട് | ടി |

| | പേര് | ഉദ്യോഗപ്പേര് | കാലാവധി |
|---|---|---|---|
| (3) | ശ്രീ. ഡി. ഗോപിനാഥൻ | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഡയറക്ടർ ആഫീസ്, തിരുവനന്തപുരം. | മുഴുവൻ വർഷം. |
| (4) | ,, എൻ. എം. സെയ്ദ് മുഹമ്മദ് | പ്ലാനിംഗ് കം സർവേ ആഫീസർ, റൂറൽ ഇൻഡസ്ട്രീസ് പ്രോജക്ട്, തിരുവനന്തപുരം | 31–7–1977 വരെ |
| (4A) | ,, ഒ. അയ്യപ്പൻ | ടി | 1–8–1977 മുതൽ |
| (5) | ഡോ. ടി. എഡ്വിൻ | പ്ലാനിംഗ് കം സർവേ ആഫീസർ, റൂറൽ ഇൻഡസ്ട്രീസ് പ്രോജക്ട്, കോഴിക്കോട് | 1–8–1977 വരെ |
| (5A) | ശ്രീ. എൻ. എം. സെയ്ദ് മുഹമ്മദ് | ടി | 1–8–1977 മുതൽ |
| (6) | ,, കെ. ഭാസ്കര മേനോൻ | പ്ലാനിംഗ് കം സർവേ ആഫീസർ, റൂറൽ ഇൻഡസ്ട്രീസ് പ്രോജക്ട്, മലപ്പുറം | 19–9–1977 വരെ |
| (6A) | ,, എം. അബ്ദുൾ ഗഫൂർ | ടി | 19–9–1977 മുതൽ 9–3–1978 വരെ |
| (6B) | ,, എൻ. വിക്രമൻ നായർ | ടി | 17–3–1978 മുതൽ |
| (7) | ,, കെ. കെ. കരുണാകരൻ | പ്ലാനിംഗ് കം സർവേ ആഫീസർ, റൂറൽ ഇൻഡസ്ട്രീസ് പ്രോജക്ട്, ആലപ്പുഴ | മുഴുവൻ വർഷം |
| (8) | ,, പി. ഗോപിനാഥ പിള്ള | അസിസ്റ്റന്റ് ഡയറക്ടർ, റവന്യൂബോർഡ് (ടാക്സസ്), തിരുവനന്തപുരം | 10–3–1978 വരെ |
| (8A) | ,, അബ്ദുൾ ഗഫൂർ | ടി | 10–3–1978 മുതൽ |
| (9) | ,, വി. എൻ. സുകുമാര പിള്ള | അസിസ്റ്റന്റ് ഡയറക്ടർ, വ്യവസായ വകുപ്പ് (ഹാൻഡ്ലൂം), തിരുവനന്തപുരം | 10–3–1978 മുതൽ |

7. റീജിയണൽ ഓഫീസർ.—റിപ്പോർട്ടുവർഷത്തിൽ ശ്രീമാൻമാർ കെ. എം. പെരുമാൾ പിള്ള, ജി. വേലായുധൻതമ്പി, എസ്. സിസിൽ,

കെ. രാമനാരായണൻ നായർ, കെ. പി. മുഹമ്മദ്സാലി, പി. എം. തങ്കപ്പൻ (30–11–1977-ൽ പെൻഷൻ പറ്റുന്നതുവരെ), കെ. എസ്. അയ്യപ്പൻ എന്നിവർ റീജിയണൽ ഓഫീസർമാരായി തുടർന്നു.

റിപ്പോർട്ടുവർഷത്തിൽ താഴെ പറയുന്നവരെ അവർക്ക് എതിരെ കൊടുത്തിരിക്കുന്ന തീയതി മുതൽ റീജിയണൽ ഓഫീസർമാരായി താൽക്കാലികാടിസ്ഥാനത്തിൽ പ്രമോട്ട്ചെയ്തു:—

| | | | |
|---|---|---|---|
| (1) | ശ്രീ. എ. ഷാഹുൽ ഹമീദ് | .. | 1–7–1977 |
| (2) | ,, എച്ച്. പത്മനാഭ അയ്യർ | .. | 1–7–1977 |
| (3) | ,, കെ. അനന്തനാരായണ അയ്യർ | .. | 1–7–1977 |
| (4) | ,, എം. മുഹമ്മദ് സെർവർഖാൻ | .. | 2–12–1977 എ.എൻ. |

ശ്രീ. ഷാഹുൽ ഹമീദിന് പ്രൊമോഷൻ കിട്ടിയതോടെ റവന്യൂ ബോർഡ് (സിവിൽ സപ്ലൈസ്) ലുണ്ടായിരുന്ന സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ തസ്തിക റീജിയണൽ ആഫീസർ തലത്തിൽ ഉയർത്തുകയും അദ്ദേഹത്തെ അവിടെത്തന്നെ തുടരാൻ അനുവദിക്കുകയും ചെയ്തു.

റിപ്പോർട്ടുവർഷത്തിൽ അവർ അവരുടെ പേരിന് എതിരെ കൊടുത്തിരുന്ന വകുപ്പുകളുടെ ചുമതലകരം വഹിച്ചുപോന്നു:—

| | പേര് | | |
|---|---|---|---|
| (1) | ശ്രീ. കെ. മയിലേറും പെരുമാറംപിള്ള | മാർക്കറ്റ് ഇൻറലിജൻസ്, കോഴിക്കോട് | 1–6–1977 വരെ |
| (1A) | ,, കെ. അനന്തനാരായണ അയ്യർ | ടി | 1–7–1977 മുതൽ |
| (2) | ,, ജി. വേലായുധൻ തമ്പി | മാർക്കറ്റ് ഇൻറലിജൻസ്, തിരുവനന്തപുരം | മുഴുവൻ വർഷം |
| (3) | ,, എസ്. സിസിൽ | എസ്. ആർ., തിരുവനന്തപുരം | 6–6–1977 വരെ |
| (3A) | ,, കെ. മൈലേറും പെരുമാറംപിള്ള | ടി | 6–6–1977 മുതൽ |
| (4) | ,, പി. എം. തങ്കപ്പൻ | ടി. ആർ. എസ്., കോഴിക്കോട് | അവധി |
| (4A) | ,, കെ. എസ്. അയ്യപ്പൻ | ടി | 1–6–1977 വരെ |
| (4B) | ,, എച്ച്. പത്മനാഭ അയ്യർ | ടി | 1–7–1977 മുതൽ |
| (5) | ,, കെ. പി. മുഹമ്മദ് സാലി | ടി. ആർ. എസ്, എറണാകുളം | മുഴുവൻ വർഷം |
| (6) | ,, കെ. രാമനാരായണൻ | ടി. ആർ. എസ്., കൊല്ലം | ടി |
| (7) | ,, കെ. എസ്. അയ്യപ്പൻ | അൺ എംപ്ലോയ്മെൻറ് സർവേ, കോഴിക്കോട് | 1–6–1977 മുതൽ 2–12–1977 വരെ |

| പേര് | | |
|---|---|---|
| (7A) ശ്രീ. എം. മുഹമ്മദ് സെർവർ ഖാൻ | അൺ എംപ്ലോയ്മെൻറ് സർവെ, കോഴിക്കോട് | 2–12–1977 എ. എൻ. മുതൽ |
| (8) ,, എസ്. സിസിൽ | അൺ എംപ്ലോയ്മെൻറ് സർവേ, എറണാകുളം | 6–6–1977 മുതൽ 30–11–1977 വരെ |
| (8A) ,, കെ. എസ്. അയ്യപ്പൻ | ടി | 3–12–1977 മുതൽ തുടരുന്നു |
| (9) ,, പി. എം. തങ്കപ്പൻ | അൺ എംപ്ലോയ്മെൻറ് സർവേ, കൊല്ലം | 1–6–1977 മുതൽ 30–11–1977 വരെ |
| (9A) ,, എസ്. സിസിൽ | ടി | 1–12–1977 മുതൽ തുടരുന്നു |

ശ്രീ. കെ. രാജഗോപാലൻ, റീജിയണൽ ഓഫീസർ തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റം 30–4–1980 വരെ നിരസിച്ചതിനെത്തുടർന്ന് ശ്രീ. കെ. അനന്തനാരായണ അയ്യർ തൽസ്ഥാനത്ത് നിയമിതനായത്.

8. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ്.—ശ്രീമാൻമാർ വി. കെ. അച്ചുതൻ നമ്പ്യാർ, പി. നാരായണൻ, കെ. അപ്പുക്കുട്ടൻ നായർ എന്നിവർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് തസ്തികയിൽ റിപ്പോർട്ടുവർഷം തുടർന്നു.

9. സീനിയർ സൂപ്രണ്ട്.—റിപ്പോർട്ടുവർഷത്തിൽ താഴെ പറയുന്നവർ സീനിയർ സൂപ്രണ്ടുമാരായി തുടർന്നു:—

(1) ശ്രീ. ആർ. വി. അനന്തസുബ്രഹ്മണ്യം
(2) ,, ടി. ജി. ഫ്രാൻസീസ്
(3) ,, കെ. ശ്രീധരൻ
(4) ,, ജി. രവീന്ദ്രനാഥൻ ആശാരി
(5) ,, കെ. എ. ശങ്കു
(6) ,, പി. ആർ. മുരളീധരൻ നായർ

ശ്രീ. അനന്തസുബ്രഹ്മണ്യം പബ്ലിക്കേഷൻ അസിസ്റ്റൻറായും ശ്രീ. ഫ്രാൻസീസും ശ്രീ. രവീന്ദ്രനാഥൻ ആശാരിയും റിസർച്ച് ഓഫീസർമാരായും മറ്റു ജോലിയിൽ തുടർന്നുപോന്നു. 1–3–1978 മുതൽ ശ്രീ. ശങ്കു അവധിയെടുത്ത ഒഴിവിൽ ശ്രീ. കെ. പി. കരുണാകരൻ സീനിയർ സൂപ്രണ്ടായി താൽക്കാലികമായി നിയമിതനാവുകയും 19–8–1978 വരെ തുടരുകയും ചെയ്തു.

10. പബ്ലിക്കേഷൻ അസിസ്റ്റൻറ്.—ശ്രീ. ആർ. വി. അനന്ത സുബ്രഹ്മണ്യം റിപ്പോർട്ടുവർഷം മുഴുവൻ പബ്ലിക്കേഷൻ അസിസ്റ്റൻറായി തുടർന്നു.

11. റിസർച്ച് ഓഫീസർ.—അസിസ്റ്റൻറ് ഡയറക്ടറായി നിയമിതരാകുന്നതുവരെ താഴെ പറയുന്ന ഉദ്യോഗസ്ഥൻമാർ റിസർച്ച് ഓഫീസർ/എക്കണോമിക് ഇൻവെസ്റ്റിഗേറ്റർമാരായി തുടർന്നുപോന്നു:

(1) ശ്രീ. പി. ഗോപാലൻ
(2) ,, ഒ. അയ്യപ്പൻ
(3) ,, ആർ. പരമേശ്വരൻ നായർ
(4) ,, എ. അബ്ദുൾ ഗഫൂർ
(5) ,, സി. കുമാരസ്വാമി
(6) ,, എൻ. വിക്രമൻ നായർ

താഴെ പറയുന്നവർ എക്കണോമിക് ഇൻവെസ്റ്റിഗേറ്റർ/റിസർച്ച് ആഫീസർമാരായി റിപ്പോർട്ടുവർഷം മുഴുവനും തുടർന്നുപോന്നു:

(1) ശ്രീ. സി. ഡാനിയൽ (ലീവ്)
(2) ,, എ. വി. മത്തായി
(3) ,, എ. പി. പത്രോസ്
(4) ,, സി. സോമവർമ്മ
(5) ,, ഇ. വി. രാമൻ നമ്പൂതിരി
(6) ,, സി. ജി. വാസുദേവൻ നായർ
(7) ,, ആർ. ജനാർദ്ദനൻ
(8) ശ്രീമതി എസ്. സുനീത
(9) ശ്രീ. വി. എം. കുമാരൻ
(10) ശ്രീമതി എം. എസ്. വൽസല
(11) ശ്രീ. കെ. മുഹമ്മദ്കുട്ടി
(12) ,, ആർ. മോഹൻദാസ്
(13) ശ്രീമതി എസ്. ഇന്ദിര
(14) ശ്രീ. എ. മീരാസാഹിബ്
(15) ,, എം. കുഞ്ഞാമൻ

താഴെ പറയുന്നവർ റിപ്പോർട്ടുവർഷത്തിൽ അവർക്കെതിരെ കൊടുത്തിരിക്കുന്ന ദിവസം മുതൽ റിസർച്ച് ആഫീസർ തസ്തികയിൽ നേരിട്ടുള്ള നിയമനംവഴി ഉദ്യോഗത്തിൽ പ്രവേശിച്ചു:

| | | |
|---|---|---|
| (1) ശ്രീമതി രാജി പ്രസാദ് | .. | 1-4-1977 |
| (2) ശ്രീ. സി. അപ്പുക്കുട്ടൻ | .. | 2-12-1977 |
| (3) ,, കെ. പി. കേശവൻ നായർ | .. | 29-11-1977 എ.എൻ. |
| (4) ,, കെ. ടി. തോമസ് | .. | 6-2-1978 |

(5) ശ്രീ. പി. സി. ജയിൻ .. 5-4-1978
(6) ,, കെ. ജോർജ് മത്തായി .. 27-3-1978

താൽക്കാലികാടിസ്ഥാനത്തിൽ നിയമിതരായ താഴെ പറയുന്നവർ റിപ്പോർട്ടുവർഷം മുഴുവൻ റിസർച്ച് ആഫീസർമാരായി തുടർന്നുപോന്നു:

(1) ശ്രീ. എ. എം. ഹരിദാസൻ നായർ
(2) ,, പി. ജെ. ബേസിൽ
(3) ,, വി. എ. അബ്രഹാം
(4) ,, എൻ. രാജേന്ദ്രൻ
(5) ,, പി. ആർ. കൃഷ്ണപിള്ള
(6) ,, ഉറുമി ബാലാജി
(7) ,, എം. ഷംസുദീൻ
(8) ,, കെ. എൻ. സഹദേവൻ
(9) ,, പി. ജെ. ജോഷ്വ
(10) ,, മാത്യു തോമസ്
(11) ,, ഇ. പി. ഗോവിന്ദപ്പിള്ള
(12) ,, പി. കെ. ചന്ദു നായർ
(13) ,, വി. പി. മാത്യു
(14) ശ്രീമതി ജെ. പത്മം
(15) ശ്രീ. റ്റി. ജി. ഫ്രാൻസിസ്
(16) ,, കെ. ദിവാകരൻപിള്ള
(17) ,, എസ്. ഗോപാലൻ
(18) ,, കെ. വാസുദേവ ഭട്ടതിരി
(19) ,, കെ. ശിവശങ്കരൻ നായർ
(20) ,, എൻ. നാരായണപിള്ള
(21) ,, എൻ. അപ്പുക്കുട്ടൻപിള്ള
(22) ,, സാം വറുഗീസ്
(23) ,, കെ. പി. രാജേന്ദ്ര പ്രസാദ്
(24) ,, എം. വേലായുധൻ
(25) ശ്രീമതി മിനി ജോർജ്
(26) ശ്രീ. പി. കെ. ജോർജ്
(27) ,, ഇ. കെ. ശശിധരൻ
(28) ,, പി. ഗോപിനാഥൻ
(29) ,, എസ്. കൃഷ്ണൻ നായർ
(30) ശ്രീമതി മേരി മാനുവൽ
(31) ശ്രീ. എൻ. എസ്. രാജപ്പൻ
(32) ശ്രീമതി ജെ. ബിയാട്രിസ്

(33) ശ്രീ. എം. ഉണ്ണികൃഷ്ണൻ
(34) ,, വി. പരമേശ്വരൻ നായർ
(35) ,, പി. വൈ. ജേക്കബ്
(36) ,, റ്റി. യോഹന്നാൻ
(37) ,, കെ. ബാലകൃഷ്ണൻ നായർ
(38) ശ്രീമതി എ. സരസമ്മ
(39) ,, സി. വൈജയന്തി
(40) ,, ലില്ലിക്കുട്ടി കെ. വറുഗീസ്
(41) ശ്രീ. ജി. രവീന്ദ്രനാഥൻ ആചാരി
(42) ,, കെ. പി. അലക്സാണ്ടർ
(43) ,, ജോസഫ് ജെ. കാവുക്കാട്
(44) ,, വി. വൽസൻ
(45) ,, എം. എൻ. രാജൻ
(46) ,, എൻ. സുബ്രഹ്മണ്യപിള്ള
(47) ,, മാത്യു എം. വറുഗീസ്
(48) ,, കെ. മാധവൻ ഉണ്ണി
(49) ,, ടി. എച്ച്. വിൽസ്
(50) ശ്രീമതി കെ. ലീല
(51) ശ്രീ. എം. അബ്ദുൾ റഹിമാൻ
(52) ,, പി. എസ്. കൃഷ്ണൻകുട്ടി
(53) ,, എം. ഡി. യേശുദാസ്
(54) ശ്രീമതി കെ. പാറുക്കുട്ടിയമ്മ
(55) ,, കെ. രാധമ്മ
(56) ശ്രീ. ടി. വി. ഐസക്ക്
(57) ,, ടി. ആർ. വേലായുധൻ
(58) ,, പി. കെ. ദാസൻ
(59) ശ്രീമതി കെ. വി. മറിയാമ്മ
(60) ,, എ. ശ്യാമളാദേവി
(61) ശ്രീ. സി. ജെ. ഗോപാലകൃഷ്ണൻ നായർ
(62) ശ്രീമതി കെ. പി. ത്രേസ്യാമ്മ
(63) ശ്രീ. പി. ഗോപിനാഥൻ നായർ

ബ്യൂറോയുടെ ടെംബററി അഡീഷൻ ആയി പ്രഖ്യാപനം ചെയ്തിട്ടുള്ള മറ്റു വകുപ്പുകളിലെ റിസർച്ച് ആഫീസർ തസ്തികകളിൽ താഴെ പറയുന്ന ഉദ്യോഗസ്ഥൻമാർ അവർക്കെതിരെ കൊടുത്തിരിക്കുന്ന കാലയളവിൽ തുടർന്നു.

പേര്:

| | | |
|---|---|---|
| (1) ശ്രീ. ജി. രവീന്ദ്രനാഥൻ ആചാരി | ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, തിരുവനന്തപുരം | റിപ്പോർട്ടുവർഷം മുഴുവൻ |
| (2) ശ്രീ. എ. വി. മത്തായി | ലേബർ ഡിപ്പാർട്ടുമെൻറ്, തിരുവനന്തപുരം | ടി |
| (3) ശ്രീ. കെ, ബാലകൃഷ്ണമേനോൻ | റൂറൽ ഇൻഡസ്ട്രീസ് പ്രോജക്റ്റ്, ആലപ്പുഴ | ടി |
| (4) ശ്രീ. എ. എം. ഹരിദാസൻ നായർ | ടി | ടി |
| (5) ശ്രീ. വി. പി. മാത്യു | ടി | ടി |
| (6) ശ്രീ. എസ്. കൃഷ്ണൻ നായർ | ടി | ടി |
| (7) ശ്രീ. യു. ബാലാജി | റൂറൽ ഇൻഡസ്ട്രീസ് പ്രോജക്ട്സ്, തിരുവനന്തപുരം | 2-11-1977 വരെ |
| (7) (എ). ശ്രീ. എൻ. വിക്രമൻ നായർ | ടി | 1-12-1977 മുതൽ 17-3-1978 വരെ |
| (7) (ബി) ശ്രീ. എം. കുഞ്ഞാമൻ | ടി | 17-3-1978 മുതൽ |
| (8) ശ്രീ. കെ. ശിവശങ്കരൻ നായർ | ടി | റിപ്പോർട്ടുവർഷം മുഴുവൻ |
| (9) ശ്രീ. എൻ. നാരായണപിള്ള | ടി | ടി |
| (10) ശ്രീ. എസ്. ഗോപാലൻ | ടി | ടി |
| (11) ശ്രീ. വി. എസ്. കൃഷ്ണൻകുട്ടി | റൂറൽ ഇൻഡസ്ട്രീസ് പ്രോജക്റ്റ്, മലപ്പുറം | ടി |
| (12) ശ്രീ. കെ. സാം വറുഗീസ് | ടി | മുഴുവൻ |
| (13) ശ്രീ. എം. വേലായുധൻ | ടി | ടി |
| (14) ശ്രീ. എൻ. എസ്. രാജപ്പൻ | ടി | ടി |

പേര്:

| | | |
|---|---|---|
| (15) ശ്രീ. ജോസഫ് ജെ. കാവുക്കാട് | റൂറൽ ഇൻഡസ്ട്രീസ് പ്രോജക്ട്, കോഴിക്കോട് | മുഴുവൻ |
| (16) ശ്രീ. പി. കെ. ദാസൻ | ടി | ടി |
| (17) ശ്രീ. എം. ഉണ്ണിക്കൃഷ്ണൻ | ടി | ടി |
| (18) ശ്രീ. എം. ഡി. യേശുദാസ് | ടി | 8–11–1977 വരെ |
| (19) ശ്രീ. കെ. പി. അലക്സാണ്ടർ | കൃഷി ഡയറക്ടർ ആഫീസ്, തിരുവനന്തപുരം | മുഴുവൻ വർഷം |
| (20) ശ്രീ. എൻ. രാജേന്ദ്രൻ | ചീഫ് എഞ്ചിനീയേഴ്സ് ആഫീസ്, പി.ഡബ്ളിയു.ഡി. (ബി. ആൻറ് ആർ.), തിരുവനന്തപുരം | ടി |
| (21) ശ്രീ. പി. കെ. ജോർജ് | ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ആഫീസ്, തിരുവനന്തപുരം | ടി |
| (22) ശ്രീ. പി. ജെ. ബേസിൽ | ഇൻഡസ്ട്രീസ് ആൻറ് കോമേഴ്സ് ഡയറക്ടരാഫീസ്, തിരുവനന്തപുരം | ടി |
| (23) ശ്രീ. പി. ഗോപിനാഥൻ | ഫിഷറീസ് ഡയറക്ടർ ആഫീസ്, തിരുവനന്തപുരം | ടി |
| (24) ശ്രീ. എം. ഷംസുദീൻ | ഹെൽത്ത് ഡയറക്ടർ ആഫീസ്, തിരുവനന്തപുരം | 18–2–1978 വരെ |
| (25) ശ്രീ. പി. ആർ. കൃഷ്ണപിള്ള | ടി | 18–2–1978 മുതൽ |
| (26) ശ്രീ. എ. പി. പത്രോസ് | കോളേജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ ആഫീസ്, തിരുവനന്തപുരം | മുഴുവൻ വർഷവും |
| (27) ശ്രീ. റ്റി. യോഹന്നാൻ | ഇറിഗേഷൻ ചീഫ് എഞ്ചിനീയർ ആഫീസ്, തിരുവനന്തപുരം | ടി |
| (28) ശ്രീ. പി. കെ. ചന്ദ്രുനായർ | വിദ്യാഭ്യാസ ഡയറക്ടർ ആഫീസ്, തിരുവനന്തപുരം | ടി |
| (29) ശ്രീ. പി. വൈ. ജേക്കബ് | ടി | ടി |

| | | | |
|---|---|---|---|
| (30) | ശ്രീ. എൻ. സുബ്രഹ്മണ്യപിള്ള | ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈംസ്), തിരുവനന്തപുരം | ടി |
| (31) | ശ്രീമതി ജെ. ബിയാട്രിസ് | ചീഫ് ടൗൺ പ്ലാനർ ആഫീസ്, തിരുവനന്തപുരം | ടി |
| (32) | ശ്രീ. കെ. പി. രാജേന്ദ്രപ്രസാദ് | മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം | ടി |
| (33) | ശ്രീ. പി. ജെ. ജോഷ്വാ | ടി | 13-5-1977 മുതൽ ലൈവ്സ്റ്റോക്ക് വിഭാഗം |
| (34) | ശ്രീ. എൻ. അപ്പുക്കുട്ടൻപിള്ള | ടി | 21-6-1977 മുതൽ |
| (35) | ശ്രീ. മാത്യു തോമസ് | എംപ്ലോയ്മെൻറ് യൂണിറ്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം | ടി |
| (36) | ശ്രീമതി മിനി ജോർജ് | ടൗൺ പ്ലാനിംഗ് ആഫീസ്, എറണാകുളം | ടി |
| (37) | ശ്രീ. വി. പരമേശ്വരൻ നായർ | ഡിപ്പാർട്ടുമെൻറൽ മാൻപവർ ഓഫീസർ, കൃഷി ഡയറക്ടർ ആഫീസ്, തിരുവനന്തപുരം | ടി |
| (38) | ശ്രീ. കെ. മാധവനുണ്ണി | ഡിപ്പാർട്ടുമെൻറൽ മാൻപവർ ഓഫീസർ, ചീഫ് എഞ്ചിനീയർ ആഫീസ് (ബി. ആൻറ് ആർ.), തിരുവനന്തപുരം | ടി |
| (39) | ശ്രീമതി കെ. പാറുക്കുട്ടിയമ്മ | ഡിപ്പാർട്ടുമെൻറൽ മാൻപവർ ഓഫീസർ, ഹെൽത്ത് ഡയറക്ടർ ആഫീസ്, തിരുവനന്തപുരം | ടി |
| (40) | ശ്രീമതി മേരി മാനുവൽ | പ്ലാനിംഗ് ആൻറ് എക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ടുമെൻറ്, തിരുവനന്തപുരം | ടി |
| (41) | ശ്രീമതി എസ്. വൽസല | ടി | ടി |
| (42) | ശ്രീ. എം. ഷംസുദീൻ | ടി | 18-2-1978 മുതൽ |

| പേര്: | | |
|---|---|---|
| (43) ശ്രീ. എ. മീരാസാഹിബ് | ഡിപ്പാർട്ടുമെൻറൽ മാൻപവർ ഓഫീസർ, എംപ്ലോയ്മെൻറ് ട്രെയിനിംഗ് ഡയറക്ടറേറ്റ്, തിരുവനന്തപുരം | മുഴുവൻ വർഷം |
| (44) ശ്രീ. ഒ. അയ്യപ്പൻ | ഡിപ്പാർട്ടുമെൻറൽ മാൻപവർ ഓഫീസർ, ഇൻഡസ്ട്രീസ് ഡവലപ്പ്മെൻറ് കമ്മീഷണറേറ്റ്, തിരുവനന്തപുരം | 31–7–1977 വരെ |
| (45) ശ്രീ. കെ. മുഹമ്മദ്കുട്ടി | ടി | 1–8–1977 മുതൽ |
| (46) ശ്രീ. ഇ. വി. രാമൻ നമ്പൂതിരി | ഡിപ്പാർട്ടുമെൻറൽ മാൻപവർ ഓഫീസർ, ഫിഷറീസ് ഡയറക്ടർ ആഫീസ്, തിരുവനന്തപുരം | റിപ്പോർട്ടുവർഷം മുഴുവൻ |
| (47) ശ്രീ. റ്റി. എച്ച്. വിൽസ് | ചീഫ് എഞ്ചിനീയർ ആഫീസ് (ബി. ആൻറ് ആർ.), തിരുവനന്തപുരം | മുഴുവൻ വർഷം |
| (48) ശ്രീ. റ്റി. ആർ. വേലായുധൻ | ഡിപ്പാർട്ടുമെൻറൽ മാൻപവർ ഓഫീസർ, ടെക്ക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ആഫീസ്, തിരുവനന്തപുരം | ടി |
| (49) ശ്രീ. സി. ജെ. ഗോപാലകൃഷ്ണൻ | ഇൻഡസ്ട്രീസ് ഡവലപ്പ്മെൻറ് കമ്മീഷണറേറ്റ്, തിരുവനന്തപുരം | ടി |
| (50) ശ്രീ. പി. ഗോപിനാഥൻ നായർ | ഫിനാൻസ് ഡിപ്പാർട്ടുമെൻറ്, തിരുവനന്തപുരം | ടി |
| (51) ശ്രീ. കെ. റ്റി. തോമസ് | പി.ഡബ്ളിയു.ഡി. (ഇറിഗേഷൻ), തിരുവനന്തപുരം | 6–2–1978 മുതൽ |
| (52) ശ്രീ. ഇ. കെ. ശശിധരൻ | ഹരിജനക്ഷേമവകുപ്പ്, തിരുവനന്തപുരം | 10–1–1978 മുതൽ |

ശ്രീ. സി. ജി. വാസുദേവൻ നായരുടെ സേവനം 16–6–1975 മുതൽ സർക്കാർ ഉത്തരവ് ആർ. ടി. നമ്പർ 179/75/പി.എൽ.ജി., തീയതി 24–5–1975 അനുസരിച്ച് കേരള പ്ലാൻേറഷൻ കോർപ്പറേഷന് വിട്ടുകൊടുത്തിരുന്നത് റിപ്പോർട്ടുവർഷവും തുടർന്നു.

ശ്രീ. സി. കുമാരസ്വാമിയുടെ സേവനം സർക്കാർ ഉത്തരവ് നമ്പർ 360/75/പി.എൽ.ജി., തീയതി 11–9–1975 പ്രകാരം 1–10–1975 മുതൽ കേരള ലാൻഡ് യൂസ് ബോർഡിന് വിട്ടുകൊടുത്തിരുന്നത് റിപ്പോർട്ടുവർഷവും തുടർന്നു.

ശ്രീ. വി. കെ. ശശിധരൻെറ സേവനം ഈ വകുപ്പിൽ ചാർജ് എടുക്കുന്നതുവരെ താൻസാനിയ ഗവൺമെൻറിന് വിട്ടുകൊടുത്തിരിക്കുകയായിരുന്നു.

സ്ക്രൂട്ടിനി ഓഫീസർ.—താഴെ പറയുന്നവർ സ്ക്രൂട്ടിനി ആഫീസർമാരായി റിപ്പോർട്ടുവർഷം തുടർന്നു:

| പേര് | പ്രവർത്തിച്ചിരുന്ന കാലം |
|---|---|
| ശ്രീ. കെ. കെ. സുകുമാരൻ | റിപ്പോർട്ടുവർഷം മുഴുവൻ |
| ശ്രീമതി അന്നാമ്മ മാത്യു | ടി |
| ശ്രീമതി ജെ. സരോജിനി ദേവി | ടി |
| ശ്രീ. എസ്. ആർ. സെൽവരാജ് | ടി |

## 2. ജില്ലാഭരണ നിർവഹണം

താഴെ പറയുന്നവർ ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർമാരായി റിപ്പോർട്ടുവർഷത്തിൽ അവർക്കെതിരെ കൊടുത്തിരിക്കുന്ന കാലമത്രയും പ്രവർത്തിച്ചിരുന്നു:

| ജില്ല | പേര് | കാലം |
|---|---|---|
| തിരുവനന്തപുരം | ശ്രീ. കെ. രാജഗോപാലൻ | റിപ്പോർട്ടുവർഷം മുഴുവൻ |
| കൊല്ലം | ശ്രീ. കെ. കൃഷ്ണൻ | ടി |
| ആലപ്പുഴ | ശ്രീ. കെ. പി. കരുണാകരൻ പിള്ള | ടി |
| കോട്ടയം | ശ്രീ. കെ. എൻ. രാധാകൃഷ്ണൻ നായർ | 6–12–1977 വരെ |
| | ശ്രീമതി പി. രാജമ്മാൾ | 14–12–1977 മുതൽ |
| ഇടുക്കി | ശ്രീ. കെ. ശ്രീകണ്ഠൻ നായർ | റിപ്പോർട്ടുവർഷം മുഴുവൻ |
| എറണാകുളം | ശ്രീ. വി. സി. കുര്യൻ | ടി |
| തൃശ്ശൂർ | ശ്രീ. കെ. ശിവപാലൻ | 6–12–1977 വരെ |
| | ശ്രീ. കെ. എൻ. രാധാകൃഷ്ണൻ നായർ | 21–12–1977 മുതൽ |

| ജില്ല | പേര് | കാലം |
|---|---|---|
| പാലക്കാട് | ശ്രീ. കെ. അനന്തനാരായണ അയ്യർ | 1–7–1977 വരെ |
| | ശ്രീ. കെ. നാരായണൻ നായർ | 1–7–1977 മുതൽ |
| മലപ്പുറം | ശ്രീ. എൻ. ഒ. കുമാരൻ | 30–4–1977 വരെ |
| | ശ്രീ. എം. കെ. ഷൺമുഖം | 1–5–1977 മുതൽ |
| കോഴിക്കോട് | ശ്രീ. വി. സി. ജോർജ് | വർഷം മുഴുവൻ |
| കണ്ണൂർ | ശ്രീ. എച്ച്. പത്മനാഭ അയ്യർ | 1–7–1977 വരെ |
| | ശ്രീ. സി. കെ. വിദ്യാനന്ദൻ | 1–7–1977 മുതൽ |

അഡീഷണൽ ഡിസ്ട്രിക്ട് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ.—റിപ്പോർട്ടുവർഷം താഴെ പറയുന്നവർ അവർക്കെതിരെ കൊടുത്തിരിക്കുന്ന കാലയളവിൽ അഡീഷണൽ ഡിസ്ട്രിക്ട് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർമാരായി തുടർന്നു.

| ജില്ല | പേര് | കാലം |
|---|---|---|
| തിരുവനന്തപുരം | ശ്രീ. എച്ച്. ജോൺസൺ | വർഷം മുഴുവൻ |
| കൊല്ലം | ശ്രീ. എൻ. ബാലകൃഷ്ണൻ നായർ | ടി |
| ആലപ്പുഴ | ശ്രീ. മുഹമ്മദ് മൂസാക്കുഞ്ഞ് | റിപ്പോർട്ടുവർഷം മുഴുവൻ |
| കോട്ടയം | ശ്രീമതി പി. രാജമ്മാാം | 14–12–1977 വരെ |
| | ശ്രീ. കെ. ശിവപാലൻ | 21–12–1977 മുതൽ |
| ഇടുക്കി | ശ്രീ. കെ. കൃഷ്ണൻ | മുഴുവൻ വർഷം |
| എറണാകുളം | ശ്രീ. ഡി. സുകുമാരൻ നായർ | ടി |
| തൃശ്ശൂർ | ശ്രീ. കെ. പി. കൃഷ്ണൻ | ടി |
| പാലക്കാട് | ശ്രീ. കെ. നാരായണൻ നായർ | 30–6–1977 വരെ |
| | ശ്രീ. കെ. രാമക്കുറുപ്പ് | 1–7–1977 മുതൽ |
| മലപ്പുറം | ശ്രീ. എ. കെ. ഷൺമുഖം | 30–4–1977 വരെ |
| | ശ്രീ. രവീന്ദ്രനാഥൻ കർത്താ | 1–5–1977 മുതൽ |
| | ശ്രീമതി എം. എസ്. പുഷ്പകുമാരി | 10–8–1977 മുതൽ 31–10–1977 വരെ |
| കോഴിക്കോട് | ശ്രീ. എസ്. മാധവൻ നായർ | വർഷം മുഴുവൻ |
| കണ്ണൂർ | ശ്രീ. ഡി. കെ. വിദ്യാനന്ദൻ | 1–7–1977 വരെ |
| | ശ്രീ. കെ. എം. മാത്യു | 1–7–1977 മുതൽ |

താഴെ പറയുന്നവരെ റിപ്പോർട്ടുവർഷത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ/അഡീഷണൽ ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം കൊടുത്ത് നിയമിക്കുകയും അവർക്ക് എതിരെ കൊടുത്തിരിക്കുന്ന തീയതി മുതൽ പുതിയ തസ്തികയിൽ തുടരുകയും ചെയ്തു.

| | | |
|---|---|---|
| 1. | ശ്രീ. കെ. രാമക്കുറുപ്പ് | 1–7–1977 |
| 2. | ശ്രീ. കെ. എം. മാത്യു | 1–7–1977 മുതൽ 31–10–1977 വരെ |
| 3. | മേജർ പി. ആർ. ജി. നായർ | 10–8–1977 മുതൽ 31–10–1977 വരെ |
| 3. (എ) | ശ്രീമതി എം. എസ്. പുഷ്പകുമാരി | 10–8–1977 മുതൽ 31–10–1977 വരെ |
| 4. | ശ്രീ. കെ. വി. കുഞ്ഞപ്പൻ നായർ | 28–12–1977 മുതൽ |

മേജർ പി. ആർ. ജി. നായർ ആർമി സർവീസിൽ റിപ്പോർട്ടുവർഷം തുടർന്നു.

മറ്റു വകുപ്പുകളിലുള്ള സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ തസ്തികയിൽ ടെംബററി അഡീഷൻ ആയി താഴെ പറയുന്നവർ റിപ്പോർട്ടുവർഷത്തിൽ സേവനം അനുഷ്ഠിച്ചിരുന്നു:

പേര്:

| | | |
|---|---|---|
| 1. ശ്രീ. എം. മുഹമ്മദ് സർവർ ഖാൻ | കൃഷി ഡയറക്ടർ ആഫീസ്, തിരുവനന്തപുരം | 26–11–1977 വരെ |
| 1. (എ) ശ്രീമതി എം. എസ്. പുഷ്പകുമാരി | ടി | 28–12–1977 മുതൽ |
| 1. (ബി) ശ്രീ. കെ. പി. കുഞ്ഞപ്പൻ നായർ | ടി | |
| 2. ശ്രീമതി എസ്. സരസ്വതി | ബോർഡ് ഓഫ് റവന്യൂ (ടാക്സസ്), തിരുവനന്തപുരം | വർഷം മുഴുവൻ |
| 3. ശ്രീ. എ. ഷാഹുൽ ഹമീദ് | ബോർഡ് ഓഫ് റവന്യൂ (സിവിൽ സപ്ലൈസ്), തിരുവനന്തപുരം | 1–7–1977 വരെ |
| 4. ശ്രീ. രവീന്ദ്രനാഥ കർത്താ | കമാൻഡ് ഏരിയ ഡവലപ്മെൻറ് അതോറിട്ടി, തൃശ്ശൂർ | 30–4–1977 വരെ |
| 5. ശ്രീ. ടി. ദിവാകരൻ നായർ | മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെൻറ്, തിരുവനന്തപുരം | വർഷം മുഴുവൻ |

സി. എക്കണോമിക് ഇൻവെസ്റ്റിഗേറ്റർ.—താഴെ പറയുന്ന റിസർച്ച് ആഫീസർമാർ എക്കണോമിക് ഇൻവെസ്റ്റിഗേറ്റർമാരായി ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസിൽ റിപ്പോർട്ടുവർഷത്തിൽ ജോലി നോക്കിവന്നു:

| | | |
|---|---|---|
| 1. കൊല്ലം | ശ്രീ. പി. ഗോപാലൻ | 1–8–1977 വരെ |
| 1. (എ) | ശ്രീ. യൂ. ബാലാജി | 2–11–1977 മുതൽ |
| 2. കോട്ടയം | ശ്രീ. ഇ. പി. ഗോവിന്ദപിള്ള | മുഴുവൻ വർഷം |
| 3. എറണാകുളം | ശ്രീ. വി. എം. കുമാരൻ | ടി |
| 4. തൃശ്ശൂർ | ശ്രീ. സി. സോമവർമ്മ | ടി |
| 5. കോഴിക്കോട് | ശ്രീ. വി. വൽസൻ | ടി |
| 6. കണ്ണൂർ | ശ്രീ. എം. കുഞ്ഞാമൻ | 17–3–1978 വരെ |

ഡി. ഡെപ്യൂട്ടി ഹെൽത്ത് ആഫീസർ.—താഴെ പറയുന്നവർ റിപ്പോർട്ടു വർഷത്തിൽ അവർക്കെതിരെ കൊടുത്തിരിക്കുന്ന ഓഫീസുകളിൽ ഡപ്യൂട്ടി ഹെൽത്ത് ആഫീസർമാരായി തുടർന്നു:

| | | |
|---|---|---|
| 1. ശ്രീ. പി. വാസുദേവൻ | കോഴിക്കോട് കോർപ്പറേഷൻ | 7–5–1977 വരെ |
| 1. (എ) ശ്രീ. എം. ശ്രീരാമൻ | ടി | 7–5–1977 മുതൽ |
| 2. ശ്രീ. പി. കെ. പങ്കജാക്ഷൻ | മുനിസിപ്പൽ ആഫീസ്, ആലപ്പുഴ | വർഷം മുഴുവൻ |
| 3. ശ്രീ. പി. എ. കുഞ്ഞാമ്മൂട്ടി | മുനിസിപ്പൽ ആഫീസ്, കൊല്ലം | ടി |
| 4. ശ്രീ. ആർ. രവീന്ദ്രൻ നായർ | തിരുവനന്തപുരം കോർപ്പറേഷൻ | ടി |
| 5. ശ്രീ. എം. ശ്രീരാമൻ | കൊച്ചിൻ കോർപ്പറേഷൻ, കൊച്ചിൻ | 7–5–1977 വരെ |
| 5. (എ) ശ്രീ. പി. വാസുദേവൻ | ടി | 7–5–1977 മുതൽ |

ചെലവുകൾ.—ബ്യൂറോയിൽ റിപ്പോർട്ടുവർഷത്തിൽ വിവിധ പദ്ധതികൾക്കായി ചിലവായ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| | നോൺ പ്ലാൻ | രൂപ |
|---|---|---|
| 304 (ഡി) 1 | എക്കണോമിക്സ് സ്റ്റാറ്റിസ്റ്റിക്സ് ബ്യൂറോ | 54,75,411 |
| 304 (ഡി) 2 | ദേശീയ സാംബിൾ സർവേ | 4,58,844 |
| 304 (ഡി) 7 | വിലവിവരഘടകം ശക്തിപ്പെടുത്തൽ | 92,448 |
| 304 (ഡി) 8 | ആസൂത്രണങ്ങൾക്കുവേണ്ടി ധനവിഭവങ്ങളുടെ സ്ഥിതി വിവരക്കണക്കു വിഭാഗം ആരംഭിക്കൽ | 10,645 |

| | നോൺ പ്ലാൻ | രൂപ |
|---|---|---|
| 304 (ഡി) 9 | നഗരങ്ങൾ, മുനിസിപ്പൽ പട്ടണങ്ങൾ ഇവയെ സംബന്ധിച്ച സ്ഥിതിവിവരങ്ങളും, ജില്ലാ സ്ഥിതിവിവര ലഘു ലേഖകളും തയ്യാറാക്കൽ | 18,060 |
| 304 (ഡി) 10 | ഔദ്യോഗിക സ്ഥിതിവിവരക്കണക്കു ഏകോപനം | 35,770 |
| 304 (ഡി) 16 | വിലയിരുത്തൽ ഘടകം | 1,40,163 |
| 307 (ഇ) 1 | മണ്ണുസംരക്ഷണത്തിന്റെ വിലയിരുത്തൽ പരിപാടി | 47,915 |
| 320 എ (എഫ്) 11 | വ്യാവസായിക സ്ഥിതിവിവര ഘടകങ്ങൾ | 92,754 |
| 265 (ഡി) 3 | മുനിസിപ്പാലിറ്റികളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ശക്തിപ്പെടുത്തൽ | 3,57,953 |
| 283 (എ) ഡി | ഹൗസിംഗ് സ്റ്റാറ്റിസ്റ്റിക്കൽ സെൽ പ്ലാൻ | 74,486 |
| 304 (ഡി) 3 | സംസ്ഥാന സ്റ്റാറ്റിസ്റ്റിക്കൽ ബ്യൂറോ സർവീസിലുള്ളവർക്ക് പരിശീലന പരിപാടികൾ | 25,055 |
| 304 (ഡി) 4 | നിർമ്മാണം, കച്ചവടം, വാണിജ്യം എന്നീ വിഭാഗങ്ങളിൽ വേതന നിരക്കുകളുടെ സർവെ | 46,290 |
| 304 (ഡി) 5 | യാന്ത്രിക കണക്കുകൂട്ടൽ യൂണിറ്റിന്റെ സ്ഥാപനം | 1,12,144 |
| 304 (ഡി) 6 | സംസ്ഥാന വരുമാന സ്ഥിതിവിവരക്കണക്കു വിഭാഗം | 30,484 |
| 304 (ഡി) 11 | വ്യാവസായികോൽപാദന സൂചികാ നിർമ്മാണം | 1,08,033 |
| 304 (ഡി) 15 | അതാതു കാലത്തെ കാർഷിക സ്ഥിതിവിവരക്കണക്കുകൾ റിപ്പോർട്ടുചെയ്യുന്നതിനുള്ള സർവെ (കേന്ദ്രാവിഷ്കൃത പദ്ധതി) | 35,89,544 |
| 304 (ഡി) 17 | സംസ്ഥാന വരുമാന സ്ഥിതിവിവരക്കണക്ക് വിഭാഗം വിവിധ തലങ്ങളിൽ മെച്ചപ്പെടുത്തുന്നതിന് | 28,583 |
| 304 (ഡി) 18 | കേരളത്തിലെ തൊഴിലില്ലായ്മയെപ്പറ്റിയുള്ള സർവെ | 2,41,553 |
| 304 (ഡി) 20 | സാമ്പത്തിക സെൻസസും സർവെയും (കേന്ദ്രാവിഷ്കൃത പദ്ധതി) | 6,30,877 |
| 304 (ഡി) 21 | ആറാം പദ്ധതിയുടെ പ്രാരംഭ പണികൾക്ക് | 24,156 |

| | പ്ലാൻ | രൂപ |
|---|---|---|
| 305 (എം) 1 | കാർഷിക കാനേഷുമാരി (കേന്ദ്രമേഖല പദ്ധതി) | 4,42,177 |
| 305 (എം) 6 | കൃഷിഭൂമികളിൽ കൂടുതൽ വിളവു നൽകുന്ന വിത്തിനങ്ങളെ വിലയിരുത്താനുള്ള സർവെ | 50,015 |
| 281 (ഐ) 3 | ജനസംഖ്യാപഠനകേന്ദ്രം | 1,32,473 |

അദ്ധ്യായം രണ്ട്

## കൃഷി വിഭാഗം

1. കേരളത്തിലെ കാർഷിക സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിന് ഒരു ഏജൻസി സ്ഥാപിക്കൽ.—പ്രസ്തുത സ്കീം റിപ്പോർട്ടു വർഷത്തിലും തുടർന്നു. വിവിധ വിളവുകൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം തിട്ടപ്പെടുത്തുക, ജലസേചനം ലഭിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം നിർണ്ണയിക്കുക, പ്രധാന കാർഷിക വിളവുകളുടെ ഉൽപാദനം, അത്യുൽപാദന ശേഷിയുള്ള നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം എന്നിവയുടെ മതിപ്പ് തയ്യാറാക്കുക, ഇവയാണ് ഈ സ്കീം കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

തരം തിരിച്ചുള്ള ഏകതല സാംബ്ലിങ്ങാണ് സർവെ അവലംബിച്ചത്. താലൂക്ക് ഒരു സ്രാട്ടം ആയും അതിലെ ഒരു റവന്യൂ വില്ലേജ് അതിന്റെ മാതൃകാ യൂണിറ്റും ആയിരുന്നു.

1976-77-ൽ ഈ സർവെ നടത്തുന്നതിനുവേണ്ടി തിരഞ്ഞെടുത്ത 200 വില്ലേജുകളിലെ ഫീൽഡുവർക്ക് പൂർത്തിയാക്കുകയും അതിൽനിന്നും ലഭിച്ച വിവരങ്ങളുടെ അപഗ്രഥനം നടത്തുകയും ചെയ്തു. 1977-78-ൽ 265 ഗ്രാമങ്ങൾ അതായത് സംസ്ഥാനത്തെ 20 ശതമാനം വില്ലേജുകൾ ഫീൽഡുവർക്കിനുവേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്. ഇവയിൽ ഫീൽഡുവർക്ക് പുരോഗമിച്ചുവരുന്നു. ഭൂവിനിയോഗത്തിന്റെയും ദീർഘകാല വിളവുകളുടേയും വിവരങ്ങൾ വർഷത്തിലൊരിക്കലും ഹ്രസ്വകാല വിളവുകളുടേത് ഓരോ സീസണിലും ശേഖരിച്ചിരുന്നു. 1977-78-ൽ തിരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ നെല്ല്, മരച്ചീനി, തെങ്ങ്, കമുക്, കശുമാവ്, കുരുമുളക്, പ്ലാവ്, എള്ള്, ഏത്തവാഴ, മറ്റു വാഴകൾ എന്നിവയുടെ വിളവെടുപ്പ് പരീക്ഷണങ്ങൾ നടത്തിവരുന്നു. വിരിപ്പുകൃഷിയുടേയും വിളവെടുപ്പുവിവരങ്ങൾ ശേഖരിച്ചുകഴിഞ്ഞു. പുഞ്ചക്കൃഷിയുടേത് നടന്നുകൊണ്ടിരിക്കുന്നു.

2. ഉൽപാദന സ്ഥിതി വിവരം.—(എ) നെല്ല്.—1976-77-ലെ മുണ്ടകൻ കൃഷി, പുഞ്ചക്കൃഷി എന്നിവയുടേയും 1977-ലെ വിരിപ്പുകൃഷിയുടേയും, വിളവെടുപ്പ് പരീക്ഷണങ്ങൾ മുഖേന ശേഖരിച്ച സ്ഥിതിവിവരങ്ങൾ അപഗ്രഥനം ചെയ്ത് ഈ സർവെകളുടെ റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി.

ഈ സർവെകളുടെ അടിസ്ഥാനത്തിൽ നെൽക്കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തീർണ്ണം ശരാശരി വിളവ്, അരിയുടെ ഉൽപാദനം എന്നിവയുടെ മതിപ്പുകൾ താഴെ കൊടുക്കുന്നു:—

| വിളയുടെ പേര് | | പരീക്ഷണങ്ങളുടെ എണ്ണം | കൃഷി ചെയ്യുന്ന സ്ഥലം (ഹെക്ടർ) | ശരാശരി വിളവ് നെല്ല് (കി. ഗ്രാം/ഹെക്ടർ) | ഉൽപാദനം അരി (ടൺ) |
|---|---|---|---|---|---|
| (1) | | (2) | (3) | (4) | (5) |
| മുണ്ടകൻ | 1976–77 | 1,149 | 381,678 | 2,344 | 587,737 |
| പുഞ്ച | 1976–77 | 958 | 108,874 | 2,497 | 178,619 |
| വിരിപ്പ് | 1977–78 | 1,378 | 365,111 | 2,300 | 551,792 |

1977-78-ലെ മുണ്ടകൻ കൃഷിയുടെ വിളവെടുപ്പ് തീർന്നു. പുഞ്ചക്കൃഷിയുടേത് പുരോഗമിക്കുന്നു.

(ബി) മരച്ചീനിയുടെ വിളവെടുപ്പ് പരീക്ഷണങ്ങൾ 1976–77.—ചുരുക്കം ചില താലൂക്കുകൾ ഒഴികെ സംസ്ഥാനത്തിലാകെ ഈ സർവെ നടത്തുകയുണ്ടായി. ഓരോ ജില്ലയിലും സംസ്ഥാനത്തൊട്ടാകെയും മരച്ചീനി കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തീർണ്ണവും ഉൽപാദിപ്പിച്ച മരച്ചീനിയും തിട്ടപ്പെടുത്തുകയും ആയതു് 1976-77-ലെ നെല്ലിന്റെയും മരച്ചീനിയുടേയും വിളവു തിട്ടപ്പെടുത്തുന്ന സർവെയുടെ സംയോജന റിപ്പോർട്ടിൽ നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് പച്ച മരച്ചീനിയുടെ ഉൽപാദനവും കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തീർണ്ണവും താഴെ കൊടുക്കുന്നു:—

| കാലയളവ് | അപഗ്രഥിച്ച പരീക്ഷണങ്ങളുടെ എണ്ണം | കൃഷിസ്ഥലത്തിന്റെ വിസ്തൃതി ഹെക്ടർ | ശരാശരി വിളവ് ടൺ/ഹെക്ടർ | പച്ചക്കപ്പയുടെ ഉൽപ്പാദനം (ടൺ) |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1976–77 | 950 | 323278 | 15.85 | 5025524 |

(സി) തെങ്ങ്, കമുക്, കുരുമുളക്, കശുമാവ്, എന്നിവയുടെ വിളവെടുപ്പു് പരീക്ഷണങ്ങൾ.—1976–77-ൽ തെങ്ങ്, കമുക്, കുരുമുളക്, കശുമാവ്, എന്നീ വിളവുകൾക്ക് വിളവു തിട്ടപ്പെടുത്തൽ പരീക്ഷണങ്ങൾ നടത്തുകയും പരീക്ഷണഫലങ്ങൾ വിളവു തിട്ടപ്പെടുത്തൽ സംയോജിത റിപ്പോർട്ട് 1975–77-ൽ നൽകുകയും ചെയ്തു. മേൽപറഞ്ഞ വിളവു

കളുടെ ഉൽപാദനവും കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തീർണ്ണവും താഴെ കൊടുക്കുന്നു:—

| ക്രമ നമ്പർ | വിളകൾ | അപഗ്രഥിച്ച പരീക്ഷണങ്ങളുടെ എണ്ണം | കൃഷിസ്ഥലത്തിന്റെ വിസ്തൃതി (ഹെക്ടർ) | ശരാശരി വിളവ് | ഉൽപാദനം (ടൺ) |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | തേങ്ങാ .. | 525 | 694985 | 4817* | 3348@ |
| 2 | അടക്കാ .. | 441 | 68356 | 165355* | 11303@ |
| 3 | കുരുമുളക് .. | 406 | 108666 | 225 | 24497 |
| 4 | കശുവണ്ടി .. | 346 | 113326 | 770 | 87257 |

* ഒരു ഹെക്ടറിലെ ശരാശരി എണ്ണം.

@ പത്തുലക്ഷത്തിൽ.

1977-78-ലെ തെങ്ങ്, കമുക്, കുരുമുളക്, കശുമാവ്, പ്ലാവ് ഏത്തവാഴ മറ്റു വാഴകൾ, എള്ള് എന്നിവയുടെ വിളവെടുപ്പ് സർവ്വേകൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

3. രംഗപരീക്ഷണങ്ങളുടെ ദേശീയ സൂചിക.—കഴിഞ്ഞ വർഷങ്ങളിലെ പോലെ സംസ്ഥനത്തെ വിവിധ കാർഷിക ഗവേഷണ കേന്ദ്രങ്ങളിൽ നിന്നും നാഷണൽ ഇൻഡക്സ് തയ്യാറാക്കുന്നതിനുവേണ്ടി വിവരങ്ങൾ ശേഖരിച്ചു. സ്റ്റേറ്റിന്റെ വിവിധ ഭാഗങ്ങളിൽ നടത്തുന്ന പരീക്ഷണങ്ങളുടെ ഫലങ്ങൾ ഒന്നിച്ച് ചേർത്തൊരു റിപ്പോർട്ടുണ്ടാക്കാനാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ കൃഷിവകുപ്പ്, കേന്ദ്ര ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് മറ്റു സ്ഥാനങ്ങൾ എന്നിവ നടത്തിയ പരീക്ഷണങ്ങളുടെ ഫലങ്ങൾ ഈ ആഫീസിൽ അയച്ചുകിട്ടിയത് അപഗ്രഥനം ചെയ്യുകയുണ്ടായി. ഐകരൂപ്യമുള്ള ഒരടിസ്ഥാനത്തിലും പ്രാമാണികമായ രീതിയിലും ഈ എല്ലാ വിവരങ്ങളുടേയും അനുക്രമണിക ഈ രാജ്യത്തെ എല്ലാ കാർഷിക ഗവേഷകർക്കും ലഭ്യമാകത്തക്ക വിധത്തിൽ തയ്യാറാക്കുന്നതാണ് ഇതിന്റെ ഉദ്ദേശം. കൃഷി രീതികളിൽ പല പരിഷ്ക്കാരങ്ങളും വരുത്തുന്നതിന്റെ ഫലമായി വിളവുൽപാദനത്തിൽ ഉണ്ടാകുന്ന ഫലം നിർണ്ണയിക്കുന്നതിനും പുതിയ അറിവുകൾ ആർജ്ജിക്കുന്നതിനും ഫീൽഡു പരീക്ഷണങ്ങൾ അനിവാര്യമാണ്. സംസ്ഥാനത്തിന്റെ വിവിധ ഗവേഷണ കേന്ദ്രങ്ങൾ നടത്തുന്ന പരീക്ഷണങ്ങൾ മൂലം ലഭിക്കുന്ന വിവരങ്ങൾ ഈ ബ്യൂറോ ശേഖരിക്കുകയും അപഗ്രഥിക്കുകയും ചെയ്യുന്നു. ഈ അപഗ്രഥനം മൂലം ലഭിക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ട ഗവേഷണകേന്ദ്രങ്ങളേയും കൃഷി വകുപ്പു ഡയറക്ടറേയും കാർഷിക ഗവേഷണ സ്ഥിതിവിവര ഇൻസ്റ്റിറ്റ്യൂട്ടിനേയും അറിയിക്കുന്നു.

റിപ്പോർട്ടു വർഷത്തിൽ നെല്ലിന്റെ 26 പരീക്ഷണ റിപ്പോർട്ടുകളും കുരുമുളകിന്റെ 4 റിപ്പോർട്ടുകളും ഇഞ്ചിപുല്ലിന്റെ 21 പരീക്ഷണ റിപ്പോർട്ടുകളും അപഗ്രഥിക്കുകയും അതിന്റെ വിവരങ്ങൾ മുകളിൽ പറയുന്ന ഏജൻസികൾക്കു അയച്ചുകൊടുക്കുകയും ചെയ്തു.

റിപ്പോർട്ടുവർഷത്തിൽ അപഗ്രഥനം നടത്തിയ പരീക്ഷണങ്ങളുടെ മാതൃകയും വിളയും അനുസരിച്ചുള്ള തരംതിരിവ് ചുവടെ ചേർക്കുന്നു:—

| ക്രമനമ്പർ | വിളവ് | ഓരോ മാതൃകയിലുമുള്ള പരീക്ഷണങ്ങളുടെ എണ്ണം | | | | ആകെ |
|---|---|---|---|---|---|---|
| | | വള പ്രയോഗം | കാംച്ചറൽ | ഇനങ്ങളെ പ്പറ്റി | കീടങ്ങളുടെയും രോഗങ്ങളുടെയും നിയന്ത്രണം | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | നെല്ല് | 8 | 1 | 8 | 9 | 26 |
| 2 | കുരുമുളക് | .. | .. | .. | 4 | 4 |
| 3 | ഇഞ്ചിപുല്ല് | 5 | 10 | 6 | .. | 21 |
| | ആകെ | 13 | 11 | 14 | 13 | 51 |

4. കാർഷിക സ്ഥിതി വിവരകണക്ക്.—താഴെ പറയുന്ന ജോലികളും റിപ്പോർട്ടുവർഷത്തിൽ ചെയ്യുകയുണ്ടായി:—

(എ) 1. സംസ്ഥാനത്തെ കാർഷിക സ്ഥിതിവിവരം തയ്യാറാക്കുക.

2. സംസ്ഥാനത്തെ മഴയുടെ കണക്കു തയ്യാറാക്കുക.

(ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട വിളവുകൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെയും ഉൽപ്പാദനത്തിന്റെയും മുൻകൂർ കണക്കുകൾ തയ്യാറാക്കുക.

(സി) 1964-ലെ കെ. എൽ. ആർ. ആക്ടിൽ പറഞ്ഞിട്ടുള്ള ചില വിളവുകളുടെ ഉൽപ്പാദനത്തിന്റെ സ്ഥിതി വിവരം തയ്യാറാക്കുക.

(ഡി) കാലാവസ്ഥയേയും വിളകളേയും പറ്റിയുള്ള റിപ്പോർട്ടു തയ്യാറാക്കുക.

(എ) 1. 1976-77-ലെ കാർഷികസ്ഥിതി വിവരപ്പട്ടിക തയ്യാറാക്കി. ഭൂവിനിയോഗമനുസരിച്ചുള്ള വിസ്തീർണ്ണം തരം തിരിച്ച് താഴെ കൊടുക്കുന്നു:—

| ഭൂമിയുടെ തരം തിരിവ് | വിസ്തീർണ്ണം (ഹെക്ടർ) | ശതമാനം |
|---|---|---|
| 1. ആകെ ഭൂമിയുടെ വിസ്തീർണ്ണം .. | 3885197 | 100 |
| 2. വനം .. | 1031509 | 27.83 |
| 3. കാർഷികേതര ആവശ്യത്തിനുപയോഗിക്കുന്ന ഭൂമി .. | 260388 | 6.70 |

| | ഭൂമിയുടെ തരം തിരിവ് | വിസ്തീർണ്ണം (ഹെക്ടർ) | ശതമാനം |
|---|---|---|---|
| 4. | തരിശും കൃഷിക്കുപയോഗശൂന്യവുമായ ഭൂമി (പാഴ്ഭൂമി) .. | 78837 | 2.03 |
| 5. | സ്ഥിരമായ പുൽത്തകിടികളും മേച്ചിൽ സ്ഥലങ്ങളും .. | 16093 | 0.42 |
| 6. | പലവിധ കൃഷിവിളകൾ കൃഷി ചെയ്യുന്ന സ്ഥലങ്ങൾ .. | 72668 | 1.87 |
| 7. | കൃഷി ചെയ്യാവുന്ന പാഴ്സ്ഥലം .. | 115726 | 2.98 |
| 8. | തൽക്കാലം തരിശായി കിടക്കുന്ന ഭൂമി .. | 37409 | 0.96 |
| 9. | മറ്റിനം തരിശുഭൂമി .. | 22264 | 0.57 |
| 10. | കൃഷിയിറക്കിയ ഭൂമിയുടെ വിസ്തീർണ്ണം .. | 2200601 | 56.64 |
| 11. | ഒന്നിൽ കൂടുതൽ തവണ കൃഷിയിറക്കിയ ഭൂമി .. | 732849 | 18.86 |
| 12. | മൊത്തം കൃഷിയിറക്കിയ ഭൂമിയുടെ വിസ്തീർണ്ണം .. | 2933450 | 75.49 |

പ്രധാനപ്പെട്ട വിളകളുടെ ഉൽപാദനവും കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തീർണ്ണവും താഴെ കൊടുക്കുന്നു. 1976–77–ലെ ടി. ആർ. എസ്. മുഖേന ലഭിച്ച വിവരങ്ങളാണ് ഇവ:—

| വിളവുകളുടെ പേര് (1) | കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) (2) | ഉൽപാദനം (ടൺ) (3) |
|---|---|---|
| 1. നെല്ല് .. | 854374 | 1254003 |
| 2. പയർവർഗ്ഗങ്ങൾ .. | 36529 | 16270 |
| 3. കരിമ്പ് .. | 7172 | 40460 |
| 4. കുരുമുളക് .. | 108666 | 24497 |
| 5. ഇഞ്ചി .. | 10347 | 25447 |
| 6. ഏലം .. | 51681 | 1420 |
| 7. മഞ്ഞൾ .. | 2355 | 2213 |
| 8. കമുക് .. | 68356 | 11303000000 (അടക്കാ) |
| 9. ഏത്തവാഴയും മറ്റുവാഴകളും .. | 51697 | 390609 |
| 10. കശുമാവ് .. | 113326 | 87257 |
| 11. മരച്ചീനി .. | 323278 | 5125524 |
| 12. മധുരക്കിഴങ്ങ് .. | 5963 | 26837 |
| 13. കപ്പലണ്ടി (നിലക്കടല) .. | 16622 | 17453 |

| വിളവുകളുടെ പേര്<br>(1) | | കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ)<br>(2) | ഉൽപാദനം (ടൺ)<br>(3) |
|---|---|---|---|
| 14. എള്ള് | .. | 15970 | 4450 |
| 15. തെങ്ങ് | .. | 694985 | 3348000000 (തേങ്ങ) |
| 16. പരുത്തി | .. | 7249 | 9806 (ബെയിൽസ്) |
| 17. പുകയില | .. | 539 | 1047 |
| 18. കാപ്പി | .. | 40502 | 15030 |
| 19. റബ്ബർ | .. | 209723 | 139349 |
| 20. തേയില | .. | 36161 | 41644 |

(എ) 2. 90 കേന്ദ്രങ്ങളിൽ നിന്നും ദിവസേനയുള്ള മഴയുടെ വിവരം ലഭിക്കുന്നു. ഇവ സമാഹരിച്ച് പൂനയിലെ ഒബ്സർവേറ്ററികളുടെ ഡെപ്യൂട്ടി ഡയറക്ടർ ജനറൽക്ക് അയച്ചുകൊടുത്തു.

(ബി) പ്രധാനപ്പെട്ട വിളവുകൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയും ഉൽപാദനവും മുൻകൂട്ടി കണക്കാക്കുന്ന രീതിയനുസരിച്ച് ഈ വർഷവും പ്രസ്തുത റിപ്പോർട്ടുകൾ തയ്യാറാക്കി നിശ്ചിത സമയത്തിന് കേന്ദ്ര ഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റിനും അയച്ചുകൊടുത്തു.

(സി) 1970-ലെ കെ. എൽ. ആർ. ടെനൻസി റൂളിലെ 41-ാം വകുപ്പനുസരിച്ച് 1977-78-ലെ വിളവുകളുടെ ഹെക്ടറിൻപ്രതിയുള്ള മൊത്തം ഉൽപ്പന്നത്തിന്റെ സ്ഥിതിവിവരക്കണക്ക് പ്രസിദ്ധപ്പെടുത്തി.

(ഡി) 1975-76-ലെ ടി. ആർ. എസ്. റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി. 1976-77-ലെ റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ഇ) <u>സമാന്തരസാംബിൾ പരിശോധന പദ്ധതി.</u>— സാംബിൾ പരിശോധന പദ്ധതിയനുസരിച്ച് ടി. ആർ. എസ്സിന് തിരഞ്ഞെടുക്കപ്പെട്ട 5 ശതമാനം വില്ലേജുകളിലെ മേൽനോട്ടം ഈ ഡിപ്പാർട്ടുമെന്റിലെ സ്റ്റാറ്റിസ്റ്റിക്സ് ഇൻസ്പെക്ടർമാരിലും ബാക്കിയുള്ളത് എൻ. എസ്. എസ്. ഒ. യിലും നിക്ഷിപ്തമായിരുന്നു. സ്വന്തം അധികാരപരിധിയിൽ വരുന്ന സാംബിളിലെ ഫീൽഡ് വർക്ക് അതാത് സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാർ നടത്തുന്നു. തിരഞ്ഞെടുക്കപ്പെട്ട പ്ലോട്ടുകളിൽ ഈ ജോലി പുരോഗമിക്കുന്നു.

1978-79-ൽ ഇരുപതു ശതമാനം വില്ലേജുകളിൽ ടി. ആർ. എസ്. നടത്തുന്നതിനുള്ള പദ്ധതി ഇൻഡ്യാ ഗവൺമെന്റിന്റെ ഭരണാനുമതിക്കും സാങ്കേതികാനുമതിക്കുമായി അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) കാർഷിക സെൻസസ് 1976–77.—ഭാരതത്തിലാകമാനം നടത്തുന്ന കാർഷിക സെൻസസിന്റെ ഭാഗമായി കേരളത്തിലും 1976–77-ൽ സംസ്ഥാന വ്യാപകമായി കാർഷിക സെൻസസ് നടത്തുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചു.

സെൻസസിന്റെ പ്രധാന ലക്ഷ്യങ്ങൾ.—1. ഭൂപരിഷ്ക്കരണ നിയമം നടപ്പാക്കിയതിനുശേഷം ഭൂമിയുടെ കൈവശാവകാശത്തിൽ വന്നുചേർന്നിട്ടുള്ള വ്യത്യാസങ്ങളും അതുകൊണ്ടുണ്ടായിട്ടുള്ള ഗുണങ്ങളും അപഗ്രഥിക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുക.

2. ഭൂവിനിയോഗം, കാർഷികവിളകളുടെ വിസ്തീർണ്ണം, ജലസേചന സൗകര്യം, തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക.

3. വിത്ത്, വളം, കീടനാശിനികൾ, തുടങ്ങി കാർഷികാവശ്യത്തിനുള്ള നിവേശങ്ങളെ (in puts) പ്പറ്റി സമഗ്രമായ വിവരങ്ങൾ ശേഖരിക്കുക.

4. കാർഷികാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന ഉപകരണങ്ങൾ, കന്നുകാലികൾ, തുടങ്ങിയവയെപ്പറ്റി ചില പ്രധാന വിവരങ്ങൾ ശേഖരിക്കുക.

പദ്ധതി.—കേരളത്തിലെ 57 താലൂക്കുകളിൽ ഓരോന്നിൽ നിന്നും 15 ശതമാനം വില്ലേജുകൾ സെൻസസിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇപ്രകാരം എല്ലാ ജില്ലകളിലും കൂടി 200 വില്ലേജുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഓരോ ജില്ലയിലേയും വില്ലേജുകളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു:—

| ക്രമ നമ്പർ | ജില്ലയുടെ പേര് | | ആകെ വില്ലേജുകൾ (1971-ലെ സെൻസസ് പ്രകാരം) | തെരഞ്ഞെടുത്ത വില്ലേജുകൾ |
|---|---|---|---|---|
| (1) | (2) | | (3) | (4) |
| 1. | തിരുവനന്തപുരം | .. | 94 | 14 |
| 2. | കൊല്ലം | .. | ९9 | 16 |
| 3. | ആലപ്പുഴ | .. | 9) | 16 |
| 4. | കോട്ടയം | .. | 74 | 12 |
| 5. | ഇടുക്കി | .. | 42 | 6 |
| 6. | എറണാകുളം | .. | 100 | 16 |
| 7. | തൃശ്ശൂർ | .. | 2:4 | 33 |
| 8. | പാലക്കാട് | .. | 152 | 23 |
| 9. | മലപ്പുറം | .. | 122 | 18 |
| 10. | കോഴിക്കോട് | .. | 123 | 18 |
| 11. | കണ്ണൂർ | .. | 188 | 28 |
| | ആകെ | .. | 1327 | 200 |

തെരഞ്ഞെടുക്കപ്പെട്ട 200 വില്ലേജുകളിലും എല്ലാ വീടുകളും സന്ദർശിച്ച് കൃഷിഭൂമി കൈവശക്കാരുടെ പട്ടിക തയ്യാറാക്കുന്നു. ഗാർഹീക കൈവശക്കാരുടെയും സ്ഥാപനകൈവശക്കാരുടേയും പ്രത്യേകം പട്ടിക തയ്യാറാക്കുന്നു. പ്രധാന സെൻസസിനുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് ഗാർഹീക കൈവശക്കാരുടെ പട്ടികയിൽ നിന്നും വിസ്തീർണ്ണമനുസരിച്ച്, 5 സെൻറിനു മുകളിലുള്ളവയെ 6 വിഭാഗങ്ങളായി തിരിച്ച് ഓരോ വിഭാഗത്തിൽ നിന്നും 20 ശതമാനം കൈവശക്കാരെ തെരഞ്ഞെടുക്കുന്നു. 5 സെൻറിനു താഴെയുള്ള കൈവശക്കാരെ പ്രധാന സെൻസസിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ഓരോ വില്ലേജിലും തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഗാർഹീക കൈവശക്കാരിൽ നിന്നും 24 പേരെ (ഓരോ വിഭാഗത്തിൽ നിന്നും 4 വീതം) തെരഞ്ഞെടുത്ത് കാർഷികാവശ്യത്തിനുപയോഗിച്ച നിവേശങ്ങളെപ്പറ്റിയും കാർഷിക ഉപകരണങ്ങളെപ്പറ്റിയും ഉള്ള വിവരങ്ങൾ ശേഖരിക്കുന്നു.

<u>നടത്തിപ്പ്</u>.—കേരളത്തിലെ ലാൻറ് റവന്യൂവിൻെറ ചുമതല വഹിക്കുന്ന റവന്യൂ ബോർഡ് മെമ്പർ സെൻസസ് കമ്മീഷണറും, ബ്യൂറോ ഡയറക്ടർ സെൻസസിൻെറ ഡയറക്ടറുമാണ്. പട്ടിക തയ്യാറാക്കലും പ്രധാന സെൻസസും റവന്യൂവിലേയും സിവിൽ സപ്ലൈസിലേയും തെരഞ്ഞെടുക്കപ്പെട്ട വില്ലേജ് അസിസ്റ്റൻറുമാരാണ് ചെയ്യാൻ നിയുക്തരാക്കപ്പെട്ടത്. റവന്യൂ ഇൻസ്പെക്ടർമാരും തഹസിൽദാർമാരും അതിൻെറ മേൽനോട്ടം വഹിക്കുന്നു. സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാരാണ് നിവേശപര്യവേഷണ ജോലി ചെയ്യുന്നത്. ജില്ലാ തലത്തിൽ ജില്ലാ കളക്ടർമാരും, ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാരും സെൻസസിൻെറ മേൽനോട്ടം വഹിക്കുന്നു. സെൻസസിൻെറ ശരിയായ നടത്തിപ്പിനുവേണ്ടി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പ്രത്യേകം കമ്മിററികൾ രൂപീകരിച്ചിട്ടുണ്ട്.

## പ്രവർത്തന പുരോഗതി

1. <u>പ്രധാന സെൻസസ്</u>.—തെരഞ്ഞെടുക്കപ്പെട്ട വില്ലേജുകളിലെ എല്ലാ വീടുകളും സന്ദർശിച്ച് കൃഷിഭൂമി കൈവശക്കാരുടേയും ഗാർഹിക കൈവശക്കാരുടേയും സ്ഥാപന കൈവശക്കാരുടെയും പട്ടിക പ്രത്യേകം പ്രത്യേകം തയ്യാറാക്കുന്ന ജോലി 1977 ജൂൺ മാസത്തിൽ തീർന്നു. ഇതിലേക്ക് ആകെ 400 വില്ലേജ് അസിസ്റ്റൻറുമാരുടേയും 121 റവന്യൂ ഇൻസ്പെക്ടർമാരുടേയും മൂന്നു മാസത്തെ സേവനം ആവശ്യമായിവന്നു. പ്രധാന സെൻസസിൻെറ ജോലി എല്ലാ ജില്ലകളിലും 1977 ഡിസംബർ കൊണ്ട് അവസാനിച്ചു. പ്രധാന സെൻസസിൻെറ പൂരിപ്പിച്ച ഫാറങ്ങൾ എറണാകുളം ജില്ല ഒഴിച്ച് ബാക്കി എല്ലാ ജില്ലകളിൽ നിന്നും പ്രസ്തുത കാലയളവിനുള്ളിൽത്തന്നെ ലഭിക്കുകയുണ്ടായി. പ്രധാന സെൻസസിൻെറ പ്രവർത്തനങ്ങൾക്കായി 400 വില്ലേജ് അസിസ്റ്റൻറുമാരുടേയും 100 റവന്യൂ ഇൻസ്പെക്ടർമാരുടെയും 4 മാസത്തെ സേവനം ആവശ്യമായി വന്നു. സെൻസസിൻെറ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ഈ ഉദ്യോഗസ്ഥൻമാർക്ക് അനുവദിച്ച പ്രത്യേക വേതനവും ഈ കാലയളവിൽ നൽകുകയുണ്ടായി. പ്രധാന സെൻസസിൻെറ പൂരിപ്പിച്ച ഫാറങ്ങളുടെ പുനഃപരിശോധനയും ടാബുലേഷൻ പണികളും നടന്നുകൊണ്ടിരിക്കുന്നു.

നിവേശ പര്യവേഷണം.—നിവേശ പര്യവേഷണ ജോലിയും അതിന്റെ ടാബുലേഷൻ പണികളും ഈ കാലയളവിൽത്തന്നെ തീരുകയുണ്ടായി.

(സി) അത്യുൽപാദന വിത്തുകളുടെ കൃഷിയെ സംബന്ധിച്ച് സാങ്കേതിക പഠനം.—ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിലെ കാർഷിക സ്ഥിതി വിവരക്കണക്കു വിഭാഗത്തിന്റെ സാങ്കേതിക നിർദ്ദേശങ്ങളനുസരിച്ച് അത്യുൽപ്പാദന വിത്തുകളുടെ കൃഷി വിവരങ്ങൾ സാമ്പിൾ സർവ്വേകൾ മുഖാന്തിരം ശേഖരിക്കുന്നതിനായി രൂപീകരിച്ചതാണ് ഈ പദ്ധതി. 1974 സെപ്റ്റംബർ മാസം 1-ാം തീയതി മുതൽ 1979 ആഗസ്റ്റ് മാസം 31-ാം തീയതി വരെയുള്ള അഞ്ചുകൊല്ലക്കാലത്തേക്കാണ് ഇതിന്റെ പ്രവർത്തനം നടക്കുന്നത്.

കേരള സംസ്ഥാനത്തിൽ തൃശ്ശൂർ ജില്ല മാത്രമാണ് സർവ്വേകൾ നടത്താൻ തെരഞ്ഞെടുത്തിട്ടുള്ള പ്രദേശം. നെൽകൃഷിയെ സംബന്ധിച്ചു മാത്രമാണ് സർവ്വേകൾ നടത്തുന്നത്.

സർവ്വേകളുടെ പ്രധാന ഉദ്ദേശങ്ങൾ താഴെ കാണിച്ചിരിക്കുന്നവയാണ്:—

1. അത്യുൽപ്പാദന നെൽവിത്തുകൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം, ഉൽപാദന ക്ഷമത, കൃഷി രീതികൾ എന്നിവയിൽ കാലാകാലങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാററങ്ങൾ വിശദമായി പഠിക്കുന്നതിനാവശ്യമായ സാംബ്ളിംഗ് രീതി ആവിഷ്ക്കരിക്കുക.

2. അത്യുൽപ്പാദന നെൽ വിത്തുകൾ കൃഷി ചെയ്യുന്നതുകൊണ്ട് കൃഷിസ്ഥലത്തിന്റെ സ്ഥിതിഗതികളനുസരിച്ച് എത്രമാത്രം ഫലം സിദ്ധിച്ചിട്ടുണ്ടെന്ന് പഠിക്കുകയും ഫലത്തിന്റെ പരിധിയെ പരിമിതപ്പെടുത്തുന്ന ഘട്ടങ്ങളെക്കുറിച്ചു സമഗ്രമായ അന്വേഷണം നടത്തുകയും ചെയ്യുക.

ഈ ഉദ്ദേശത്തോടുകൂടി മൂന്നു വിധത്തിലുള്ള സർവ്വേകളാണ് നടത്തുന്നത്:—

1. കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം തിട്ടപ്പെടുത്തൽ
2. കാർഷിക സാമ്പത്തിക വിവരങ്ങൾ ശേഖരിക്കൽ
3. വിളവ് തിട്ടപ്പെടുത്തൽ.

ഓരോ വർഷത്തിലും വിരിപ്പ്, മുണ്ടകൻ, പുഞ്ച (കോൾ) സീസണുകളിലായി ഈ സർവ്വേകൾ നടത്തപ്പെടുന്നു. പ്രത്യേകം തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമങ്ങളിൽ മാത്രമാണ് ഓരോ സീസണിലും ഇവ നടത്തുന്നത്.

ഓരോ സീസണിലും വിവിധ സർവ്വേകൾക്കായി തെരഞ്ഞെടുക്കുന്ന ഗ്രാമങ്ങളുടേയും കൃഷിക്കാരുടേയും എണ്ണം താഴെ കാണിക്കുന്നു:—

| സീസൺ | വിസ്തീർണ്ണം തിട്ടപ്പെടുത്തൽ | | കാർഷിക സാമ്പത്തിക വിവരങ്ങൾ ശേഖരിക്കൽ | | വിളവു തിട്ടപ്പെടുത്തൽ | |
|---|---|---|---|---|---|---|
| | ഗ്രാമങ്ങൾ | കൃഷിക്കാർ | ഗ്രാമങ്ങൾ | കൃഷിക്കാർ | ഗ്രാമങ്ങൾ | കൃഷിക്കാർ |
| 1 | 2 | 3 | 4 | 5 | 6 | 7 |
| വിരിപ്പ് .. | 60 | 600 | 48 | 238 | 93 | 186 |
| മുണ്ടകൻ .. | 40 | 400 | 32 | 192 | 77 | 154 |
| പുഞ്ച .. | 40 | 400 | 32 | 192 | 77 | 154 |

വിസ്തീർണ്ണം തിട്ടപ്പെടുത്തൽ, കാർഷിക സാമ്പത്തിക വിവരങ്ങൾ ശേഖരിക്കൽ ഇവ രണ്ടും മുഴുവനായി ഡിപ്പാർട്ടുമെൻറിലെ മൂന്ന് അസസ്മെൻറ് ഇൻസ്പെക്ടർമാരാണ് ചെയ്യുന്നത്. വിളവു തിട്ടപ്പെടുത്തൽ സംബന്ധിച്ചുള്ള ജോലികൾ ആ ഇൻസ്പെക്ടർമാരും സാമൂഹ്യവികസന സ്ക്കൂളുകളിലെ ഗ്രാമസേവകന്മാരും കൂടിയാണ് നടത്തുന്നത്. കാർഷിക സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള ഗ്രാമങ്ങളിൽ മാത്രം ഇൻസ്പെക്ടർമാരും വിളവു തിട്ടപ്പെടുത്തൽ മാത്രമായി പ്രത്യേകം തെരഞ്ഞെടുത്തിട്ടുള്ള 45 ഗ്രാമങ്ങളിൽ ഗ്രാമസേവകൻമാരും വിളവെടുപ്പു പരീക്ഷണങ്ങൾ നടത്തുന്നു.

ഇതിനു മുമ്പുള്ള മൂന്ന് വർഷങ്ങളിൽ നടത്തിയുതപോലെ നടപ്പു വർഷമായ 1977 78-ലും വിരിപ്പ്, മുണ്ടകൻ, പുഞ്ച (കോ൦) എന്നീ സീസണുകളിൽ നിർദ്ദിഷ്ട കണക്കനുസരിച്ച് തെരഞ്ഞെടുത്ത ഗ്രാമങ്ങളിൽ മൂന്നു തരത്തിലുള്ള സർവേകൾ നടത്തുകയുണ്ടായി.

## അദ്ധ്യായം മൂന്ന്

## വിലനിലവാരവിഭാഗം

ഈ ബ്യൂറോയിലെ പ്രൈസസ് ഡിവിഷൻ റിപ്പോർട്ടു വർഷത്തിലും പ്രൈസസ് (ജനറൽ) ഇൻഡക്സ് സീരീസ് എന്നീ വിഭാഗങ്ങളോടും കൂടി തുടർന്നു പ്രവർത്തിച്ചു. കമ്പോളനിലവാരത്തെ സംബന്ധിച്ച ജോലികൾ തിരുവനന്തപുരത്തേയും കോഴിക്കോട്ടേയും റീജിയണൽ ആഫീസർമാർ നിർവഹിച്ചു.

1. പ്രൈസസ് (ജനറൽ)—ഈ വിഭാഗത്തിൽ പ്രധാനമായും താഴെ പറയുന്ന ജോലികൾ ഏറ്റെടുത്തു നടത്തി:—

1. 40 അവശ്യസാധനങ്ങളുടെ വില ഇടുക്കി ഒഴിച്ചുള്ള ജില്ലാ തലസ്ഥാനങ്ങളിൽ നിന്ന് ടെലക്സ് മുഖേന ശേഖരിച്ച് ക്രോഡീകരിച്ച് അടുത്ത ദിവസംതന്നെ ഗവൺമെൻറിലേയ്ക്ക് അയക്കുക.

2. ഓരോ ആഴ്ചയുടെ അവസാനത്തിലും 10 പ്രധാനപ്പെട്ട ഉപഭോക്തൃസാധനങ്ങളുടെ വിലനിലവാരത്തെപ്പറ്റിയുള്ള ഒരവലോകനം തയ്യാറാക്കി ഗവൺമെൻറിലേയ്ക്ക് അയക്കുക.

3. കാർഷിക വ്യാവസായിക തൊഴിലാളികൾക്കു വേണ്ടി 92 ഇനം ഉപഭോക്തൃ സാധനങ്ങളുടെ പ്രതിവാര ചില്ലറ വില ശേഖരിച്ച് സൂചിക തയ്യാറാക്കുക. നടപ്പു വർഷത്തിൽ താഴെ പറയുന്ന 15 കേന്ദ്രങ്ങളിലെ ഉപഭോക്തൃവില സൂചിക തയ്യാറാക്കി ഗസറ്റിൽ വിജ്ഞാപനം ചെയ്തു:—

(1) തിരുവനന്തപുരം
(2) കൊല്ലം
(3) പുനലൂർ
(4) ആലപ്പുഴ
(5) കോട്ടയം
(6) മുണ്ടക്കയം
(7) മൂന്നാർ
(8) എറണാകുളം
(9) ചാലക്കുടി
(10) തൃശ്ശൂർ
(11) പാലക്കാട്
(12) മലപ്പുറം
(13) മേപ്പാടി
(14) കോഴിക്കോട്
(15) കണ്ണൂർ

ഉപഭോക്തൃ വില സൂചിക കാണിക്കുന്ന സ്റ്റേറ്റ്മെൻറുകൾ അവ ഉപയോഗിക്കുന്ന പ്രധാനപ്പെട്ട ഗവൺമെൻറ്-സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നേരിട്ട് അയക്കുകയും ചെയ്തു.

4. എല്ലാ ജില്ലാ തലസ്ഥാനങ്ങളിൽ നിന്നും 83 അവശ്യസാധനങ്ങളുടെ പ്രതിവാര ചില്ലറ വിൽപ്പനവില ശേഖരിച്ചു.

5. ലേബർ ബ്യൂറോ സീരീസിൻെറ ഉപഭോക്തൃവില സൂചിക (കേന്ദ്ര സീരീസ്) തയ്യാറാക്കാൻവേണ്ടി 5 സെൻററുകളിൽ നിന്ന് ചില്ലറ വിൽപ്പനവില തുടർന്നു ശേഖരിച്ചു.

6. ആശുപത്രികൾക്കാവശ്യമുള്ള ആഹാരസാധനങ്ങളുടെയും മറ്റു പദാർത്ഥങ്ങളുടെയും കമ്പോളവില ത്രൈമാസികാടിസ്ഥാനത്തിൽ ശേഖരിച്ച് ഓരോ വർഷപാദത്തിൻെറയും ആദ്യത്തെ വെള്ളിയാഴ്ചയിലെ വിലയാണ് ഇതിനു വേണ്ടി ശേഖരിക്കുന്നത്. വിലകൾ സൂക്ഷ്മ പരിശോധനയ്ക്കുശേഷം അംഗീകരിച്ച ജില്ലാ മെഡിക്കൽ ആഫീസർമാർ, ജില്ലാ ഇൻഡിജനസ് മെഡിക്കൽ ആഫീസർമാർ, ആരോഗ്യ വകുപ്പു ഡയറക്ടർ, നാട്ടുചികിൽസാ വകുപ്പു ഡയറക്ടർ, മെഡിക്കൽ കോളേജുകൾ, ക്ഷയരോഗാശുപത്രികൾ, ഇ. എസ്. ഐ. ആശുപത്രികൾ, മൃഗസംരക്ഷണവകുപ്പിൻ കീഴിലുള്ള കോഴിവളർത്തൽ കേന്ദ്രം, കാഴ്ച ബംഗ്ളാവിൻെറ ഡയറക്ടർ, ജയിൽ സൂപ്രണ്ട്, കേരളത്തിലേയും തമിഴ്നാട്ടിലേയും പട്ടാളമേധാവികൾ തുടങ്ങിയവർക്ക് അയച്ചുകൊടുത്തു. ആരോഗ്യ വകുപ്പിൻെറയും നാട്ടുചികിൽസാ വകുപ്പിൻെറയും കീഴിലുള്ള ആശുപത്രികളിലും മറ്റു സ്ഥാപനങ്ങളിലും സാധനങ്ങൾ വാങ്ങുന്നതിനുള്ള കരാർ അംഗീകരിക്കുന്നതിന് ഈ വിലകൾ ആവശ്യമാണ്.

കൂടാതെ ആഹാരസാധനങ്ങളുടെ വില ആവശ്യപ്പെടുന്ന എല്ലാ സ്ഥാപനങ്ങൾക്കും അവയുടെ ആവശ്യാനുസരണം വിവരങ്ങൾ ശേഖരിച്ച് നൽകിയിട്ടുണ്ട്.

2. <u>മാർക്കറ്റ് ഇൻറലിജൻസ് മെച്ചപ്പെടുത്താനുള്ള</u> പദ്ധതി: കമ്പോള നിലവാരം, കമ്പോളത്തിൽ സാധനങ്ങളുടെ വരവിൻെറ ഏറ്റക്കുറച്ചിൽ തുടങ്ങിയവയെപ്പറ്റിയുള്ള വിവരങ്ങൾ പ്രാഥമികോൽപ്പാദകർക്ക് കൃത്യസമയത്ത് നൽകുകയെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. സംസ്ഥാനത്തിലെ പ്രധാനപ്പെട്ട 36 കേന്ദ്രങ്ങളിൽ ഈ പദ്ധതി നടപ്പിലുണ്ട്.

ഈ പദ്ധതിയനുസരിച്ച് വില റിപ്പോർട്ടു ചെയ്യുന്ന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് അതാതു ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർമാരും കോഴിക്കോട്ടും തിരുവനന്തപുരത്തുമുള്ള റീജിയണൽ പ്രൈസ് സൂപ്പർവൈസർമാരും മേൽനോട്ടം വഹിച്ചു.

ഇടുക്കി ഒഴിച്ചുള്ള എല്ലാ ജില്ലാതലസ്ഥാനങ്ങളിലേയും വില ശേഖരണ പ്രവർത്തനം അതിനുവേണ്ടി നിയമിച്ചിട്ടുള്ള പ്രൈസ് ഇൻസ്പെക്ടർമാർ നിർവഹിക്കുന്നു. ഇതു കൂടാതെ ചങ്ങനാശ്ശേരി, കോഴിക്കോട്, കൊച്ചി എന്നീ 3 സ്ഥലങ്ങളിൽ 3 പ്രൈസ് ഇൻസ്പെക്ടർമാരും ജോലി ചെയ്യുന്നുണ്ട്. കൂടാതെ കട്ടയ്ക്കൽ, ഇറിഞ്ഞാലക്കുട, കൊടുങ്ങല്ലൂർ, കുന്നംകുളം, വളപട്ടണം എന്നിവിടങ്ങളിൽ 5 പാർട്ടൈം പ്രൈസ് റിപ്പോർട്ടർമാരും ജോലിചെയ്യുന്നു. ബാക്കി കേന്ദ്രങ്ങളിലെ വില ശേഖരണജോലി ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാരോ ഇൻവെസ്റ്റിഗേറ്റർമാരോ നിർവഹിക്കുന്നു.

തിരുവനന്തപുരം മേഖലയിൽ 26-ം കോഴിക്കോട് മേഖലയിൽ 10-ം കേന്ദ്രങ്ങളിലെ കമ്പോള നിലവാര ബുള്ളറ്റിൽ ദിവസേന തയ്യാറാക്കി ആകാശവാണിയുടെ തിരുവനന്തപുരം കോഴിക്കോട് നിലയങ്ങളിൽ ഗ്രാമരംഗത്തിലോ, കാർഷിക രംഗത്തിലോ പ്രക്ഷേപണം ചെയ്തു.

<u>പ്രതിവാര കമ്പോളനിലവാരാവലോകനം.</u>—തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ പ്രധാനപ്പെട്ട കാർഷിക വിഭവങ്ങളുടെ കമ്പോളനിലവാരാവലോകനം എല്ലാ ഞായറാഴ്ചയും വൈകുന്നേരം മലയാളത്തിൽ പ്രക്ഷേപണം ചെയ്തു.

<u>അരിയുടെ തുറന്ന കമ്പോളവിലയെക്കുറിച്ചുള്ള പ്രതിദിന റിപ്പോർട്ട്.</u>— എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും നിലവിലുള്ള അരിയുടെ തുറന്ന കമ്പോള വിലയെക്കുറിക്കുന്ന പ്രതിദിന റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിനും റവന്യൂബോർഡിൻെറ സിവിൽ സപ്ലൈസ് അധികൃതർക്കും അയച്ചു കൊടുത്തു. ഇതു കൂടാതെ പാലക്കാട് കേന്ദ്രത്തിലെ അരിയുടെ തുറന്ന കമ്പോളവിലയെക്കുറിച്ചുള്ള പ്രതിവാര റിപ്പോർട്ട് തയ്യാറാക്കി റിസർവ് ബാങ്കിന് അയച്ചു കൊടുത്തു. ഇവയ്ക്കെല്ലാമുപരിയായി, ഈ പദ്ധതിയനുസരിച്ച് മൊത്തവിലയെ സംബന്ധിക്കുന്ന വിവരങ്ങൾ പല കേന്ദ്ര സംസ്ഥാന സ്ഥാപനങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും ആവശ്യാനുസരണം നൽകിയിട്ടുണ്ട്.

സർവോപരി റിപ്പോർട്ടു വർഷത്തിൽ ഉപഭോക്തൃവിലസൂചികയുടെ സംവിധാനത്തെക്കുറിച്ച് പഠിക്കാൻ നിയുക്തമായ കമ്മിറ്റിക്ക് ആവശ്യമായ എല്ലാ ജോലികളും അവരുടെ നിർദ്ദേശാനുസരണം ചെയ്തു കൊടുത്തു.

നിത്യോപയോഗ സാധനങ്ങളുടെ വിലയുടെ പ്രവണതയെക്കുറിച്ച് പഠനം നടത്തി ഒരു റിപ്പോർട്ട് തയ്യാറാക്കി.

3. ഇൻഡക്സ് സീരീസ് വിഭാഗം.—(കാർഷിക സമ്പത്ത് വ്യവസ്ഥ സംബന്ധമായി ഈ വിഭാഗം താഴെപ്പറയുന്ന സൂചികകൾ തയ്യാറാക്കുന്നു.)

1. കാർഷികോൽപ്പന്നങ്ങളുടെ മൊത്തസൂചിക

2. കർഷകരുടെ, കാർഷിക വിഭവങ്ങളിൽ നിന്നുള്ള വരുമാനവും അവയ്ക്കുവേണ്ടിവരുന്ന ചിലവുകളും തമ്മിലുള്ള താരതമ്യപഠന സൂചിക.

3. കാർഷിക വേതന സൂചിക.

1. കാർഷികോൽപ്പന്നങ്ങളുടെ മൊത്തവില സൂചിക.—മൊത്തവില സൂചിക കണക്കാക്കുന്നതിന് 17 പ്രധാനപ്പെട്ട കാർഷികോൽപ്പന്നങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കേന്ദ്രങ്ങളിൽ നിന്ന് ശേഖരിച്ചിട്ടുള്ള മൊത്തവിലയെ അടിസ്ഥാനമാക്കിയാണ് ഈ സൂചിക തയ്യാറാക്കുന്നത്. ഇതിനുവേണ്ടി അടിസ്ഥാനവർഷമായി എടുത്തിട്ടുള്ളത് 1952-53 ആണ്. നടപ്പുവർഷത്തിൽ എല്ലാ മാസങ്ങളിലും ഈ വില സൂചിക തയ്യാറാക്കി.

2. കർഷകരുടെ കാർഷിക വിഭവങ്ങളിൽ നിന്നുള്ള വരുമാനവും അവയ്ക്കുവേണ്ടി വരുന്ന ചിലവുകളും തമ്മിലുള്ള താരതമ്യപഠന സൂചിക.—അടിസ്ഥാന വർഷമായ 1952-53-ൽ കർഷകരുടെ സാമ്പത്തിക നിലയും, കാർഷികോൽപ്പന്നങ്ങളുടെ വില, അവയ്ക്ക് വേണ്ടിവരുന്ന ചിലവ്, ഗാർഹിക ചിലവ് എന്നിവയിൽ വന്നിട്ടുള്ള വ്യതിയാനം മൂലം കർഷകരുടെ ഇപ്പോഴുള്ള സാമ്പത്തിക അഭിവൃദ്ധിയും തമ്മിലുള്ള ഏറ്റക്കുറച്ചിലിനെ ഈ സൂചിക കാണിക്കുന്നു. മേൽപറഞ്ഞ വർഷത്തിൽ എല്ലാ മാസങ്ങളിലും ഈ സൂചിക തയ്യാറാക്കിയിട്ടുണ്ട്.

3. കാർഷിക വേതന സൂചിക.—സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട വിവിധ കേന്ദ്രങ്ങളിൽ നിന്ന് ശേഖരിച്ചിട്ടുള്ള കാർഷിക വേതനത്തിന്റെ കണക്ക് ഇൻഡ്യാഗവൺമെന്റിന്റെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്കൽ അഡ്വൈസർക്ക് അയച്ചുകൊടുക്കുകയും ഇതോടൊപ്പംതന്നെ കേരളാ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. കർഷകത്തൊഴിലാളികളുടേയും വിദഗ്ദ്ധ തൊഴിലാളികളുടേയും പ്രതിമാസ വേതന സൂചിക കൃത്യമായി തയ്യാറാക്കി ഇൻഡ്യാ ഗവൺമെന്റിന് അയച്ചുകൊടുക്കുന്നുണ്ട്.

മേൽപ്പറഞ്ഞ ജോലികൾക്കും പുറമേ ഇനി പറയുന്ന ജോലികൾ കൂടി ഈ വിഭാഗം നിർവഹിക്കുന്നു:—

1. തൊണ്ടോടുകൂടിയ നാളികേരത്തിന്റെ വൈവാരികവില ശേഖരിച്ച് എറണാകുളത്തുള്ള ഇൻഡ്യൻ സെൻട്രൽ കൊക്കനട്ട് കമ്മറ്റിയുടെ സെക്രട്ടറിക്ക് അയക്കുന്നുണ്ട്.

2. ഒൻപത് കാർഷിക വിഭവങ്ങളുടെ വാർഷിക ശരാശരിവില തിട്ടപ്പെടുത്തി ന്യൂഡൽഹിയിലുള്ള എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്കൽ അഡ്വൈസർക്ക് അയച്ചു കൊടുത്തു.

3. തൊണ്ടോടുകൂടിയ നാളികേരത്തിൻെറ വൈപാരികവില സംഭരിച്ച് നീലേശ്വരത്തുള്ള ഡെപ്യൂട്ടി ഡയറക്ടർക്ക് (അഗ്രികൾച്ചർ) അയച്ചുകൊടുത്തു.

4. കയറിൻെറ പ്രതിവാരവില തയ്യാറാക്കി എറണാകുളത്തുള്ള കയർ ബോർഡ് സെക്രട്ടറിയെ അറിയിച്ചു.

5. കയറിൻെറതന്നെ പ്രതിമാസ വില വിവരങ്ങൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി ഗവൺമെൻറ് പ്രസിലേയ്ക്ക് കൊടുത്തു.

6. കാർഷിക വിഭവങ്ങളുടെ വില വിവരങ്ങൾ ആവശ്യാനുസരണം പൊതുജനങ്ങൾക്ക് നൽകി.

കാർഷിക വിഭവങ്ങളുടെ ചില്ലറ വില.—സംസ്ഥാനത്തെ എല്ലാ താലൂക്കുകളിൽ നിന്നും പ്രധാനപ്പെട്ട 27 കാർഷിക വിഭവങ്ങളുടെ പ്രതിമാസ ചില്ലറ വില ശേഖരിച്ച്, ഏകീകരിച്ച് കേരള ഗസറ്റിൽ 1975 നവംബർ മുതൽ പ്രസിദ്ധപ്പെടുത്താറുണ്ടായിരുന്നത് ഈ വർഷവും തുടർന്ന് നടത്തി.

സംസ്ഥാനവരുമാന നിർണ്ണയ വിഭാഗം.—മൂന്നു വർഷത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ച കേരള സംസ്ഥാനത്തിൻെറ വരുമാനം 1930–71 മുതൽ 1974–75 വരെ പുനർ നിർണ്ണയം ചെയ്യുകയും 1975–76 ലേക്ക് താൽക്കാലികമായി തിട്ടപ്പെടുത്തുകയും ചെയ്തു. നിലവിലുള്ള സംസ്ഥാന വരുമാന വിവരം ജില്ല തിരിച്ചുള്ള ഒരു സമഗ്രമായ റിപ്പോർട്ട് പട്ടിക സഹിതം 3–11–1977-ൽ കേരളത്തിലെ ജില്ലാ വരുമാനം എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ചു. (പട്ടിക അനുബന്ധമായി കൊടുത്തിരിക്കുന്നത് നോക്കുക.)

1975–76-ലെ സംസ്ഥാന വരുമാനം 2,13,424 ലക്ഷം രൂപയായിരുന്നു. ഇത് 1974–75-ലെ 2,03,182 ലക്ഷം രൂപയേക്കാൾ 5 പെർസെൻറ് വർദ്ധനവ് കാണിക്കുന്നെങ്കിലും സ്ഥിര (1960–61) വില നിലവാരത്തിൽ ഈ വർദ്ധനവ് 1·5 ശതമാനം മാത്രമാണ്. ഈ വ്യത്യാസത്തിനു കാരണം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവാണ്.

പ്രതിശീർഷ വരുമാനം 1974–75-ലെ 884 രൂപയിൽ നിന്നും 1975–76-ൽ 908.6 രൂപയായി വർദ്ധിച്ചിരിക്കുന്നു. 1970–71-ലെ 584.2 രൂപയിൽ നിന്നുള്ള 1975–76-ലെ വളർച്ച ശ്രദ്ധേയമാണ്.

1960–61-ലെ വില നിലവാരത്തിൽ 1974–75 സാമ്പത്തിക വർഷം കേരളത്തിലെ വരുമാനം 68,677 ലക്ഷം രൂപയായിരുന്നു. 1975–76-ലാകട്ടെ ഇത് 69,767-ലക്ഷമായി തിട്ടപ്പെടുത്തിയിരിക്കുന്നു. 1970–71-ൽ 62,340 ലക്ഷമായിരുന്നു. പ്രതിശീർഷ വരുമാനം 1970–71-ൽ 297 രൂപയായിരുന്നത് 1974–75-ൽ 299 രൂപയായും 1975–76-ൽ 297 രൂപയായും കാണുന്നു. 1970–71-ലും 1975–76-ലും ഒരേ തുകതന്നെ കാണുന്നു. ഇതിനു കാരണം ജനസംഖ്യയിലുള്ള വർദ്ധനവാണ്.

## പട്ടിക 1

നിലവിലുള്ള വിലനിലവാരമനുസരിച്ചുള്ള ജില്ലാ വരുമാനം 1970-71 മുതൽ 1975-76

| ജില്ല | ആകെ വരുമാനം (ലക്ഷത്തിൽ) | | | | | |
|---|---|---|---|---|---|---|
| | 1970-71 | 1971-72 | 1972-73 | 1973-74 | 1974-75 | 1975-76 |
| 1 | 2 | 3 | 4 | 5 | 6 | 7 |
| കേരളം .. | 1,22,671 | 1,23,143 | 1,42,294 | 1,79,805 | 2,03,182 | 2,13,424 |
| തിരുവനന്തപുരം .. | 11,895 | 12,696 | 14,281 | 18,163 | 20,503 | 22,314 |
| കൊല്ലം .. | 15,039 | 14,841 | 18,044 | 22,131 | 24,532 | 28,321 |
| ആലപ്പുഴ .. | 11,801 | 11,535 | 13,567 | 16,816 | 18,570 | 19,326 |
| കോട്ടയം .. | 10,140 | 10,325 | 11,799 | 14,956 | 16,906 | 18,294 |
| ഇടുക്കി .. | 4,698 | 4,486 | 5,033 | 6,603 | 8,149 | 8.994 |
| എറണാകുളം .. | 13,629 | 14,268 | 15,860 | 19.787 | 23.033 | 23.603 |
| തൃശ്ശൂർ .. | 11,525 | 11,555 | 13.341 | 16,117 | 19,421 | 18,994 |
| പാലക്കാട് .. | 9,267 | 10,274 | 12,183 | 15,747 | 18,768 | 16,331 |
| മലപ്പുറം .. | 8,872 | 8,992 | 10,323 | 13.006 | 13,897 | 14,565 |
| കോഴിക്കോട് .. | 12,772 | 11,852 | 13,653 | 18,546 | 19,991 | 21,055 |
| കണ്ണൂർ .. | 13,024 | 12,319 | 14,210 | 17,933 | 20,412 | 21,627 |

പട്ടിക—(തുടർച്ച)

| ജില്ല | പ്രതിശീർഷ വരുമാനം (രൂപയിൽ) | | | | | |
|---|---|---|---|---|---|---|
| | 1970–71 | 1971–72 | 1972–73 | 1973–74 | 1974–75 | 1975–76 |
| | 8 | 9 | 10 | 11 | 12 | 13 |
| കേരളം .. | 584·2 | 573·1 | 647·3 | 799·6 | 883·8 | 908·6 |
| തിരുവനന്തപുരം .. | 550·2 | 573·7 | 631·3 | 787·6 | 869·9 | 926·3 |
| കൊല്ലം .. | 634·0 | 612·3 | 729·1 | 878·9 | 954·6 | 1081·4 |
| ആലപ്പുഴ .. | 564·4 | 542·9 | 627·8 | 769·3 | 836·9 | 858·9 |
| കോട്ടയം .. | 670·3 | 671·3 | 755·9 | 947·2 | 1055·3 | 1125·1 |
| ഇടുക്കി .. | 623·1 | 579·6 | 683·9 | 813·2 | 975·9 | 1051·9 |
| എറണാകുളം .. | 640·8 | 654·8 | 710·9 | 868·6 | 988·1 | 990·1 |
| തൃശ്ശൂർ .. | 550·4 | 539·5 | 608·6 | 699·8 | 782·5 | 789·8 |
| പാലക്കാട് .. | 559·3 | 607·6 | 705·6 | 896·8 | 1047·9 | 895·8 |
| മലപ്പുറം .. | 485·6 | 478·3 | 534·3 | 655·9 | 681·7 | 695·2 |
| കോഴിക്കോട് .. | 616·1 | 556·7 | 623·4 | 826·5 | 867·7 | 890·3 |
| കണ്ണൂർ .. | 559·7 | 515·0 | 577·6 | 711·3 | 788·4 | 813·4 |

## കേരളത്തിലെ മൊത്തവരുമാനവും പ്രതിശീർഷവരുമാനവും

| വർഷം | നടപ്പുവർഷത്തിലെ വിലനിലവാരത്തിൽ | | 1960-61-ലെ സ്ഥിര വില നിലവാരത്തിൽ | |
|---|---|---|---|---|
| | മൊത്ത വരുമാനം ലക്ഷത്തിൽ | പ്രതിശീർഷ വരുമാനം രൂപയിൽ | മൊത്ത വരുമാനം ലക്ഷത്തിൽ | പ്രതിശീർഷ വരുമാനം രൂപയിൽ |
| 1 | 2 | 3 | 4 | 5 |
| 1970–71 | 122671 | 584·2 | 62340 | 296·9 |
| 1971–72 | 123143 | 573·1 | 65118 | 303·1 |
| 1972–73 | 142294 | 647·3 | 65599 | 302 9 |
| 1973–74 | 179805 | 799·6 | 67591 | 300·6 |
| 1974–75 | 203182 | 883·8 | 68677 | 298·7 |
| 1975–76 | 213424 | 903·6 | 69767 | 297·0 |

3–11–1977-ൽ പ്രസിദ്ധീകരിക്കപ്പെട്ട ജില്ലാ വരുമാനറിപ്പോർട്ടനുസരിച്ച് 1974–75-ലെ പോലെതന്നെ 1975–76-ലും ജില്ലാ വരുമാനത്തിൽ കൊല്ലം ജില്ല ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. 1970–71 സാമ്പത്തിക വർഷം മുതൽ പ്രസ്തുത സ്ഥാനം ഈ ജില്ലക്ക് തന്നെയാണ്. ഇടുക്കി ഏറ്റവും പിന്നിലും തൊട്ടടുത്ത് മലപ്പുറവും നിൽക്കുന്നു. മുന്നണി ജില്ലകളിൽ രണ്ടാം സ്ഥാനം എറണാകുളത്തിനും മൂന്നാം സ്ഥാനം തിരുവനന്തപുരത്തിനുമാണ്.

1960–61-ലെ സ്ഥിരവിലയിൽ കണക്കാക്കിയ 1975–76-ലെ പ്രതിശീർഷവരുമാനം പരിശോധിച്ചാൽ കോട്ടയംജില്ല ഒന്നാം സ്ഥാനം പതിവു പോലെ കരസ്ഥമാക്കിയിരിക്കുന്നു. രണ്ടാം സ്ഥാനം കൊല്ലം ജില്ലയും മൂന്നാം സ്ഥാനം ചെറിയ ഇടുക്കിയും നേടിയിരിക്കുന്നു. ഇവിടെയും മലപ്പുറം പിന്നിൽതന്നെ.

5. <u>കയറ്റുമതി–ഇറക്കുമതി സ്ഥിതിവിവരക്കണക്ക്</u>.—1977–78 വർഷത്തിൽ കേരളത്തിലെ തുറമുഖങ്ങൾവഴി നടത്തുന്ന കയറ്റുമതി ഇറക്കുമതി സ്ഥിതിവിവരക്കണക്കുകൾ സംഗ്രഹിക്കുകയും സമാഹരിക്കുകയും ചെയ്തു. കേരളത്തിലെ കടൽമാർഗ്ഗ കയറ്റുമതി ഇറക്കുമതിയെക്കുറിച്ചുള്ള പ്രതിമാസക്കണക്കുകൾ കേരളത്തിലെ തുറമുഖങ്ങളിൽനിന്നും വാർഷികകണക്കുകൾ കൊച്ചിൻ വാണിജ്യമണ്ഡലം, കോഴിക്കോട് വാണിജ്യമണ്ഡലം, തിരുവിതാംകൂർ വാണിജ്യമണ്ഡലം എന്നിവിടങ്ങളിൽനിന്നും ശേഖരിച്ചു. കൂടാതെ ഭാരതീയ വാണിജ്യമണ്ഡലത്തിന്റെ പ്രതിമാസറിപ്പോർട്ടും, കൊച്ചി ചുങ്കം കളക്ടർ ഓഫീസിൽനിന്നും ദൈനംദിന റിപ്പോർട്ടും ശേഖരിക്കുകയുണ്ടായി. മേൽപറഞ്ഞവ സമാഹരിച്ച് 1975–76-ാമാണ്ടിലെ തുറമുഖങ്ങളിൽനിന്നുള്ള രാഷ്ട്രാന്തര കയറ്റുമതി ഇറക്കുമതി വാർഷിക വിവരങ്ങൾ തയ്യാറാക്കി. കൂടാതെ 1976–77-ലെ വാർഷികവിവരങ്ങൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

1-4-1975 മുതൽ കേരളത്തിലെ 154 റെയിൽവേ സ്റ്റേഷനുകളിൽ നിന്നും മറ്റു സംസ്ഥാനങ്ങളിലേക്കുള്ള ചരക്ക് ഗതാഗതത്തെപ്പറ്റിയുള്ള സ്ഥിതിവിവരക്കണക്ക് ശേഖരണം ആരംഭിച്ചു. അത് 1977-78-ൽ തുടർന്നു നടത്തി. തെക്കൻ റെയിൽവേയുടെ സ്ഥിതി വിവരക്കണക്കുകൾ സമാഹരിക്കുന്ന കേന്ദ്രം ഓരോ സ്റ്റേഷനിൽനിന്നും ചരക്ക് ഗതാഗതത്തെ കുറിച്ചുള്ള കണക്കുകൾ ശേഖരിക്കുന്നതുകൊണ്ട് ഈ സ്ഥിതിവിവരക്കണക്കുകൾ 1978 ഏപ്രിലിനുശേഷം ശേഖരിക്കുന്നില്ല.

## ഭവന നിർമ്മാണവും വേതനഘടനയും വിഭാഗം

റിപ്പോർട്ട് വർഷത്തിൽ ഈ വിഭാഗം ഭവനനിർമ്മാണവും കെട്ടിട നിർമ്മാണജോലിക്കാരുടെ വേതനഘടനയും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും അവ വിശകലനം ചെയ്ത് ആവശ്യാനുസരണമുള്ള റിപ്പോർട്ടുകൾ എല്ലാം തയ്യാറാക്കുകയുമുണ്ടായി.

1. ഭവനനിർമ്മാണം.—പൊതുമരാമത്തുവകുപ്പിലെ കെട്ടിടനിർമ്മാണ സ്ഥിതിവിവരക്കണക്ക് ഘടകം, സംസ്ഥാനത്ത് പൊതുമരാമത്തു വകുപ്പിൽനിന്നും ഇരുപതിനായിരം രൂപയ്ക്കുമേൽ ചെലവുചെയ്തു പണി കഴിപ്പിച്ച കെട്ടിടങ്ങളുടെ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുകയുണ്ടായി. 1-4-1976 മുതൽ 31-3-1977 വരെയുള്ള രണ്ട് അർദ്ധവാർഷിക വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളത്. പ്രസ്തുത കാലഘട്ടത്തിൽ പൊതുമരാമത്തുവകുപ്പിലെ സ്ഥിതിവിവരക്കണക്കുഘടകം ശേഖരിച്ചിട്ടുള്ള വിവരങ്ങളും അവയിൽനിന്നും സഞ്ചിതപ്പെടുത്തിയ അർദ്ധവാർഷിക വിവരപ്പട്ടികകളും സൂക്ഷ്മപരിശോധന നടത്തുന്നതിനായി, ബ്യൂറോയിലുള്ള ഭവനനിർമ്മാണസ്ഥിതിവിവരക്കണക്ക് വിഭാഗത്തിലേക്ക് അയച്ചുതന്നിട്ടുണ്ട്. ഈ വിഭാഗത്തിൽനിന്നും അവ സസൂക്ഷ്മം പരിശോധിച്ച് വേണ്ട വിവരപ്പട്ടികകൾ തയ്യാറാക്കി ഇവിടെനിന്നും കേന്ദ്ര സർക്കാരിന്റെ ന്യൂഡൽഹിയിലുള്ള ദേശീയ കെട്ടിടനിർമ്മാണസമിതിയിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

മുനിസിപ്പാലിറ്റീസ് ഡയറക്ടർ ആഫീസിലെ ഭവനനിർമ്മാണ സ്ഥിതിവിവരക്കണക്ക് ഘടകം, കേരളത്തിലെ മുനിസിപ്പാലിറ്റികൾ അനുവാദം നൽകിയ സ്വകാര്യമേഖലയിലുള്ള കെട്ടിടനിർമ്മാണപ്രവർത്തനങ്ങളുടെ പാദവർഷ (ത്രൈമാസ) കണക്കുകൾ ശേഖരിച്ച് സഞ്ചിതപ്പെടുത്തിയ വിവരപ്പട്ടിക സൂക്ഷ്മപരിശോധനക്കായി ഈ വിഭാഗത്തിലേക്ക് അയച്ചുതന്നിട്ടുണ്ട്. 1-10-1976 മുതൽ 31-3-1978 വരെയുള്ള ആറ് ത്രൈമാസിക വിവരപ്പട്ടികകൾ ആണ് ഇവിടെ അയച്ചുതന്നിട്ടുള്ളത്. അവയിൽ ആദ്യത്തെ അഞ്ച് ത്രൈമാസിക വിവരപ്പട്ടികകളും, അതായത് 31-12-1977 വരെയുള്ളവ, ഇവിടെ സൂക്ഷ്മപരിശോധന നടത്തി ക്രമാനുസരണം ന്യൂഡൽഹിയിലെ ദേശീയ കെട്ടിടനിർമ്മാണസമിതിയിലേക്ക് അയച്ചുകൊടുത്തു.

കൂടാതെ, ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിലെ ഈ വിഭാഗം, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്നു കോർപ്പറേഷനുകളിലെ സ്വകാര്യമേഖലയിലുള്ള കെട്ടിട നിർമ്മാണപ്രവർത്തനങ്ങളുടെ വിവരങ്ങൾ പ്രസ്തുത കോർപ്പറേഷനുകളിൽനിന്നും നേരിട്ടു ശേഖരിച്ചു സഞ്ചിതപ്പെടുത്തി, 30-9-1977 വരെയുള്ള ത്രൈമാസിക വിവരപ്പട്ടികകൾ ഈ വിഭാഗത്തിൽനിന്നും ദേശീയ കെട്ടിടനിർമ്മാണസമിതിയിലേക്ക് അയക്കുകയുണ്ടായി.

മേൽപ്രസ്താവിച്ച കാര്യങ്ങൾ കൂടാതെ ഈ വിഭാഗം, കെട്ടിട നിർമ്മാണസാധനങ്ങളുടെ വിലനിലവാരവും കെട്ടിടനിർമ്മാണജോലിക്കാരുടെ വേതനനിരക്കും സംബന്ധിച്ച വിവരങ്ങൾ എല്ലാ ജില്ലാ തലസ്ഥാനങ്ങളിൽനിന്നും ശേഖരിച്ച് സഞ്ചിതപ്പെടുത്തി സ്ഥിതി വിവരപ്പട്ടികകൾ തയ്യാറാക്കി റിപ്പോർട്ടുവർഷത്തിൽ ദേശീയ കെട്ടിടനിർമ്മാണസമിതിയിലേക്ക് അയച്ചുകൊടുത്തു. ഇവയും ത്രൈമാസികാ വിവരപ്പട്ടികകൾ ആണ്. കെട്ടിടനിർമ്മാണച്ചെലവിന്റെ 1977-ലെ നിലവാരസൂചിക–തിരുവനന്തപുരം കേന്ദ്രം (അടിസ്ഥാനവർഷം 1971) തയ്യാറാക്കി ദേശീയ കെട്ടിടനിർമ്മാണസമിതിക്ക് സമർപ്പിച്ചിട്ടുണ്ട്.

2. <u>വേതന ഘടനാ സർവേ.</u>—വേതന ഘടനാ സർവേ ഈ വർഷവും മുൻരീതിയനുസരിച്ച് തുടർന്നു നടത്തപ്പെട്ടു. 1977–78 വർഷം നാലു ത്രൈമാസിക ഘട്ടങ്ങളായി ഈ സർവേ നടത്തപ്പെട്ടു. 1976-77-ലെ ഒടുവിലത്തെ ഘട്ടത്തിലേയും 1977-78 ലെ ആദ്യത്തെ മൂന്നു ഘട്ടങ്ങളിലേയും വിവരങ്ങൾ സഞ്ചിതപ്പെടുത്തലും സൂക്ഷ്മപരിശോധനയും പൂർത്തിയാക്കിയിട്ടുണ്ട്. നഗരങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലേയും മൊത്തവ്യാപാര സ്ഥാപനങ്ങളിലേയും ചില്ലറ വ്യാപാരസ്ഥാപനങ്ങളിലേയും 1976-77-ലെ പ്രതിമാസ വേതനനിരക്കുകളുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചിട്ടുണ്ട്. അതുപോലെതന്നെ, നിർമ്മാണമേഖലയിൽ വിദഗ്ദ്ധതൊഴിലാളികളുടെ വേതനനിരക്കും ശേഖരിച്ചിട്ടുണ്ട്, ഇവ സഞ്ചിതപ്പെടുത്തി പ്രത്യേകം റിപ്പോർട്ടുകൾ പൂർത്തിയാക്കിയിരിക്കുന്നു. 1974–75 മുതൽ 1976–77 വരെയുള്ള വേതന ഘടനാ സർവേയുടെ റിപ്പോർട്ടും തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

## അദ്ധ്യായം നാല്

## തൊഴിൽ സ്ഥിതിവിവരക്കണക്ക് വിഭാഗം

ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ തൊഴിൽസ്ഥിതി വിവരക്കണക്ക് വിഭാഗം 1977-78-ൽ കൈകാര്യം ചെയ്ത പ്രധാന ഇനങ്ങൾ താഴെ കൊടുത്തിരിക്കുന്നവയാണ്:—

(1) 1948-ലെ ഫാക്ടറീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത ഫാക്ടറികൾ 1976-ലേക്ക് സമർപ്പിച്ചതായ സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചതിനുശേഷം സമാഹരിച്ച വാർഷികറിപ്പോർട്ടും ബന്ധപ്പെട്ട സ്റ്റേറ്റുമെന്റുകളും തയ്യാറാക്കി സിംലായിലുള്ള ലേബർ ബ്യൂറോക്ക് അയക്കുകയുണ്ടായി,

(2) കേന്ദ്രഗവൺമെന്റിന്റെ പ്രത്യേക നിർദ്ദേശപ്രകാരം 1936-ലെ പേയ്മെന്റ് ഓഫ് വേജസ് ആക്റ്റ് അനുസരിച്ച് അതായത് വേതനം നൽകുന്നതിനെ സംബന്ധിച്ചുള്ള ചട്ടപ്രകാരം, പ്രതിമാസം 400 രൂപായിൽ കൂടുതലും എന്നാൽ 1000 രൂപയിൽ കവിയാതെയുമുള്ള വേതനം വാങ്ങുന്ന ഫാക്ടറി ജോലിക്കാരെ സംബന്ധിച്ച് 1975-ലേക്കുള്ള സ്ഥിതിവിവരക്കണക്കുകൾ പുനശേഖരണം നടത്തി പട്ടികകൾ തയ്യാറാക്കുകയും അതോടൊപ്പം മേൽപ്പടി ചട്ടപ്രകാരം ആയിരം രൂപയ്ക്കകം പ്രതിമാസ വേതനക്കാരായ ഫാക്ടറി ജോലിക്കാരെ സംബന്ധിച്ച് 1976-ലേക്കുള്ള വാർഷിക സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കി കേന്ദ്രഗവൺമെന്റിനു അയച്ചുകൊടുത്തിട്ടുണ്ട്.

(3) നടപ്പുവർഷം കേരളത്തിലെ ഫാക്ടറികളിലും എസ്റ്റാബ്ലിഷ്മെൻറുകളിലും ഉണ്ടായിട്ടുള്ള പണിമുടക്ക്, അടച്ചുപൂട്ടൽ, മാർഗ്ഗതടസം സൃഷ്ടിക്കൽ തുടങ്ങിയതുമൂലം സംജാതമായ തൊഴിൽ വിഘ്നങ്ങളെ സംബന്ധിച്ചുള്ള പ്രതിമാസപ്രത്യവലോകനറിപ്പോർട്ടുകൾ ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസറന്മാരിൽനിന്നും ശേഖരിച്ച് പരിശോധനാവിധേയമാക്കി മാസാമാസം സംയോജിത സ്റ്റേറ്റ്മെൻറുകൾ തയ്യാറാക്കി സിംലായിലെ ലേബർ ബ്യൂറോക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(4) 1936-ലെ പേയ്മെൻറ് ഓഫ് വേജസ് ആക്ടനുസരിച്ച് തേയില, റബ്ബർ, കാപ്പി തുടങ്ങിയ തോട്ടങ്ങളിലെ ജോലിക്കാർക്ക് 1976-ൽ ലഭിച്ച വേതനത്തെ സംബന്ധിച്ച് വാർഷിക കണക്കുകൾ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാൻറേഷനിൽനിന്നും വരുത്തി സൂക്ഷ്മപരിശോധനകൾ നടത്തി സ്റ്റേറ്റ്മെൻറുകൾ തയ്യാറാക്കി ലേബർ ബ്യൂറോക്ക് അയച്ചുകൊടുത്തു.

(5) ഫാക്ടറികളിലും തോട്ടങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീതൊഴിലാളികൾക്ക് പ്രസവാനുകൂല ചട്ടങ്ങളനുസരിച്ച് കൊടുത്ത ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള 1976-ലെ വാർഷിക റിപ്പോർട്ടുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരിൽനിന്നും വരുത്തി സ്റ്റേറ്റ്മെൻറും സംയോജിത റിപ്പോർട്ടും തയ്യാറാക്കി ലേബർ ബ്യൂറോക്ക് സമർപ്പിച്ചിട്ടുണ്ട്.

1948-ലെ ഫാക്ടറീസ് ആക്ടനുസരിച്ച് ഫാക്ടറികൾ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. വർഷംതോറും കുറെ ക്യാൻസലേഷനുകളും നടക്കുന്നുണ്ട്. ഇവ പരിശോധിച്ച് ഓരോ വർഷത്തേയും പ്രവർത്തിക്കുന്ന ഫാക്ടറികളുടെ എണ്ണം നിജപ്പെടുത്തേണ്ടതുണ്ട്. വ്യത്യസ്ഥ മാർഗ്ഗങ്ങളിൽകൂടി കിട്ടിയ കണക്കുകളിൽ ചില വ്യതിയാനങ്ങൾ കണ്ടതുകൊണ്ട് അവ പൂർണ്ണമായും പരിശോധനാവിഷയമാക്കിയിരിക്കുകയാണ്. ഈ ജോലി പൂർത്തിയാക്കുമ്പോൾ 1977 അവസാനത്തിൽ നിലവിലുണ്ടായിരുന്ന ഫാക്ടറികളുടെ യഥാർത്ഥ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാകും.

2. <u>വ്യാവസായിക സ്ഥിതിവിവര വിഭാഗം</u>.—കേരളത്തിലെ ഫാക്ടറി വിഭാഗത്തിൽപ്പെട്ട വ്യാവസായികസ്ഥാപനങ്ങളെ സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് അവയെ സൂക്ഷ്മപരിശോധനക്ക് വിധേയമാക്കിയും അപഗ്രഥിച്ചും റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുകയാണ് ഈ വിഭാഗത്തിൻെറ പ്രധാന ജോലി.

റിപ്പോർട്ടുവർഷത്തിലെ ഈ വിഭാഗത്തിൻെറ പ്രവർത്തനങ്ങളുടെ സംക്ഷിപ്തവിവരം താഴെ ചേർക്കുന്നു:

(1) 1974–75-ലെ വാർഷിക വ്യാവസായിക സർവേ റിപ്പോർട്ട് തയ്യാറാക്കി.

(2) 1975–76-ലെ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി.

(3) കയർ വ്യവസായത്തെ സംബന്ധിച്ച് (1975–76-ൽ നടത്തിയ) ഒരു സർവേ റിപ്പോർട്ട് തയ്യാറാക്കി.

(4) 1973–74 ലെ വാർഷിക സർവേയെ ആധാരമാക്കി വ്യാവസായിക സ്ഥാപനങ്ങളുടെ വിശദവിവരങ്ങളടങ്ങുന്ന ഒരു പ്രസിദ്ധീകരണം തയ്യാറാക്കാൻ കഴിഞ്ഞു.

(5) കൂടാതെ കേരളത്തിലെ ചെറുകിട വ്യവസായിക എസ്റ്റേറ്റുകൾ നേരിടുന്ന പ്രശ്നങ്ങളെ അധികരിച്ച് ഒരു പഠനറിപ്പോർട്ട് തയ്യാറാക്കി ക്കൊണ്ടിരുന്നു.

3. <u>വ്യവസായ ഉല്പന്ന സൂചിക.</u>—കേരള സർക്കാർ 24-7-1975-ലെ സർക്കാർ കല്പന ആർ. റ്റി. 280/75/പി. എൽ. ജി. പ്രകാരം കേരളത്തിൽ 15-9-1975 മുതൽ വ്യാവസായിക ഉല്പന്ന സൂചിക തയ്യാറാക്കുവാനുള്ള പദ്ധതിക്ക് അനുവാദം നൽകുകയുണ്ടായി.

ഈ പദ്ധതിയുടെ ഉദ്ദേശം ത്രൈമാസിക വ്യാവസായിക ഉല്പന്ന സൂചിക തയ്യാറാക്കി പ്രസിദ്ധീകരിക്കുക എന്നതാണ്, 592 വ്യാവസായിക യൂണിറ്റുകളിൽനിന്നും അവയുടെ ഉല്പാദന സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും അവയുടെ അടിസ്ഥാനത്തിൽ സൂചിക തയ്യാറാക്കുകയു മാണ്. 1970-ലെ ഉല്പാദനം അടിസ്ഥാനമാക്കിക്കൊണ്ട് ഈ തിരഞ്ഞെടുത്ത വ്യാവസായികയൂണിറ്റുകളുടെ ഉല്പാദനത്തിന്റെ ശരാശരി വിവരം ഉല്പന്നത്തിന്റെ മൂല്യത്തിന്റെ അടിസ്ഥാനമായിട്ടു കണക്കാക്കപ്പെടുന്നു.

സൂചനാവർഷം 30-6-1976, 30-9-1976, 31-12-1976, 31-3-1977 എന്നീ കാലയളവിലെ ത്രൈമാസിക ഉല്പാദനക്കണക്കുകൾ ശേഖരിക്കുകയും അവയിൽനിന്നും ത്രൈമാസിക സൂചികയും 1976-77-ലെ വാർഷിക സൂചികയും താൽക്കാലികമായിട്ടു തയ്യാറാക്കുകയുണ്ടായി. 30-6-1977, 30-9-1977 എന്നീ കാലയളവിലേക്കുള്ള ത്രൈമാസിക സൂചിക തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. 31-12-1977-ലേക്കുള്ള ത്രൈമാസിക വ്യാവസായിക ഉല്പന്നവിവരക്കണക്കുകൾ ശേഖരിക്കുകയും 30-3-1978-ലേക്കുള്ള ത്രൈമാസിക വ്യാവസായിക ഉല്പന്ന സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുവാനുള്ള നടപടികളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

4. <u>മാനവശക്തി വിഭാഗം.</u>—1977-78-ൽ താഴെ പറയുന്ന പഠനങ്ങളെ സംബന്ധിച്ച് വിശദമായ റിപ്പോർട്ടുകൾ ഈ വിഭാഗം തയ്യാറാക്കുകയുണ്ടായി.

(1) കേരളത്തിലെ കാർഷികമേഖലയിലെ സാങ്കേതിക ജീവനക്കാരുടെ ഔദ്യോഗികസ്വഭാവങ്ങളും സേവന വിനിയോഗവും.

(2) കാർഷികവകുപ്പിലെ സാങ്കേതികജീവനാംഗങ്ങളിലുണ്ടാകാവുന്ന ഒഴിവുകളെപ്പറ്റി (ആറ്റ്റീഷ്യൻറേറ്റ്) യുള്ള പഠനം.

(3) വൈദ്യസേവന വിഭാഗത്തിൽ ഉള്ള മാനവശക്തിയെപ്പറ്റിയുള്ള വിശദമായ പഠനം.

(4) രജിസ്റ്റർ ചെയ്ത തൊഴിൽശാലകളിലെ തൊഴിലവസരങ്ങളുടെ വളർച്ചയെപ്പറ്റിയുള്ള പഠനം.

(5) നഴ്സിംഗ് തൊഴിലിലേർപ്പെട്ടിരിക്കുന്നവരെപ്പറ്റിയുള്ള മാനവശക്തി പഠനം.

(6) എഞ്ചിനീയർമാരുടെ തൊഴിലിനുവേണ്ടിയുള്ള അന്യദേശാഗമനത്തെപ്പറ്റിയുള്ള പഠനം.

(7) കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്തുൾക്കൊള്ളുന്ന മാനവശക്തിയെപ്പറ്റിയുള്ള പഠനം.

(8) അഞ്ചാം പഞ്ചവൽസരപദ്ധതിയിലുള്ള തൊഴിലവസരങ്ങളെപ്പറ്റിയുള്ള പഠനം.

(9) കേരളത്തിലെ മൃഗസംരക്ഷണമേഖലയിലെ സാങ്കേതികജീവനക്കാരുടെ തൊഴിലവസരങ്ങളെപ്പറ്റിയുള്ള പഠനം.

(10) കേരളത്തിലെ തൊഴിൽ പരിശീലനത്തെപ്പറ്റിയുള്ള പഠനം.

(11) ഫിഷറീസ് വിഭാഗത്തിലെ സാങ്കേതിക ജ്ഞാനമുള്ളവരെപ്പറ്റിയുള്ള പഠനം.

(12) പൊതുമരാമത്തുവകുപ്പിൽ 1976-77 വർഷത്തിൽ ഉപയോഗപ്പെടുത്തിയ മാനവശക്തിയെപ്പറ്റിയുള്ള പഠനം.

ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യത്തെ ഉദ്ദേശിച്ച് ഈ വിഭാഗം തയ്യാറാക്കിയിട്ടുള്ള പന്ത്രണ്ട് റിപ്പോർട്ടുകൾ സമാഹരിച്ച് വിപുലമായ ഒരു വാല്യം മാനവശക്തി പഠനങ്ങളുടെ ഒന്നാം വാല്യം അച്ചടിച്ച് പ്രസിദ്ധീകരിക്കുകയുണ്ടായിട്ടുണ്ട്. രണ്ടാം വാല്യം പുറത്തിറക്കുവാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടും ഇരിക്കുകയാണ്.

താഴെ പറയുന്ന പഠനങ്ങൾ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നു:

1. നെല്ലുൽപ്പാദന പ്രക്രിയയിലുൾക്കൊള്ളുന്ന വിവിധ തൊഴിലുകളെപ്പറ്റിയുള്ള പഠനം.

2. വിവിധ തൊഴിൽ പരിശീലനം സിദ്ധിച്ചവരുടെ ഭാവി തൊഴിൽ സാദ്ധ്യതകളെപ്പറ്റിയുള്ള പഠനം.

3. സംസ്ഥാന ഗവൺമെൻറിൻെറ കീഴിൽ സംജാതമായിട്ടുള്ള തൊഴിലവസരങ്ങളെപ്പറ്റിയുള്ള പഠനം.

4. മൽസ്യ സംസ്ക്കരണ വ്യവസായങ്ങളിൽ ഉള്ള തൊഴിലവസരങ്ങളെപ്പറ്റിയുള്ള പഠനം.

ഇതിലുപരി, സാങ്കേതികവും തൊഴിൽപരവുമായും ഏർപ്പെട്ടിട്ടുള്ള മാനവശക്തിയുടെ വർത്തമാനകാലസ്ഥിതിയേയും ഭാവി പ്രദാനത്തെയും പറ്റിയുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും കൂടകൂടെ ഗവൺമെൻറിൽനിന്ന് അയച്ചുതരാറുള്ള പഠന റിപ്പോർട്ടുകളെപ്പറ്റിയുള്ള പരാമർശങ്ങൾ നടത്തുകയും ഈ വിഭാഗം നിർവഹിക്കുകയുണ്ടായിട്ടുണ്ട്.

## അദ്ധ്യായം അഞ്ച്

## ജനനമരണസ്ഥിതി വിവരവും, ജനസംഖ്യാശാസ്ത്ര ഗവേഷണകേന്ദ്രവും

1. <u>ജനസംഖ്യാശാസ്ത്ര ഗവേഷണകേന്ദ്രം.</u>—ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഒരു ഭാഗമായ ജനസംഖ്യാശാസ്ത്ര ഗവേഷണകേന്ദ്രം 1958-ൽ സ്ഥാപിതമായി. സന്താനോൽപ്പാദന

ശേഷി, മരണ നിലവാരം, ജനസംഖ്യാ വർദ്ധനവ്, കുടുംബാസൂത്രണം തുടങ്ങിയവയിൽ പഠനങ്ങൾ നടത്തുന്നതിനായിട്ടാണ് ഈ കേന്ദ്രം സ്ഥാപിച്ചിട്ടുള്ളത്.

റിപ്പോർട്ടു വർഷത്തിൽ താഴെ പറയുന്ന പഠനങ്ങൾ ഈ കേന്ദ്രം ഏറ്റെടുത്ത് നടത്തുകയുണ്ടായി:—

എ. പൂർത്തിയാക്കിയ പഠനങ്ങൾ.—(1) ലൂപ്പ് സ്വീകരണത്തിൽ കേരളത്തിലെ സമീപകാലമാറ്റങ്ങളെപ്പറ്റിയുള്ള പഠനം.—1971–74 കാലയളവിൽ സംസ്ഥാനത്തും, ജില്ലകളിലും ലൂപ്പ് നിക്ഷേപിക്കപ്പെട്ടവരുടെ ചില സവിശേഷതകൾ ഈ റിപ്പോർട്ടിൽ പഠന വിഷയമാക്കിയിരിക്കുന്നു. ലൂപ്പ് നിക്ഷേപിക്കപ്പെട്ടിട്ടുള്ളവരുടെ മതം, വയസ്, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ, വരുമാനം, ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണം മുതലായവ പഠനവിധേയമാക്കുകയുണ്ടായി. ലൂപ്പ് സ്വീകരിച്ചവരിൽ താഴ്ന്ന പ്രായപരിധിയുള്ളവരുടെ ശതമാനം 1966–67-ൽ 48 ആയിരുന്നത് 1973–74-ൽ 64 ആയി വർദ്ധിച്ചതായി പഠനത്തിൽ വെളിപ്പെട്ടു. 1973–74-ൽ ലൂപ്പ് നിക്ഷേപിക്കപ്പെട്ടവരിൽ 64 ശതമാനവും മുപ്പതു വയസിനു താഴെ പ്രായമുള്ളവരാണ്. മേൽപറഞ്ഞ കാലയളവിൽ ഏറ്റവും കൂടുതൽ ലൂപ്പ് നിക്ഷേപിക്കപ്പെട്ടിട്ടുള്ളവർ 25–29 പ്രായപരിധിയിൽപ്പെട്ടവരാണ്. 1966–67-ൽ ലൂപ്പ് നിക്ഷേപിക്കപ്പെട്ടവരുടെ മദ്ധ്യമാനവയസ് 30.3 ആയിരുന്നത് 1973–74-ൽ 27.9 ആയി കുറഞ്ഞു.

സംസ്ഥാനത്തെ പ്രബല മതവിഭാഗങ്ങളിൽ ഹിന്ദുക്കൾ ലൂപ്പ് നിക്ഷേപിക്കപ്പെട്ടവരിൽ മുന്നിട്ടു നിൽക്കുന്നു. ആകെയുള്ളതിൻെറ 70 ശതമാനം മുസ്ലീങ്ങളിൽ ഈ മാർഗ്ഗത്തിന് ഇനിയും പ്രചാരം ഉണ്ടാകേണ്ടിയിരിക്കുന്നു. മൊത്തം ജനസംഖ്യയുടെ 19.5 ശതമാനം മുസ്ലീങ്ങളാണെങ്കിലും ലൂപ്പ് നിക്ഷേപിക്കപ്പെട്ടവരിൽ ഇക്കൂട്ടർ വെറും 9 ശതമാനത്തിനു താഴെ മാത്രമേ വരുന്നുള്ളു.

ലൂപ്പ് നിക്ഷേപിക്കപ്പെട്ടവരിൽ 73–74-ൽ 33.35 ശതമാനം അക്ഷരജ്ഞാനമുള്ള പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാകാത്ത വിഭാഗത്തിലും 27.82 ശതമാനം അതിനു മുകളിൽ 8-ാം തരം ജയിക്കാത്തവരുടെ വിഭാഗത്തിലും ഉൾപ്പെടുന്നു.

ലൂപ്പ് സ്വീകരിച്ചിട്ടുള്ളവരിൽ ഉന്നത വിദ്യാഭ്യാസമുള്ളവരുടെ ശതമാനം കൂടിവരുന്നുണ്ട്.

ലൂപ്പ് നിക്ഷേപിക്കപ്പെട്ടിട്ടുള്ളവരിൽ 1973–74-ൽ 28.27 ശതമാനം സാങ്കേതിക ജ്ഞാനമാവശ്യമില്ലാത്ത തൊഴിൽ ചെയ്യാത്തവരോ, ഒരു തൊഴിലും ഇല്ലാത്തവരോ ആണെന്ന് കാണുന്നു. ഈ മാർഗ്ഗം സ്വീകരിച്ചിട്ടുള്ള സ്ത്രീകളിൽ 80 ശതമാനത്തോളം മാസംപ്രതി 100 രൂപയ്ക്ക് താഴെ മാത്രം വരുമാനമുള്ള വിഭാഗത്തിൽപ്പെടുന്നു. 200 രൂപക്ക് മുകളിൽ വരുമാനമുള്ളവരുടെ ശതമാനം ഈ കാലയളവിൽ കൂടിവരുന്നതായി കണ്ടിരിക്കുന്നു. 1973-74-ൽ ഈ മാർഗ്ഗം സ്വീകരിച്ചവരിൽ 68 ശതമാനത്തോളം സ്ത്രീകൾക്ക് ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണം മൂന്നോ അതിൽ താഴേയോ മാത്രമായിരുന്നു. ചുരുക്കത്തിൽ 1973–74-ൽ നിലവിൽ ഉള്ളതായി കണക്കാക്കിയിട്ടുള്ള 32.7 ലക്ഷത്തോളം വരുന്ന പ്രത്യുൽപ്പാദന ശേഷിയുള്ള ദംബതികളിൽ 0.7 ലക്ഷംപേർ ഈ മാർഗ്ഗം സ്വീകരിച്ചതുകൊണ്ട് ഗർഭധാരണ

സാദ്ധ്യതയിൽനിന്നും സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. 1974 മാർച്ച് അവസാനം വരെ ലൂപ്പ് നിക്ഷേപംകൊണ്ട് 1984-85 കാലഘട്ടംവരെ മൊത്തം 199,360 ജനനങ്ങൾ തടയാൻ കഴിഞ്ഞിട്ടുള്ളതായി കണക്കാക്കുന്നു.

(2) കേരളത്തിൽ വന്ധ്യീകരണ ശസ്ത്രക്രിയയ്ക്ക് വിധേയരായവരെ സംബന്ധിച്ചുള്ള പഠനം.—ഈ റിപ്പോർട്ടിൽ വന്ധ്യീകരണ ശസ്ത്രക്രിയയ്ക്ക് വിധേയരായവരുടെ വയസ്, മതം, വിദ്യാഭ്യാസ നിലവാരം, തൊഴിൽ, വരുമാനം ജീവിച്ചിരിപ്പുള്ള കുഞ്ഞുങ്ങളുടെ എണ്ണം എന്നീ സവിശേഷതകൾ പഠനമാക്കിയിരിക്കുന്നു. ഈ മാർഗ്ഗം സ്വീകരിച്ചവരിൽ പ്രായം കുറഞ്ഞവരുടെ ശതമാനനിരക്ക് ഈ കാലയളവിൽ മുൻ കാലങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചിട്ടുള്ളതായി കണ്ടിരിക്കുന്നു. വന്ധ്യീകരണ ശസ്ത്രക്രിയ നടത്തിയ സ്ത്രീകളിൽ 30 വയസിനുതാഴെ പ്രായമുള്ളവരുടെ ശതമാന നിരക്ക് 1957-67-ൽ 44.5 ആയിരുന്നത് 1973-74-ൽ 63.7 ആയി വർദ്ധിക്കുകയുണ്ടായി. പുരുഷൻമാരിൽ 35 വയസിനുതാഴെ പ്രായമുള്ളവരുടെ ശതമാന നിരക്ക് 1957-67-ൽ 31.6 ആയിരുന്നത് 1973-74-ൽ 48.8 ആയും വർദ്ധിച്ചു. ഇതിനു വിധേയമായവരുടെ മദ്ധ്യമാനവയസ് ഈ കാലയളവിൽ കുറഞ്ഞുവരുന്നതായും കാണാം. ഈ മാർഗ്ഗം സ്വീകരിച്ചവരിൽ 70 ശതമാനത്തിന് മുകളിൽ ഹിന്ദുമതവിശ്വാസികളായിരുന്നു. എന്നാൽ കൃസ്ത്യാനികളിലും, മുസ്ലീങ്ങളിലും ഈ മാർഗ്ഗം സ്വീകരിച്ചവരുടെ ശതമാനത്തിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുള്ളതായി കാണുന്നു. ഈ മാർഗ്ഗം സ്വീകരിച്ച വരിൽ വിദ്യാഭ്യാസപരമായി നോക്കുമ്പോൾ അക്ഷര ജ്ഞാനമില്ലാത്തവരുടെ എണ്ണം വളരെ കുറഞ്ഞിട്ടുള്ളതായി കാണുന്നു. ഈ പഠനത്തിൽനിന്ന് ഒരു നിഗമനം വിദ്യാഭ്യാസമുള്ളവരിൽ പ്രത്യേകിച്ച് പ്രൈമറി വിദ്യാഭ്യാസമെങ്കിലും കഴിഞ്ഞവരിൽ ഈ മാർഗ്ഗം സ്വീകരിച്ചവരുടെ അനുപാതം വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നതാണ . അക്ഷര ജ്ഞാനമില്ലാത്തവരിൽ ഈ അനുപാതം കുറഞ്ഞുവരുന്നതായും കാണുന്നു. വന്ധ്യീകരണ ശസ്ത്രക്രിയയ്ക്ക് വിധേയരായവരിൽ 75 ശതമാനത്തോളം പേർ 1973-74 കാലയളവിൽ 100 രൂപയ്ക്ക് താഴെ മാസവരുമാനക്കാരും 10 ശതമാനത്തോളം പേർ 200 രൂപയ്ക്ക് മുകളിൽ വരുമാനം ഉള്ളവരുമാണെന്ന് കണ്ടിരിക്കുന്നു. ഈ മാർഗ്ഗം സ്വീകരിച്ചവരിൽ മൂന്നോ അതിനു താഴെയോ ജീവിച്ചിരിപ്പുള്ള കുട്ടികൾ ഉള്ളവരുടെ ശതമാനം ഈ കാലയളവിൽ കൂടിയിട്ടുള്ളതായി കാണുന്നു. പുരുഷൻമാരുടെയിടയിൽ ശരാശരി ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണം 3.3-ഉം സ്ത്രീകളുടെയിടയിൽ 3.7-ഉം ആകുന്നു. 15 മുതൽ 49 വരെ പ്രായപരിധിയിൽപ്പെടുന്ന പ്രത്യുൽപ്പാദന ശേഷിയുള്ള 32.7 ലക്ഷം വരുന്ന ദംബതികളിൽ 6.3 ലക്ഷം പേർ ഈ മാർഗ്ഗം സ്വീകരിച്ച് ഗർഭധാരണ സാദ്ധ്യതയ്ക്കെതിരായി സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഈ പരിപാടിയുടെ ആരംഭം മുതൽ 1974 മാർച്ച് അവസാനംവരെ നടത്തിയ വന്ധ്യീകരണ ശസ്ത്രക്രിയകൾകൊണ്ട് 1997-98 കാലഘട്ടമാവുമ്പോൾ മൊത്തം 16.3 ലക്ഷം ജനനങ്ങൾ തടയപ്പെട്ടിരിക്കുമെന്നാണ് മതിപ്പുകണക്ക്.

(3) മലപ്പുറം ജില്ലയിൽ നടത്തിയ പ്രസവശേഷിയെക്കുറിച്ചുള്ള പഠനം.—മലപ്പുറം ജില്ലയിലെ സന്താനോൽപ്പാദന ശേഷി സംബന്ധിച്ച് ഒരു പഠനം നടത്തുകയായിരുന്നു പ്രധാന ലക്ഷ്യം. ഈ ഡിസ്ട്രിക്ടിലെ ഗ്രാമപ്രദേശങ്ങളിൽനിന്നും പട്ടണപ്രദേശങ്ങളിൽനിന്നും തെരഞ്ഞെടുത്ത 1413 വീടുകൾ സന്ദർശിച്ചാണ് ഈ വിവരം ശേഖരിച്ചിട്ടുള്ളത്.

തെരഞ്ഞെടുത്ത വീടുകളിൽ 59 ശതമാനം മുസ്ലീം സമുദായത്തിൽ പ്പെട്ടവർ വസിക്കുന്നു. 39 ശതമാനം ഹിന്ദുക്കളും 35 ശതമാനം പുരുഷൻമാരും 50 ശതമാനം സ്ത്രീകളും നിരക്ഷരരാണ്. 300 രൂപയിൽ കുറഞ്ഞ മാസവരുമാനമുള്ള കുടുംബങ്ങൾ 60 ശതമാനമാണ്. 52 ശതമാനം സ്ത്രീകളും പ്രത്യുൽപ്പാദന പ്രായപരിധിയിൽപ്പെട്ടവരാണ്. ആകെ ജനസംഖ്യയിൽ 36 ശതമാനം പുരുഷൻമാരും 48 ശതമാനം സ്ത്രീകളും വിവാഹിതരാണ്. വിവാഹിതരായിട്ടുള്ള സ്ത്രീപുരുഷ അനുപാതം 107:100 എന്ന തോതിലാണ്.

ഗ്രാമപ്രദേശങ്ങളിൽ വിവാഹിതരിൽ 83 ശതമാനം സ്ത്രീകളും 20 വയസ് പൂർത്തിയാകുന്നതിന് മുൻപ് വിവാഹിതരായവരാണ്. ശരാശരി വിവാഹപ്രായം 18 ആണ്. ഗ്രാമനിവാസികളിൽ വിവാഹിതരിൽ 7.5 ശതമാനം പട്ടണവാസികളിൽ 12.6 ശതമാനം ഒന്നിൽ കൂടുതൽ തവണ വിവാഹം കഴിച്ചവരാണ്. രണ്ടോ അതിൽ കൂടുതലോ വിവാഹം കഴിച്ചവരുടെ ശതമാനം പട്ടണവാസികളിൽ 3.9 ശതമാനവും ഗ്രാമവാസികളിൽ 1.3 ശതമാനവുമാണ്. വിവാഹപ്രായം കൂടുംതോറും കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണാം. ജില്ലയിലെ ജനന നിരക്ക് 1000-ന് 32.2-ഉം മരണ നിരക്ക് 1000-ന് 9-ഉം ആണെന്ന് കാണുകയുണ്ടായി.

ആകെ ജനിച്ച കുട്ടികളിൽ 58 ശതമാനം ആദ്യത്തെ മൂന്നു പ്രസവങ്ങളിൽ ഉണ്ടായിട്ടുള്ളവരാണ്. ആദ്യത്തെ മൂന്നു പ്രസവത്തിനുശേഷം കുടുംബക്ഷേമമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് ദമ്പതികളെ പ്രേരിപ്പിക്കാൻ കഴിഞ്ഞാൽ 40 ശതമാനത്തോളം ഗർഭധാരണം തടയാൻ സാധിക്കുമെന്ന് കാണുന്നു. സന്താനോൽപ്പാദനകാലം മുഴുവൻ തരണം ചെയ്ത ഗ്രാമനിവാസികളായ സ്ത്രീകൾക്ക് ശരാശരി 5.11 കുട്ടികളും നഗര നിവാസികൾക്ക് 5.5 കുട്ടികളും ജീവിച്ചിരിപ്പുള്ളതായി സർവ്വേയിൽ വെളിപ്പെട്ടിട്ടുണ്ട്.

അമ്മമാരുടേയും അവരുടെ പെൺമക്കളുടേയും വിവാഹപ്രായത്തിൽ സാരമായ വ്യത്യാസം സംഭവിച്ചതായി കാണുന്നില്ല. വിവാഹബന്ധത്തിൽ ഏർപ്പെട്ടിട്ടുള്ള സ്ത്രീകളുടെ ഓരോ പ്രസവവും നടക്കുമ്പോഴുള്ള പ്രായം കണക്കിലെടുത്തതിൽ ആനുപാതികമായി ഏറ്റവും അധികം സ്ത്രീകളുടേയും ആദ്യപ്രസവം 18-ാമത്തെ വയസ്സിൽ നടന്നതായി വെളിപ്പെടുകയുണ്ടായി.

2. ജനന മരണ സ്ഥിതിവിവരം.—ഈ ബ്യൂറോയിലെ ജനന മരണ സ്ഥിതിവിവരക്കണക്കു വിഭാഗം സ്റ്റേറ്റ് ഒട്ടാകെയുള്ള ജനനമരണ സ്ഥിതിവിവരങ്ങൾ ശേഖരിച്ച്, ജനനമരണ നിയമപ്രകാരം ആവശ്യമുള്ള പട്ടികകൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന പതിവ് റിപ്പോർട്ടുവർഷവും തുടർന്നു.

വിവരങ്ങളുടെ ഉറവിടവും ശേഖരിക്കുന്ന വിധവും.—1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റ് അനുസരിച്ച് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ആഫീസുകളിൽ നിയമിച്ചിട്ടുള്ള തദ്ദേശീയ രജിസ്ട്രാർമാരാണ് പ്രാഥമിക ജനനമരണ വിവരങ്ങൾ രേഖപ്പെടുത്തുന്നത്. ജനനമരണ വിവരങ്ങൾ ക്രമമായി രേഖപ്പെടുത്തി ഈ ഓഫീസിൽ എത്തിച്ചുതരുന്നതിനുള്ള ചുമതല ലോക്കൽ രജിസ്ട്രാർമാരിലാണ് നിക്ഷിപ്തമായിരിക്കുന്നത്.

മുപ്പതിനായിരത്തിൽ കൂടുതൽ ജനസംഖ്യവരുന്ന മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും ജനനമരണങ്ങളുടെ കണക്കുകൾ ഉൾക്കൊള്ളുന്ന ഒരു വാരാന്ത്യ റിപ്പോർട്ട് ഈ ബ്യൂറോയിൽനിന്ന് കേന്ദ്ര രജിസ്ട്രാർ ജനറൽക്ക് മുറയ്ക്ക് അയക്കുന്നുണ്ട്.

താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽനിന്നും 1972, 1973, 1974 എന്നീ വർഷങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ട ജനനമരണങ്ങളുടെ അടിസ്ഥാനത്തിലുള്ള ജനനമരണനിരക്കുകൾ മനസ്സിലാക്കാം:—

| | 1972 | | 1973 | | 1974 | |
|---|---|---|---|---|---|---|
| | ജനന നിരക്ക് | മരണ നിരക്ക് | ജനന നിരക്ക് | മരണ നിരക്ക് | ജനന നിരക്ക് | മരണ നിരക്ക് |
| (1) | (2) | (3) | (4) | (5) | (6) | (7) |
| സംസ്ഥാനം ആകെ | 21.15 | 4.63 | 20.66 | 4.68 | 20.41 | 4.91 |
| പട്ടണപ്രദേശം | 17.64 | 4.01 | 16.45 | 4.07 | 16.69 | 4.36 |
| ഗ്രാമപ്രദേശം | 47.51 | 9.30 | 52.28 | 9.28 | 48.20 | 9.06 |

ജനനമരണ രജിസ്ട്രേഷനിൽ ഇന്നു കാണുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനുവേണ്ടി ഇൻറർ ഡിപ്പാർട്ടുമെൻറൽ കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് ഈ ബ്യൂറോയും പഞ്ചായത്തു ഡിപ്പാർട്ടുമെൻറും ചേർന്ന് തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ 1976 മേയ്മാസത്തിൽ ഒരു പഠനം നടത്തുകയുണ്ടായി. പ്രസ്തുത പഠനത്തെ അടിസ്ഥാനമാക്കി റിപ്പോർട്ടു തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

## ജനനമരണ സ്ഥിതിവിവരക്കണക്കിൻെറ പുരോഗതിക്കുള്ള പദ്ധതികൾ

ജനനമരണ സ്ഥിതിവിവരക്കണക്ക് രേഖപ്പെടുത്തുന്നത് മെച്ചപ്പെടുത്താൻവേണ്ടി ആസൂത്രണം ചെയ്ത താഴെ പറയുന്ന പദ്ധതികൾ നടപ്പുവർഷത്തിലും തുടരുകയുണ്ടായി:—

1. മോഡൽ രജിസ്ട്രേഷൻ.—ഗ്രാമപ്രദേശങ്ങളിൽ ഉണ്ടാകുന്ന മരണങ്ങളും അവയുടെ കാരണങ്ങളും ശേഖരിക്കുന്നതിനുവേണ്ടിയുള്ളതാണ് ഈ പദ്ധതി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി തെരഞ്ഞെടുക്കപ്പെട്ട ഇരുപത്തൊന്നു പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിലെ പാരാമെഡിക്കൽ ഉദ്യോഗസ്ഥൻമാർ പ്രാഥമിക വിവരങ്ങൾ ശേഖരിച്ച് മെഡിക്കൽ ആഫീസറുടെ പരിശോധനയ്ക്കുശേഷം ഓരോ മാസവും ഈ ബ്യൂറോയിൽ എത്തിച്ചുതരുന്നു. കൂടാതെ അർദ്ധവാർഷിക റിപ്പോർട്ടുകളും തയ്യാറാക്കി അയയ്ക്കുന്നുണ്ട്. ഇവ വേണ്ട പരിശോധനയ്ക്കും ക്രമീകരണങ്ങൾക്കും ശേഷം ഈ ബ്യൂറോയിൽനിന്ന് കേന്ദ്ര രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കുന്നു.

2. മരണകാരണങ്ങൾ വ്യക്തമാക്കുന്ന മെഡിക്കൽ ആഫീസറുടെ സർട്ടിഫിക്കറ്റിൻമേലുള്ള പഠനം.—1961 ഏപ്രിൽ മാസത്തിൽ കൂടിയ ഇൻറർഡിപ്പാർട്ടുമെൻറൽ കമ്മിറ്റി തീരുമാനമനുസരിച്ച് ഒരു ലക്ഷത്തിൽ കവിഞ്ഞ് ജനസംഖ്യയുള്ള കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും മരണകാരണങ്ങൾ സംബന്ധിച്ച് മെഡിക്കൽ ആഫീസർമാരുടെ സർട്ടിഫിക്കറ്റുകൾ ശേഖരിച്ച് പഠനം നടത്തുന്നതിനുള്ള ഒരു പുതിയ പദ്ധതി ആവിഷ്ക്കരിക്കുകയുണ്ടായി. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും കൊല്ലം, ആലപ്പുഴ എന്നീ മുനിസിപ്പാലിറ്റികളിലും ഈ പദ്ധതി നടപ്പിൽ വന്നു. അതാത് കോർപ്പറേഷൻ മുനിസിപ്പൽ അതിർത്തിക്കകത്ത് പൊതുമേഖലയിലും സ്വകാര്യ മേഖലയിലും ഉള്ള ആശുപത്രികളിൽ നടക്കുന്ന മരണങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട ഡോക്ടർമാർ രേഖപ്പെടുത്തുന്ന മരണകാരണങ്ങൾ ഡെപ്യൂട്ടി ഹെൽത്ത് ആഫീസർ റിപ്പോർട്ട് ചെയ്യുന്നു. ഈ റിപ്പോർട്ടുകൾ വിശകലനം ചെയ്ത് അതാത് കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളെ സംബന്ധിക്കുന്ന പ്രത്യേക പഠന റിപ്പോർട്ടുകൾ തയ്യാറാക്കുന്നു. മുൻകൊല്ലങ്ങളെപ്പോലെ നടപ്പുവർഷത്തിലും ഈ പദ്ധതി തുടർന്നു.

ജനനമരണക്കണക്കുവിഭാഗത്തിൻെറ വിപുലീകരണം.—ശരിയായ ജനനമരണക്കണക്കുശേഖരണത്തിനായി ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസിലും, കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും, ഗുരുവായൂർ ടൗൺഷിപ്പിലും ഈ ബ്യൂറോയിലെ ഈ ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടുണ്ട്. ഇവർ അതാത് മുൻസിപ്പാലിറ്റിയിലുള്ള വീടുകൾ സന്ദർശിച്ച് രജിസ്റ്റർ ചെയ്യപ്പെടാത്ത ജനനമരണങ്ങളുടെ ഒരു മതിപ്പു തയ്യാറാക്കുകയും അതിൻെറ അടിസ്ഥാനത്തിൽ യഥാർത്ഥ നിരക്കുകൾ കണക്കാക്കുകയും ചെയ്യുന്നു.

3. സാമ്പിൾ രജിസ്ട്രേഷൻ—(1) ആമുഖം.—ഗ്രാമതലത്തിൽ ജനനമരണ നിരക്കുകൾ തിട്ടപ്പെടുത്തുന്നതിലേക്കായി 1965 ജൂലൈ മാസത്തിൽ 150 സാമ്പിൾ ഗ്രാമങ്ങൾ (യൂണിറ്റുകൾ) തിരഞ്ഞെടുത്തുകൊണ്ടാരംഭിച്ച സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി 1977-78 വർഷത്തിലും തുടരുകയുണ്ടായി.

(2) പദ്ധതി നടപ്പാക്കുന്ന വിധം.—(എ) പാർട്ട്ടൈം എന്യൂമറേറ്റർമാരുടെ ജോലി.—മിക്കവാറും സ്ഥലവാസികളിൽനിന്നുതന്നെ നിയമിക്കപ്പെട്ടിട്ടുള്ള പാർട്ട്ടൈം എന്യൂമറേറ്റർമാർ അതാതു സാമ്പിളുകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ജനനമരണങ്ങളുടെ വിശദവിവരങ്ങൾ അപ്പഴപ്പോൾ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അപ്രകാരം രേഖപ്പെടുത്തുന്ന ജനനമരണങ്ങളുടെ മാസാന്ത്യ റിപ്പോർട്ടുകൾ മാസംതോറും അതതു ജില്ലാ ആഫീസുകളിലേക്കും ഡയറക്ടറാഫീസിലേയ്ക്കും അയച്ചുകൊടുക്കുന്നു.

(ബി) സൂപ്പർവൈസർമാർ നടത്തുന്ന അർദ്ധവാർഷിക സർവേ.—ഓരോ അർദ്ധവർഷത്തിലും സൂപ്പർവൈസർമാർ തങ്ങളുടെ ചുമതലയിലുള്ള സാമ്പിളുകളിലെ എല്ലാ വീടുകളും സന്ദർശിച്ച് കഴിഞ്ഞ ആറു മാസക്കാലത്ത് അവിടെ നടന്നിട്ടുള്ള ജനനമരണങ്ങളുടെ തീർത്തും സ്വതന്ത്രമായ വേറൊരു ജനനമരണ പട്ടിക തയ്യാറാക്കുന്നു. പ്രസ്തുത പട്ടികയിലുള്ള ജനനമരണങ്ങളെ എന്യൂമറേറ്റർമാർ മാസാമാസം തയ്യാറാക്കി നൽകിയിട്ടുള്ള ജനനമരണങ്ങളുമായി ഒരു തരതമ്യപഠനം നടത്തുന്നു. അപ്പോൾ ലഭി

ച്ചേക്കർവുന്ന പൊരുത്തപ്പെടാത്തതും ഭാഗികമായിമാത്രം പൊരുത്തപ്പെടുന്നതും ആയ എല്ലാ സംഭവങ്ങളേയും കുറിച്ച് അഡീഷണൽ ഡിസ്ട്രിക്റ്റ് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ വീണ്ടും സ്ഥലം സന്ദർശിച്ച് കൂടുതൽ അന്വേഷണങ്ങൾ നടത്തി അവയ്ക്ക് തീർപ്പു കൽപിക്കുന്നു. ഇപ്രകാരം തയ്യാറാക്കുന്ന ജനനമരണങ്ങളുടെ ശരിയായ പട്ടിക പിന്നീട് ഡയറക്ടറാഫീസിലേക്ക് അയച്ചുകൊടുക്കുന്നു.

(സി) ഫീൽഡ് ജോലികളിൻമേലുള്ള മേൽനോട്ടം.—ജില്ലാ തലങ്ങളിൽ ഈ പദ്ധതി സംബന്ധിച്ചുള്ള എല്ലാ ചുമതലയും ഡിസ്ട്രിക്റ്റ് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ/അഡീഷണൽ ഡിസ്ട്രിക്റ്റ് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർക്കുള്ളതാണ്. ഈ പദ്ധതി നടത്തിപ്പിന്റെ സംസ്ഥാന മൊട്ടാകെയുള്ള മേൽനോട്ടം വഹിക്കുന്നതും അർദ്ധവാർഷിക സർവേയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പരിശീലനം നൽകുന്നതും റീജിയണൽ ആഫീസറാണ്. രജിസ്ട്രാർ ജനറൽ ഓഫ് ഇൻഡ്യയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ബ്യൂറോയുടെ ജനസംഖ്യാവിഭാഗം ഡെപ്യൂട്ടി ഡയറക്ടറുടെ നിയന്ത്രണത്തിലും ആണ് റീജിയണൽ ആഫീസർ പ്രവർത്തിക്കുന്നത്.

3. 1977–78-ലെ സർവേ.—(എ) 23-ഉം 24-ഉം അർദ്ധവാർഷിക സർവേയ്ക്കുവേണ്ടിയുള്ള പരിശീലന ക്ലാസുകൾ യഥാക്രമം 1977-ാമാണ്ട് ജനുവരി/ജൂലൈ മാസങ്ങളിൽ നടത്തുകയുണ്ടായി. 22, 23 എന്നീ സർവേകളുടെ ഫലങ്ങൾ രജിസ്ട്രാർ ജനറലിന് യഥാക്രമം 1977 ഫെബ്രുവരി/ജൂലൈ എന്നീ മാസങ്ങളിലായി അയയ്ക്കുകയും ചെയ്തു.

(ബി) 1975-ാമാണ്ടത്തെ മിനിമം പോപ്പുലേഷൻ പ്ലാനനുസരിച്ചുള്ള കണക്കുകൾ 1977 മേയ് മാസത്തിൽതന്നെ രജിസ്ട്രാർ ജനറലിന് നൽകിക്കഴിഞ്ഞു.

(സി) 20-ഉം 21-ഉം അർദ്ധവാർഷിക സർവേ ആധാരമാക്കിയുള്ള 1975-ലെ വാർഷിക റിപ്പോർട്ട് 1977 ഒക്ടോബർ മാസത്തിൽ പുറത്തിറക്കി.

(ഡി) പ്രസ്തുത വർഷത്തെ പ്രധാന ഫലങ്ങൾ താഴെ ചേർക്കുന്നു:

സാമ്പിൾ രജിസ്ട്രേഷൻ—റൂറൽ കേരള 1975

| പ്രദേശം | ജനന നിരക്ക് | നിശ്ചല ജനന നിരക്ക് | മരണ നിരക്ക് | ശിശുമരണ നിരക്ക് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1. തീരദേശം | 25.94 | 19.86 | 8.47 | 45.78 |
| 2. ഇടനാട് | 27.93 | 17.91 | 8.35 | 58.12 |
| 3. മലനാട് | 32.78 | 24.68 | 9.08 | 68.49 |
| സ്റ്റേറ്റ് | 28.17 | 19.44 | 8.48 | 57.26 |

അദ്ധ്യായം ആറ്

## ബുദ്ധിപരമായ ഭരണമൂല്യഘടകം (അഡ്മിനിസ്ട്രേറ്റീവ് ഇൻറലിജൻസ് യൂണിറ്റ്)

റിപ്പോർട്ടുവർഷത്തിൽ ഈ വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് ഇൻറലിജൻസ് യൂണിറ്റ് സാമൂഹ്യവികസന കേന്ദ്രങ്ങളിലുള്ള പ്രവർത്തന പുരോഗതിയെക്കുറിച്ച് വിവിധ റിപ്പോർട്ടുകൾ തയ്യാറാക്കുന്ന ജോലി തുടർന്ന് നടത്തിവന്നു. റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുവേണ്ട പുരോഗതികളെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ സാമൂഹ്യവികസന ഉദ്യോഗസ്ഥൻമാരിൽനിന്നും ലഭിക്കുന്നു. കേന്ദ്രസർക്കാരിലേക്കും സംസ്ഥാന സർക്കാരിലേക്കും താഴെ പറയുന്ന റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

1. ത്രൈമാസിക സാമൂഹ്യവികസന റിപ്പോർട്ട്.—നടപ്പുവർഷത്തിൽ 1976 ജൂൺ മുതൽ 1977 മാർച്ച് അവസാനംവരെയുള്ള നാല് ത്രൈമാസിക റിപ്പോർട്ടുകൾ തയ്യാറാക്കി ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് കേരളത്തിലെ 144 വികസന ബ്ലോക്കുകളെയും സംബന്ധിച്ചുള്ളവയാണ്.

2. പ്രാദേശിക വികസന പ്രവർത്തന ത്രൈമാസിക പുരോഗതി റിപ്പോർട്ട്.—കേരളത്തിലെ എല്ലാ വികസന ബ്ലോക്കുകളിലെയും പുരോഗതിയെക്കുറിച്ചുള്ള 1976 സെപ്തംബർ മുതൽ 1977 മാർച്ചുവരെയുള്ള മൂന്നു ത്രൈമാസിക റിപ്പോർട്ടുകൾ നടപ്പുവർഷത്തിൽ തയ്യാറാക്കി ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ട്.

3. ഗ്രാമീണ പ്രവർത്തന പരിപാടി (ത്രൈമാസിക പുരോഗതി റിപ്പോർട്ട്) —കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 45 ബ്ലോക്കുകളെമാത്രം സംബന്ധിച്ചുള്ളതാണ് ഈ റിപ്പോർട്ട്. 1976 സെപ്തംബർ മുതൽ 1977 ജൂൺവരെയുള്ള മാസങ്ങളിലവസാനിക്കുന്ന നാല് ത്രൈമാസിക പുരോഗതി റിപ്പോർട്ടുകൾ നടപ്പുവർഷത്തിൽ തയ്യാറാക്കി ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ട്.

4. പോഷകാഹാര പ്രായോഗിക പരിപാടി ത്രൈമാസിക പുരോഗതി റിപ്പോർട്ട്.—ഈ വർഷത്തിൽ 1976 ജൂൺമാസം അവസാനിക്കുന്നതു മുതൽ 1977 മാർച്ചുമാസം അവസാനിക്കുന്നതുവരെയുള്ള നാല് ത്രൈമാസിക റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് തിരഞ്ഞെടുക്കപ്പെട്ട 89 ബ്ലോക്കുകളെമാത്രം കുറിച്ചുള്ളവയാണ്.

5. സാമൂഹിക വികസന പരിപാടിയെക്കുറിച്ചുള്ള വാർഷിക പുരോഗതി റിപ്പോർട്ട്.—ഇത് കേരളത്തിലെ 144 ബ്ലോക്കുകളേയും സബന്ധിച്ചുള്ളവയാണ്. നടപ്പുവർഷത്തിൽ 1976 മാർച്ചിൽ അവസാനിക്കുന്ന വാർഷിക റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

6. ഗോത്രപ്രദേശ വികസന കേന്ദ്രത്തിൻെറ വാർഷിക റിപ്പോർട്ട്.—നടപ്പുവർഷത്തിൽ 1977 മാർച്ചിൽ അവസാനിക്കുന്ന വാർഷിക റിപ്പോർട്ട് ഗവൺമെൻറിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഇത് അട്ടപ്പാടി ഗോത്രപ്രദേശ പുരോഗതി കേന്ദ്രത്തിനെമാത്രം കുറിച്ചുള്ളവയാകുന്നു.

7. പ്രയുക്ത പോഷകാഹാര പരിപാടി വാർഷിക റിപ്പോർട്ട്.— 1976 മാർച്ചിലും 1977 മാർച്ചിലും അവസാനിക്കുന്ന രണ്ടു വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി ഗവൺമെൻറിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

അദ്ധ്യായം ഏഴ്

## 1. നാഷണൽ സാമ്പിൾ സർവേ വിഭാഗം

ആയിരത്തിത്തൊള്ളായിരത്തി അൻപതിൽ നിലവിൽവന്ന ഇൻഡ്യാ ഗവൺമെൻറിൻെറ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ, ആസൂത്രണത്തിനും മറ്റു ഭരണപരമായ ആവശ്യങ്ങൾക്കുമായി രാജ്യത്തിൻെറ സമ്പദ്വ്യവസ്ഥയുടെ വിവിധ വശങ്ങളെ സംബന്ധിക്കുന്ന സാമൂഹ്യ സാമ്പത്തിക വിവരങ്ങൾ രാജ്യവ്യാപകമായ അടിസ്ഥാനത്തിൽ ശേഖരിക്കുന്നതിന് ഓരോ വർഷവും സാമ്പിൾ സർവേകൾ നടത്തിക്കൊണ്ടിരിക്കുന്നു. ആനുകാലിക പ്രാധാന്യമുള്ള ഓരോ വിഷയം ഉൾക്കൊള്ളിച്ചുകൊണ്ട്, ഒന്നിനുപുറകെ ഒന്നായി നടത്തപ്പെടുന്ന വിവിധോദ്ദേശ സംയോജിത സർവേ ആണ് നാഷണൽ സാമ്പിൾ സർവേ. കേന്ദ്രഗവൺമെൻറുമായി തുല്യ അടിസ്ഥാനത്തിൽ സർവേയുടെ സാമൂഹ്യ സാമ്പത്തിക ഭാഗത്തിൽ കേരളവും പങ്കെടുത്തുകൊണ്ടിരിക്കുന്നു. 1977–78 വർഷത്തിൽ 31-ാമത്തെ റൗണ്ട് പൂർത്തിയാക്കുകയും 32-ാമത്തെ റൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

വിഷയങ്ങൾ.—സർവേയുടെ 32-ാമത്തെ റൗണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ഗ്രാമങ്ങളിലും പട്ടണങ്ങളിലും ഉള്ള വീടുകളിലെ ഗാർഹിക ചെലവുകളെപ്പറ്റിയും തൊഴിൽ സംബന്ധമായ കാര്യങ്ങളും തൊഴിലില്ലായ്മയേയും സംബന്ധിച്ചുള്ള സമഗ്രമായ ഒരു പഠനവും ആകുന്നു.

സാമ്പിൾ ഡിസൈൻ.—360 സെൻസസ് കരകളാണ് ഗ്രാമപ്രദേശങ്ങളെപ്പറ്റിയുള്ള പഠനത്തിന് തെരഞ്ഞെടുത്തിട്ടുള്ളത്. ആദ്യമായിട്ട് ആകെയുള്ള സെൻസസ് കരകളിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്നതിന് തുല്യ പ്രാധാന്യം നൽകി—കരകൾ തിരഞ്ഞെടുക്കുന്നു. ആ കരകളിലെ തിരഞ്ഞെടുക്കപ്പെടുന്ന കുടുംബങ്ങളിൽനിന്ന് ആവശ്യമുള്ള വിവരങ്ങൾ ശേഖരിക്കുകയാണ് ചെയ്യുന്നത്. ഇതിനുപുറമെ പട്ടണങ്ങളിൽനിന്ന് 144 ബ്ലോക്കുകൾ തിരഞ്ഞെടുത്ത് വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്നു. ഇതിലേക്കായി, സർവേ തുടങ്ങുന്നതിനുമുൻപ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് പ്രത്യേക പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

ഈ കാലയളവിൽ സാമ്പിൾ സർവേ 27-ാം റൗണ്ടിൻെറ റിപ്പോർട്ട് തയ്യാറാക്കുകയും, 30-ാമത്തെ റൗണ്ടിൻെറ ടാബുലേഷൻ ജോലികൾ ആരംഭിക്കുകയും ചെയ്തു.

## 2. സാമ്പത്തിക സെൻസസും സർവേകളും

ഇൻഡ്യയിൽ രാജ്യവ്യാപകമായി 1977 നവംബർ–ഡിസംബർ മാസങ്ങളിൽ നടത്തിയ സാമ്പത്തിക സെൻസസിൽ കേരളവും പങ്കുകൊണ്ടു. വിപുലമായ തോതിലുള്ള ഈ ദേശീയ പരിപാടിയുടെ ഭാഗമായി ഈ

സംസ്ഥാനത്തെ കഴിഞ്ഞ നവംബറിൽ നടത്തിയ സാമ്പത്തിക സെൻസസിന്റെ ചുമതല വഹിച്ചത് ബ്യൂറോ ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ആയിരുന്നു. കാർഷികേതര മേഖലകളിലെ ഉൽപ്പാദന സംരംഭങ്ങളെ സംബന്ധിച്ചുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുകയായിരുന്നു ഈ സെൻസസിന്റെ മുഖ്യലക്ഷ്യം. കാർഷികേതര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയും ഒരാളെയെങ്കിലും ശമ്പളത്തിനോ കൂലിക്കോ ഏർപ്പെടുത്തുകയും ചെയ്തിട്ടുള്ള സംരംഭങ്ങളാണ് ഈ സെൻസസിന്റെ പരിധിയിൽപ്പെടുന്നത്. ഇപ്രകാരമുള്ള സംരംഭങ്ങൾക്ക് സെൻസസിൽ 'സ്ഥാപനങ്ങൾ' എന്നാണ് പേർ കൊടുത്തത്. വിവിധ മേഖലകളിലെ സ്ഥാപനങ്ങളുടെ സംഖ്യയ്ക്കുപുറമെ അവയുടെ പ്രവർത്തന സ്വഭാവം, തൊഴിൽ സാദ്ധ്യത, ഉൽപ്പന്നങ്ങളുടെ വില, വരുമാനം തുടങ്ങിയ മറ്റു പ്രസക്ത ഘടകങ്ങളും സെൻസസിന്റെ പരിധിയിൽ പെടുത്തിയിട്ടുണ്ട്. കൂടാതെ ഓരോ പഞ്ചായത്തിലും പഞ്ചായത്തുവാർഡിലുള്ള സുഖസൗകര്യങ്ങളെപ്പറ്റിയും വേണ്ട വിവരങ്ങൾ ശേഖരിക്കാനും ഈ സെൻസസ് ഉപകരിച്ചിട്ടുണ്ട്. പല ഘട്ടങ്ങളായി രണ്ടു കൊല്ലത്തിനുള്ളിൽ നടത്തപ്പെടുന്ന സാമ്പിൾ സർവേകൾക്ക് രൂപം നൽകാനും ഈ സെൻസസിൽക്കൂടി ശേഖരിച്ച അടിസ്ഥാന വിവരങ്ങൾ ഉപയോഗപ്പെടുത്തുന്നതാണ്.

സെൻസസിന്റെ നടത്തിപ്പിന് മാർഗ്ഗദർശനം നൽകുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള ഒരു സംസ്ഥാനക്കമ്മിറ്റി രൂപീകരിച്ചിരുന്നു. അതിൽ ബ്യൂറോ ഡയറക്ടർ കൺവീനറായിരുന്നു. സെൻസസിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി ജില്ലാതലത്തിൽ ഓരോ ജില്ലാ കമ്മിറ്റിയും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ചിരുന്നു.

ഈ സെൻസസിന്റെ പ്രചാരത്തിനുവേണ്ടി വിവിധ സ്ഥലങ്ങളിൽ സിനിമാ പ്രദർശനങ്ങൾ നടത്തുകയും തിയേറ്ററുകൾവഴി സ്ലൈഡുകളും ഡോക്കുമെന്ററി ഫിലിമുകളും പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അഖിലേന്ത്യാ റേഡിയോവഴിയും വേണ്ട പ്രചാരണം നടത്തി. ബ്യൂറോയിലെ എല്ലാ ജില്ലാ താലൂക്ക് തലത്തിലുള്ള ഉദ്യോഗസ്ഥൻമാരുടേയും മറ്റു ഫീൽഡ് സ്റ്റാഫിന്റെയും സേവനങ്ങൾ ഈ സെൻസസ് നടത്തുന്നതിലേക്കായി അവരവരുടെ ജോലികൾക്കുപുമേ വിനിയോഗിക്കുകയുണ്ടായി. ബ്യൂറോയിലെ എക്കണോമിക്സ് സെൻസസ് വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് ഈ സെൻസസ് നടത്തപ്പെട്ടത്.

സെൻസസ് പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുമുൻപ് അതിലേക്കു വേണ്ട എന്യൂമറേറ്റർമാരെ തെരഞ്ഞെടുത്ത് അവർക്കുവേണ്ട പരിശീലനം നൽകി, അതാതു പ്രദേശങ്ങളിലുള്ള അഭ്യസ്തവിദ്യരായ തൊഴിൽരഹിതരെയാണ് എന്യൂമറേറ്റർമാരായി തെരഞ്ഞെടുത്തത്. സംസ്ഥാനമൊട്ടാകെയായി ആകെ രണ്ടായിരത്തി എഴുന്നൂറ്റി പതിമൂന്ന് എന്യൂമറേറ്റർമാർ ഈ സെൻസസിനുവേണ്ടി പ്രവർത്തിച്ചു. അവർ ഓരോ വീടും സന്ദർശിച്ച് കാർഷികേതര പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു. ഇപ്രകാരം ശേഖരിച്ച വിവരങ്ങളിൽനിന്നും ചില പ്രാഥമിക വിവരങ്ങൾ സെൻസസ് കഴിഞ്ഞ് രണ്ടു മാസത്തിനകം പ്രസിദ്ധപ്പെടുത്തി.

സെൻസസിൽനിന്നും ലഭിച്ച പ്രാഥമിക വിവരങ്ങൾ അനുസരിച്ച് കേരളത്തിലെ വിവിധ കാർഷികേതര മേഖലകളിൽ 1.74 ലക്ഷം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കച്ചവടം, ഗതാഗതം, ഖനനം, നിർമ്മാണം, വ്യവസായം, ധനകാര്യം, ആഫീസുകൾ, വിദ്യാഭ്യാസം, ആതുരശുശ്രൂഷ

മുതലായ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളിൽ ഒട്ടാകെ 14.25 ലക്ഷം ആളുകൾ ജോലി ചെയ്യുന്നുണ്ട്. ഇതിൽ 12.85 ലക്ഷം പേർ വേതനത്തിനുവേണ്ടി ജോലിചെയ്യുന്നവരും 1.40 ലക്ഷം പേർ സ്ഥാപന ഉടമകളുടെ കുടുംബാംഗങ്ങളുമാണ്.

സെൻസസിന്റെ അടുത്ത പടിയായി സംസ്ഥാനത്തിലെ പ്രധാന സ്ഥാപനങ്ങളുടെ ഒരു ഡയറക്ടറിയും ഓരോ പഞ്ചായത്ത്/ടൗൺ വാർഡിലും ഉള്ള സ്ഥാപനങ്ങളുടെ തരം തിരിച്ചുള്ള എണ്ണവും മറ്റ് അടിസ്ഥാന വിവരങ്ങളും അടങ്ങുന്ന ഒരു സംയുക്ത റിപ്പോർട്ട് തയ്യാറാക്കുന്നതാണ്. തുടർന്ന് സെൻസസിൽ ശേഖരിച്ച വിവരങ്ങളുടെ വിശദമായ അപഗ്രഥനവും ഓരോ വിഭാഗത്തിലുമുള്ള സ്ഥാപനങ്ങളെക്കുറിച്ച് വിശദമായ പഠനങ്ങളും ആരംഭിച്ചിട്ടുണ്ട്. ഈ സെൻസസിലും തുടർന്നുള്ള പഠനങ്ങളിലുംകൂടി ലഭിക്കുന്ന വിവരങ്ങൾ ജില്ലാ തലത്തിലുള്ള ആസൂത്രണത്തിനും പിന്നോക്കപ്രദേശങ്ങൾ നിർണ്ണയിക്കുന്നതിനും കൂടുതൽ കൃത്യമായി പ്രാദേശിക വരുമാനം കണക്കാക്കുന്നതിനും മറ്റും പ്രയോജനപ്പെടുന്നതാണ്.

## അദ്ധ്യായം എട്ട്

## വിലയിരുത്തൽ വിഭാഗം

റിപ്പോർട്ടുവർഷത്തിൽ വിലയിരുത്തൽ ഘടകത്തിന്റെ പ്രവർത്തനം തുടർന്നു. താഴെ പറയുന്ന പഠനങ്ങൾ ഏറ്റെടുത്തു നടത്തി:—

പൊതുവിഭാഗം.—കുടുംബ സമ്പാദ്യ നിക്ഷേപ സർവേയുടെ രണ്ടാം ആവർത്തി ഈ കാലയളവിൽ കേരള ശാസ്ത്ര സാഹിത്യ പരിഷത്തുകാർ തിരഞ്ഞെടുത്ത വിദ്യാർത്ഥികളെക്കൊണ്ട് നടത്തിക്കുകയുണ്ടായി. ജില്ലാ താലൂക്ക് നിലവാരത്തിൽ ഇതിന്റെ പരിശോധനകൾമാത്രം ബ്യൂറോയിലെ ജില്ലാ, താലൂക്ക് അധികാരികൾ നിർവഹിക്കുകയുണ്ടായി. സർവേ പൂർത്തിയാക്കി അതിന്റെ എല്ലാ ഷെഡ്യൂളുകളും പ്ലാനിംഗ് ബോർഡിൽ നേരിട്ട് ശേഖരിച്ചു.

ഒന്നാം റൗണ്ട് സർവേയിലെ ഷെഡ്യൂളിന്റെ കോഡിംഗ് പൂർത്തിയാക്കി.

2. കശുമാവുകൃഷിയെ സംബന്ധിച്ചുള്ള ഒരു പഠനം ഈ കാലയളവിൽ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ അഞ്ചു ജില്ലകളിൽ നടത്തി. ഏലാപദ്ധതി നടന്നിട്ടുള്ള സ്ഥലങ്ങളിലാണ് ഈ കൃഷിക്ക് സഹായധനം കൊടുത്തിട്ടുള്ളത്. ഏറ്റവും കൂടുതൽ സഹായധനം നൽകിയിട്ടുള്ള മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ രണ്ടു സ്ഥലങ്ങളിലും മറ്റുള്ള ജില്ലകളിൽ ഓരോ സ്ഥലത്തും ഉള്ള ഏലായാണ് പഠനത്തിന് തിരഞ്ഞെടുത്തത്. കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിൽ രണ്ടുപേർ വീതവും മറ്റുള്ള ജില്ലകളിൽ ഓരോരുത്തരും ഈ സർവേയുടെ പ്രവർത്തനത്തിൽ ഏർപ്പെട്ടു. സർവേ പ്രസ്തുത കാലയളവിൽ പൂർത്തിയാക്കി എല്ലാ ഫാറങ്ങളും പൂരിപ്പിച്ചു പ്ലാനിംഗ് ബോർഡിൽ ഏൽപ്പിച്ചു.

ഐ. പി. ഡി. പദ്ധതിയുടെ (മുണ്ടകൻ) ടേബിൾ റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കുവേണ്ടി പ്ലാനിംഗ് ബോർഡിൽ അയച്ചു.

**സോയിൽ കൺസർവേഷൻ (മണ്ണൊലിപ്പുനിവാരണം) റിപ്പോർട്ടുകാലത്തെ പദ്ധതികൾ**

1. ഏഴംകുളം മണ്ണൊലിപ്പുനിവാരണ പദ്ധതി (കൊല്ലം ജില്ല)
2. ആനിക്കാട് ,, (ആലപ്പുഴ ,, )
3. മന്നം ,, (കോട്ടയം ,, )
4. പിറവം ,, (എറണാകുളം ജില്ല)
5. കുണ്ടപ്പള്ളി ,, (കണ്ണൂർ ,, )
6. കുണ്ടാ ,, (ആറാം റൗണ്ട്) (പാലക്കാട് ,, )

മുകളിൽ പറഞ്ഞിരിക്കുന്ന മണ്ണൊലിപ്പുനിവാരണ പദ്ധതികളെ സംബന്ധിച്ചുള്ള സർവേ റിപ്പോർട്ട് ഈ കാലയളവിൽ പൂർത്തിയാക്കി. എല്ലാ ഫാറങ്ങളും ശേഖരിച്ചു. കമ്പയിലർ നിലവാരത്തിലുള്ള ജോലികൾ നടന്നുകൊണ്ടിരിക്കുകയാണ്.

റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിലേക്കായി താഴെ പറയുന്ന പദ്ധതിയുടെ സ്റ്റേറ്റ് നിലവാരത്തിലുള്ള ടേബിൾ പ്ലാനിംഗ് ബോർഡിലേക്കയച്ചു:

1. പൂച്ചാക്കൽ മണ്ണൊലിപ്പുനിവാരണ പദ്ധതി (ആലപ്പുഴ ജില്ല)
2. തുരുത്തി ,, (കോട്ടയം ,, )
3. കാക്കനാട്-കരിലാൻഡ് ,, (എറണാകുളം ജില്ല)

താഴെ പറയുന്ന പദ്ധതി സംബന്ധിച്ച് സ്റ്റേറ്റ് ലവലിൽ എല്ലാ ടേബിളുകളും പൂർത്തിയായി. എത്രയുംവേഗം പ്രസിദ്ധീകരണത്തിനു വേണ്ടി പ്ലാനിംഗ് ബോർഡിൽ അയച്ചുകൊടുക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

1. ഇളംബൽ വയക്കൽ മണ്ണൊലിപ്പുനിവാരണ പദ്ധതി (കൊല്ലം ജില്ല)
2. ഏഴിമല ,, (കണ്ണൂർ ,, )
3. കുണ്ടാ ,, (അഞ്ചാം റൗണ്ട്) (പാലക്കാട് ജില്ല)

അട്ടപ്പാടി ട്രൈബൽ ഡവലപ്പ്മെൻറ് ബ്ലോക്കിൻെറ പ്രവർത്തനത്തെ സംബന്ധിച്ച് നടത്തിയ സർവേയുടെ റിപ്പോർട്ട് പ്രസിദ്ധീകരണത്തിനുവേണ്ടി ഗവൺമെൻറിനും ട്രൈബൽ ഡയറക്ടർക്കും അയച്ചുകൊടുത്തു.

## അദ്ധ്യായം ഒൻപത്

## പ്ലാനിംഗ്—ആസൂത്രണവിഭാഗം

1977–78 സാമ്പത്തിക വർഷത്തിലെ സാമ്പത്തിക സ്ഥിതിവിവര ബ്യൂറോയുടെ ആസൂത്രണ വിഭാഗം (പ്ലാനിംഗ്) ചെയ്തുതീർത്തതായ ജോലികളുടെ വിശദവിവരങ്ങൾ:

(എ) 1977–78-ലെ വാർഷിക പദ്ധതിക്കുവേണ്ടിയുള്ള അടങ്കൽ തുകകൾ തയ്യാറാക്കി സംസ്ഥാന ഗവൺമെൻറിലേക്കും, നടപ്പുവർഷത്തെ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള പ്ലാൻ-സ്കീമുകളെ കുറിക്കുന്ന സാങ്കേതിക വിവരങ്ങൾ തയ്യാറാക്കി കേന്ദ്ര സ്ഥിതിവിവര സംഘടനയ്ക്കും അയച്ചു കൊടുത്തു.

(ബി) 1977–78-ലെ പദ്ധതികൾക്കുള്ള പരിപാടികളെ നടപ്പാക്കുന്നതിൽ ബ്യൂറോ കൈവരിച്ചിട്ടുള്ള നേട്ടങ്ങളേയും കോട്ടങ്ങളേയും കുറിക്കുന്ന ഒരു ഏകീകൃത കുറിപ്പ് തയ്യാറാക്കി സംസ്ഥാന ഗവൺമെൻറിനു സമർപ്പിച്ചു.

(സി) തനതുവർഷത്തിൽ ബ്യൂറോയുടെ ഓരോ പ്ലാൻ–സ്കീമുകളുടേയും പ്രതിമാസച്ചെലവ്, ഭൗതിക പുരോഗതി തുടങ്ങിയ വിശദാംശങ്ങളടങ്ങിയിട്ടുള്ള കുറിപ്പുകൾ തയ്യാറാക്കി അതാതു മാസങ്ങളിൽ സംസ്ഥാന ചീഫ് സെക്രട്ടറി, പ്ലാനിംഗ് സെക്രട്ടറി, ഫൈനാൻസ് സെക്രട്ടറി തുടങ്ങിയവർക്ക് സമർപ്പിച്ചു.

(ഡി) ഇവയ്ക്കുപുറമെ, പദ്ധതികളിൻമേലുള്ള പരിപാടികളുടെ പുരോഗതിയെ കുറിക്കുന്ന ത്രൈമാസിക, അർദ്ധവാർഷിക കുറിപ്പുകൾ തയ്യാറാക്കി സംസ്ഥാന ഗവൺമെൻറിനും ബന്ധപ്പെട്ട കേന്ദ്ര സ്ഥിതി വിവര സംഘടനയ്ക്കും അയച്ചു.

(ഇ) 1977–78-ലെ സാമ്പത്തിക സ്ഥിതിവിവര ബ്യൂറോയുടെ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്ലാൻ സ്കീമുകൾ താഴെ പറയുന്നവയാണ്:

1. മെക്കാനിക്കൽ ടാബുലേഷൻ യൂണിറ്റ്.
2. സംസ്ഥാന സാമ്പത്തിക വരുമാനക്കണക്ക് യൂണിറ്റ്.
3. സംസ്ഥാന സാമ്പത്തിക വരുമാനക്കണക്ക്—എസ്റ്റിമേറ്റിൻെറ ആവശ്യത്തിലേക്ക് സ്റ്റാറ്റിസ്റ്റിക്കൽ മെഷിനറിയെ വിവിധ ഘട്ടങ്ങളിലായി വിപുലീകരിക്കൽ യൂണിറ്റ്.
4. വ്യാവസായികോൽപാദന സൂചിക തയ്യാറാക്കൽ യൂണിറ്റ്.
5. നിർമ്മാണ വ്യാപാര മേഖലകളിൽ ശമ്പളഘടനയെക്കുറിച്ചുള്ള സർവേ യൂണിറ്റ്.
6. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുന്നതിനുള്ള യൂണിറ്റ്.
7. സംസ്ഥാന തൊഴിൽരഹിതരെക്കുറിക്കുന്ന സർവേ യൂണിറ്റ്.
8. സംസ്ഥാന കാർഷിക സ്ഥിതിവിവരക്കണക്ക് സർവേ യൂണിറ്റ്.
9. ചട്ടപ്പടിയുള്ള മേൽത്തരം വിത്തുവിളസംബന്ധിച്ച് അന്വേഷണ യൂണിറ്റ്.
10. സംസ്ഥാന ജനസംഖ്യാ ശാസ്ത്രഗവേഷണ കേന്ദ്രം.
11. സംസ്ഥാന മാനുഷിക ശക്തിയാസൂത്രണ വിഭാഗം. (ഇത് കേന്ദ്ര പ്ലാനിംഗ് മോണിറ്ററി യൂണിറ്റും കൂടിയുള്ളതിൻെറ ഒരു ഭാഗമായി സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര ബ്യൂറോയിൽ സ്ഥിതിചെയ്യുന്നു. ഇതിൻെറ പ്ലാൻ പ്രൊവിഷൻ, സംസ്ഥാന സെക്രട്ടറിയേറ്റ് എക്കണോമിക്സ് സർവീസിൽ ഉൾപ്പെടുത്തിയിരിക്കുന്നു.)

### അദ്ധ്യായം പത്ത്

## പബ്ലിക്കേഷൻ ആൻറ് കോ-ഓർഡിനേഷൻ


പബ്ലിക്കേഷൻ ആൻറ് കോ-ഓർഡിനേഷൻെറ പ്രവർത്തനം മുൻകൊല്ലങ്ങളെപ്പോലെതന്നെ ബ്യൂറോയിലെ പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുന്ന പ്രവർത്തി തുടർന്നു.

ഈ വിഭാഗത്തിൽനിന്നും ഇക്കാലയളവിൽ പ്രോഗ്രസ് ഇൻ-ടു-ഡെകേഡ്സ് (1956-57 മുതൽ 1976-77) സ്റ്റാറ്റിസ്റ്റിക്സ് ഫോർ പ്ലാനിംഗ്, സ്റ്റാറ്റിസ്റ്റിക്കൽ ഹാൻഡ് ബുക്ക് ഓഫ് കേരള, മുൻസിപ്പൽ ഇയർ ബുക്ക്, റീസൻറ് സ്റ്റഡീസ് ബൈ ദി ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ്, കേരള എന്നീ ബുക്കുകൾ പ്രസിദ്ധീകരിച്ചു. കൂടാതെ സ്റ്റാറ്റിസ്റ്റിക്കൽ ആബ്സ്ട്രാക്റ്റ് കേരള ഇൻ മാപ്പ്സ്, കേരള എക്കണോമിക് പ്രോഗ്രസ് ഇൻ ഫിഗേഴ്സ് എന്നീ പുസ്തകങ്ങൾ അച്ചടിക്കുന്നതിനായി പ്രസ്സിൽ കൊടുത്തു കഴിഞ്ഞു.

കൂടാതെ, കേന്ദ്രഗവൺമെൻറിൻേറയും സംസ്ഥാന ഗവൺമെൻറിൻേറയും പല വകുപ്പുകൾക്കും സ്ഥിതിവിവരക്കണക്കുകൾ അയച്ചുകൊടുക്കുകയുണ്ടായി. രാജ്യത്തിനുപുറത്തുനിന്നുള്ള ഏജൻസികൾക്കും വിവരങ്ങൾ നൽകിയിട്ടുണ്ട്.

ഇതര ഡിപ്പാർട്ടുമെൻറുകളിൽ പ്രവർത്തിച്ചുവരുന്ന സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റുകൾ ശേഖരിച്ചുവരുന്ന സ്ഥിതിവിവരക്കണക്കുകളുടെ തോതും ഗുണവും മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഈ ഡിവിഷനിൽനിന്നും നൽകിവരുന്നു.

## BUREAU OF ECONOMICS AND STATISTICS
ORGANISATION CHART



72. A. Poornambal, Proprietor, Bhagy Enterprises, M. G. Road, Trivandrum
73. K. J. Cherian, Manager, Victory Book House, Muvattupuzha
74. M. C. Cherian, M.C.C. Book Depot, Chengannur
75. M/s Radha Stores, Shoranur
76. A. T. A. Musthafa, Musthafa Book Company, P.O. Payangad, Cannanore
77. S.M.C. Babu, Babu Brothers Book Depot, Alwaye-1
78. P. C. Cherian, St. Mary's Press and Book Depot, Changanacherry-1
79. R. Radhakrishnan Nair, Proprietor, Modern Books, Near Boat Jetty Road, Quilon
80. Smt. K. Thankamma, Contractor of K.G.'s Book Stall, Kottayam
81. M. A. Joseph, Proprietor, House of Knowledge, Publishers and Book Sellers, Round South, Trichur
82. V. Krishna Iyer, Retired R.T.O., T.C. 18/201, Valiachala, Trivandrum
83. C. I. Varghese, son of Chalissery Ittiachan, Central Book Stall, Palace Road, Trichur
84. New Ladies Fancy Centre, Mannarghat
85. T. V. Thomas Panicker, Indu Book Depot, Angamali P.O., Ernakulam
86. M. M. Varghese, Book Centre, West Nada, Guruvayur
87. K. J. Raphael, Santha Book Stall, Book Sellers and Stationery Merchants, G. B. Road, Sultanpet, Palghat
88. M/s Asoka Book Agency, 2/27, Roop Nagar, Delhi-7
89. M/s St. Joseph's Book Stall, Convent Square, Alleppey
90. V. G. Abraham, St. Thomas Press and Book Depot, Kozhencherry
91. N. Sadanandan, Proprietor, Sadananda Printers, Publishers and Book Sellers, P. O. Alathur, Palghat District
92. K. R. Sukumaran Nair, Sukumar Book Stall, T. C. 23/652, Thampanoor, Tvm.
93. P. Aravindakshan, Book Seller, Near Post Office, Kottakkal
94. M/s D. K. Book Organisations, 74-D, Anand Nagar, (Inderlok) Delhi-110035
95. M/s Ashok Trades, Book Sellers, Market Junction, Kottarakkara
96. R. Viswanathan, Viswanath Stores, P.O. Chelakkara, Trichur
97. M/s Vijnanabhavan Book Stall, Publishers & Book Sellers, Kayamkulam, Alleppey
98. N. Krishnan Nair, Edupadickal Puthen Veedu, Kattakkada P.O., Neyyattinkara Taluk
99. K. Mohanan, Proprietor, S.N.V. Press and Book Depot, Kottarakkara
100. M/s Students Centre, Ottappalam
101. T. G. Jacob, Pavoor House, Inchavila, Perinad, P.O. Quilon
102. Kallingal Ali, Ali Stores Badagara
103. P. Madhavan Nair, M. S. Book Depot, Main Road, Quilon
104. K. C. Balan Nair, Book , Opp. E.E.M.P. High School, T .cherry-1
105. C. Parameswaran Nair, Ceepees Books and Periodicals, Kaithamukku, T. C. 27/178, Trivandrum-24
106. K. T. Varkey, Sam Agencies, Ponkunnam
107. N. G. Raveendranathan Nair, Rajashree, Traders, P.O. Road, Perumbavoor
108. Jyothi Book Centre, Round West, Trichur
109. M. Subbain, Students Stores, Kesavadasapuram, Ulloor Village, Trivandrum
110 M. P. Rajendran the Proprietor of M/s Gift House, Convent Road, Badagara
111. A. P. Thankappan Nair, New College Book Stall, Book Sellers, Muvattupuzha-686 661
112. P. R. Rajasekharan, Sree Lakshmivilasam Book Depot, Broadway, Ernakulam
113. Pandarathodi Hamsa, s/o P. Hydru, The Proprietor, Premier Book Stall, Opposite Government Hospital, Manjeri Road, Malappuram
114. V. Ramakrishna Pillai, Proprietor, Raja Stores, Karunagappally
115. R. Radhakrishna Pillai, Kallidukkil Veedu, Chadayamangalam, Kottarakkara, Quilon District
116. N. E. Balakesavan, Proprietor, Modern Book Centre, Trivandrum
117. K. Vasu Pillai, Nalloor, Mani Mandiram, Kanjiracode, Kundara, Quilon
118. N. Bhoothalingam Pillai, Swamy Book Centre, Trivandrum
119. S. Parameswaran Namboodiri, Saradhi Book Dealers, Kottayam
120. M. M. Job, Book Centre, Ottappalam
121. Parishat Book Stall, Court Road, Manjeri
122. M/s General Papers, Perinthalmanna
123. M/s Sahitya Pravarthaka Co-operative Society, Kottayam, Proprietor of National Book Stalls
124. T. Kanaran, M/s Santha Store, Court Road, Tellicherry
125. A. Sreedharan, Kottuvallil Veettil, Cheravally Muri, Kayamkulam, owner of Sreedhar Binding Works and Book Depot, Kayamkulam
126. T. Mohammed Hussan, Vadakke Panayullathil Parambil Thiruvil, Ezhamkulam Village, Quilon
127. George Avokaran, Janatha Stores College Road, Trichur-1
128. Elsamma Joseph, Proprietor, Priya Store, Palai Road, Thodupuzha
129. N. Kumaran, Proprietor, Kumar Printers, Ottappalam
130. M. K. Sumathy, Proprietor, Wynad Book House, (MPV. 250), Down Bazar, Manantody
131. Kerala Cardamom Growers' Union, Giri Bhavan, Vandanmettu, Idikki District

## NAMES OF AGENTS APPOINTED FOR THE SALE OF GOVERNMENT PUBLICATIONS IN THE KERALA STATE

1. J. S. Paul and Sons, Cannanore
2. G. Vital Prabhu, News Agent, Manjeswar
3. K. R. Brothers, Calicut
4. Moulavi Book Depot, Kasargode
5. Kottayi Gopalan, Tellicherry
6. Touring Book Stall, Calicut
7. K. P. Ahamed Kunhi and Brothers, Cannanore
8. Pallipat Stores, Irinjalakuda
9. St. Joseph's Press, Perinthalmanna
10. George Press, Ottapalam
11. Travancore Law House, Ernakulam
12. P. K. Brothers, Calicut
13. M. V. John, Law Book Seller, New Civil Courts, Tellicherry
14. Manager, Higginbothams (Private) Ltd., Trivandrum
15. Current Books, Publishers and Book Sellers, Trichur
16. Educational Supplies Book Sellers, Publishers and Printers, Palghat
17. H. and C. Stores, Dealers in Books, Kunnamkulam
18. Manager, Reddiar Press and Book Depot, Trivandrum
19. K. Parameswaran Pillai, Stamp Vendor, Pulimoodu, Trivandrum
20. Educational Supplies Depot, Trivandrum
21. Jayachandra Book Depot, Chalai, Trivandrum
22. S. Subramonia Iyer, Book Seller and Stamp Vendor, Kazhakootam
23. S. Krishna Iyer, Stamp Vendor, Ayurveda College View, Trivandrum
24. N. Parameswaran Pillai, Alummoodu Veedu, Stamp Vendor, Kottarakkara
25. N. Neelakanta Iyer, Stamp Vendor, Padmavilasom Street, Fort, Trivandrum
26. The Manager, K. V. Press and Book Depot, Main Road, Attingal
27. K Bhaskaran Nair, News Agent, Trivandrum
28. The Proprietor, Kerala Book House, Cranganore
29. K. K. Raghava Menon, Popular Book Depot, Cranganore
30. C. M. Book Stall, Publishers, Parayil, Kunnamkulam
31. A. Jose, Proprietor, S. V. Press and Book Depot, Neyyattinkara
32. N. Paramanandam, Proprietor, Ambika Press and Book Depot, Neyyattinkara
33. The New Order Book Company, Ellis Bridge, Ahmedabad
34. Pai and Company, Broadway, Ernakulam
35. S. Hariharakrishna Iyer, Vinayaka Book Stall, Pazhavangadi, Trivandrum
36. K. P. Gopalan, Swaraj Book Stall, Court Road, Quilandy
37. Ambat Sekhara Menon, Proprietor, Menon Stores, Chittur-Cochin
38. M. I. Abraham, News Agent and Book Seller, Punalur P.O.
39. K. G. Thomas, K. V. Book Depot, Chengannur
40. C. L. Joseph, The National Stores, Thana, Irinjalakuda
41. N. Krishnamoorthy, Merchant, Manantoddy
42. T. I. Joseph and Sons, Prakasom Press and Book Depot, Irinjalakuda
43. P. Radhakrishna Pillai, Sivavilasom, Kizhakkekara, Kottarakara
44. Vidyarambham Press and Book Depot (P) Ltd., Mullakkal, Alleppey
45. K. S. Kumara Pillai, Sreekumar Stores, Nedumangad
46. E. K. John, Stamp Vendor, c/o Popular Trading Co., Kottayam
47. The Mahatma Press, Palace Road, Trichur
48. P. K. Chacko, Proprietor, Peekaycee Trades, Kottayam
49. Janatha Book Stall, Near P.M.G's Office, Trivandrum
50. The Secretary, Govt. Servants Co-operative Society Ltd., No. A208, Alleppey
51. The Manager, St. Thomas Press, Palai
52. The National Stores, Cannanore
53. N. Chellappan Pillai, Narayana Press and Book Stall, Attingal
54. K. Kunhambu, Bharath Printing Press, Kanhangad (P.O.), Cannanore
55. Kozhy P. John, Vidyarthy Mithram Press and Book Depot, Kottayam
56. Y. Habeebulla, Proprietor, New Book Centre, Near Collectorate, Quilon
57. Vijayakumar Jain, Prabhu Book Service, Gurgoan, Hariyana
58. Haji Abdul Rahiman Sait, Merchant, Kesavadasapuram, Trivandrum-4
59. M. Balan Manager, City Book Stall, R. S. Road, Ottappalam
60. K. Kunhiraman, Manager, Jaya Stores Vazhuthacaud, Trivandrum
61. P. N. Narayana Pillai, M. N. Printers, Adoor
62. V. M. Noohu, Book Seller, Ansari Book Stall, Nilamel
63. A. Narayanan Potti, Book Seller, Near Civil Station, Quilon-9
64. Guru Book Stall, Palayam Road, Calicut
65. G. Prabhakaran Nair, Manager, Premier Book House, Muvattupuzha
66. Manager, Desabhimani Book House, M. G. Road, Trivandrum-1
67. K. V. Devassy, Manager, Perinthalmanna Printing Works, Perinthalmanna
68. K. Bhaskara Pillai, Prahla Book Depot, Attingal P.O.
69. K. A. George, Proprietor, Students Stores 74/XII Sub Jail Road, Alwaye
70. V. K. N. Pillai, Polayil Veedu, Manayil kulangara, Quilon-12
71. V. Gopinathan Nair, Book Seller, Kacheri Junction, Nedumangad

(Continued on inside cover